# അഞ്ജലി തീർത്ഥം | Author : Achu Raj

എന്റെ കുരുതിമലക്കാവ് , ആരാണ് തെറ്റുക്കാർ എന്ന കഥകൾക്ക് നിങ്ങൾ നൽകിയ വിലയേറിയ പ്രോത്സാഹനങ്ങളാണ് എന്നെ വീണ്ടും എഴുതാൻ പ്രേരിപ്പിക്കുന്നത്...

മുന്നേയുള്ള രണ്ടു കഥകളിൽ നിന്നും വ്യത്യസ്തമായ ഒരു പരീക്ഷണമാണ് ഈ കഥ.. എത്രത്തോളം ശേരിയാകുമെന്നത് അറിയില്ല.... തീരെ പരിചിതമല്ലാത്ത ഒരു മേഖലയിലേക്കുള്ള ചുവടുവെപ്പാണ് ...എങ്കിലും നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങൾക്കും നിർദേശങ്ങൾക്കും വേണ്ടി കാത്തിരിക്കുന്നു...

"ചേട്ടാ പൊന്നാരം കുന്നിലേക്ക് പോകണം"

"പൊന്നാരം കുന്നെന്നു പറയുമ്പോൾ ദൂരം കുറേയുണ്ട് മാത്രമല്ല മടക്കം കാലിയടിച്ച് വരേണ്ടി വരും അതൊരു കുഗ്രാമമാണ് അറനൂറു രൂപയാകും"

"അത് കുഴപ്പമില്ല "

"എന്നാ കയറിക്കോ"

പാലക്കാട് റെയിൽവേ സ്റ്റേഷനിൽ നിന്നും ആ ഓട്ടോ ഹരിയും കൊണ്ട് പതിയെ റോഡിലേക്ക് കടന്നു...

ആശ്വാസത്തിന്റെ നെടുവീർപ്പിട്ടുകൊണ്ട് ഹരി ആ ഓട്ടോയുടെ പിൻ സീറ്റിൽ ചാരിയിരുന്നു...

ആദ്യമാണ് ഹരി കേരളത്തിൽ പക്ഷെ തീർത്തും ആദ്യം എന്ന് പറയാൻ ആകില്ല ഹരി ജനിച്ചതും ഒന്നര വയസു വരെ വളർന്നതും ഇവിടെ പൊന്നാരം കുന്നിലാണ...

പാലക്കാട് നിന്നും കുറച്ചകലെ ഗ്രാമീണതയുടെ വസന്തത്തിൽ നാഗരീകതയുടെ വരവറിയാതെ പച്ചപ്പും സൌന്ദര്യവും ഉള്ള നാട് അതാണ് പൊന്നരകുന്നു....

ഹരി ഇപ്പോൾ അമേരിക്കയിൽ നിന്നാണ് വരുന്നത് വിമാനം ഇറങ്ങിയത് അങ്ങ് നെടുംബാശേരിയിലാണ് അവിടെ നിന്നും വഴി അറിയാതെ എങ്ങനോക്കെയോ ട്രെയിൻ പിടിച്ചു പാലക്കടെത്തി...

അവിടെ വന്നു ഓട്ടോ പലതു ചോദിച്ചെങ്കിലും ആരും വരാൻ തയ്യാറല്ല ദൂരം കൂടുതലും മടക്കം വരുമ്പോൾ കാലി വരണം എന്നത് തന്നെയാണ് എല്ലാവരുടെയു,പ്രശ്നം...

ഇയാളെങ്കിലും സമ്മതിച്ചല്ലോ ഹരിക്ക് ആശ്വാസമായി.. അവൻ പുറത്തെ കാഴ്ചകളിലേക്ക് കണ്ണും നട്ടു ഇരുന്നു...

ഉച്ച സമയം ആയതിനലാവം എങ്ങും അധികം ആളുകൾ ഇല്ല... വാഹനങ്ങളും പൊതുവേ കുറവാണു... അങ്ങിങ്ങായി ചില കടകൾ മറ്റുള്ളവയെല്ലാം ഉച്ച ഭക്ഷണത്തിനായി അടച്ചിരിക്കുന്നു..

ഓട്ടോ ആ നഗരത്തെ താണ്ടി കൊണ്ട് പാഞ്ഞു പോയി.. ഹരിയുടെ ചിന്തകൾ അല്പം പുറകോട്ടും...

ഹരി എന്ന ഹരി പ്രസാദ് പേരുകേട്ട മുല്ലശ്ശേരി തറവാട്ടിലെ പ്രസാദ് മേനോന്റെ ഏക് മകനാണ്... പ്രസാദ് മേനോൻ ഇപ്പോൾ കുടുംബ സമേതം അമേരിക്കയിലാണ് അവിടെ വലിയ ബിസിനെസ്സ് ആണു പ്രസാദിന്... ഹരിക്ക് ഒരു അനിയത്തി കൂടി ഉണ്ട് ഹർഷ... ഹരിക്ക് പ്രായം ഇരുപത്താറും അനിയത്തിക്ക് ഇരുപത്തി രണ്ടും...ഹരിയുടെ അമ്മ ഹെമലെത അമേരിക്കയിലെ ഒരു ഇന്റർ നാഷണൽ സ്കൂൾ ടീച്ചർ ആണു...

സന്തുഷ്ട കുടുംബം... പണ്ട് ഇവിടെ നിന്നും പ്രസാദും കുടുംബവും അമേരിക്കയിലേക്ക് പാലായനം ചെയുമ്പോൾ ഹരിക്ക് ഒന്നര വയസു മാത്രമാണ് പ്രായം നാട്ടിൽ തന്നെ കണക്കില്ലാത്ത സ്വത്തു

ഉണ്ടായിട്ടും അമേരിക്ക എന്ന നാഗരീകത പ്രസാദിനെയും കുടുംബത്തെയും അവിടെ പിടിച്ചു നിർത്തി...

നേരത്തെ അച്ഛനമ്മമാർ മരിച്ചുപ്പോയ പ്രസാദിന് കുടുംബം എന്ന് പറയാൻ അങ്ങനെ ആരും തന്നെ ഉണ്ടായിരുന്നില്ല,,,,, അതുകൊണ്ട് തന്നെ അകന്ന ബന്ധത്തിൽ ഉള്ള കുറച്ചു ബന്ധുക്കൾ മാത്രമാണ് അവനു കൂട്ടായി ഉണ്ടായിരുന്നത്.. ആ നന്ദിയും കടപ്പാടും കൊണ്ട് അമേരിക്കയിലേക്ക് പോയ സമയത്ത് ആ മൂന്നു ജെഷ്ടാനിയന്മാർക്ക് പ്രസാദ് തന്റെ നാട്ടിലെ തറവാട്ടിൽ താമസിക്കാൻ അനുവാദം കൊടുത്തതും അളവറ്റ സ്വത്തുക്കൾ നോക്കി നടത്താനുള്ള അധികാരം ഏൽപ്പിച്ചതും..

അങ്ങോട്ടേക്കാണ് ഹരിയുടെ ഇപ്പോളത്തെ യാത്ര... അമരിക്കയിൽ സോഫ്റ്റ് വെയർ എഞ്ചിനീയറിംഗ് കഴിഞ്ഞു അല്ലറ ചില്ലറ ജോലികളും അല്പം കൂട്ട് കെട്ടുമായി ജീവിച്ചു പോന്ന ഹരിക്ക് പക്ഷെ അച്ഛന്റെ ഈ തീരുമാനും തീർ ബോധിച്ചില്ല..

ഒന്നാമത്തെ കാര്യം അമേരിക്ക പോലെ ഒരു മായ നഗരം വിട്ടു ഇന്ത്യ പോലുള്ള ഒരു വികസ്വര രാജ്യത്തേക്കുള്ള വരവ് അതിനേക്കാൾ ഉപരി ഒരു മാസം നില്ക്കാൻ പോകുന്നത് പട്ടണത്തിന്റെ ചൂടും ചൂരും എത്താത്ത ഒരു ഉൾനാടൻ ഗ്രാമത്തിൽ ,,,

എന്ത് ചെയ്യാം അച്ഛനെ അനുസരിക്കാതെ വേറെ വഴിയില്ലല്ലോ...തറവാട്ടിൽ ആരൊക്കെയാണ് എന്തൊക്കെയാണ് അവരെ ഒക്കെ എന്തു വിളിക്കണം എന്നതെല്ലാം അവനു അവ്യക്തമാണ്....

അമ്മ പറഞ്ഞുകൊടുത്ത അറിവലാതെ അവരെ ഒന്ന് കണ്ടു പരിചയം പോലും അവനില്ല... പിന്നെ ജനസ്‌തലമല്ലേ അവിടുള്ള അമ്പലത്തിൽ ഉരുളി കമഴ്ത്തിയാണ് താൻ ജനിച്ചത് ആ അമ്പലത്തിൽ കുളിച്ചു തൊഴൽ അമ്മയുടെ ഇമോഷണൽ ബ്ലാക്ക് മെയിലിംഗ് കൂടി ആയപ്പോൾ പെട്ടിയുമെടുത്ത് വിട്ടതാണ്..

താൻ വരുന്ന കാര്യം വിളിച്ച പറഞ്ഞതാണ് അച്ഛൻ പക്ഷെ തറവാട്ടിൽ നിന്നും ആരെയും കണ്ടില്ല എയർപോർട്ടിൽ അതുകൊണ്ടാണ് താൻ ഇപ്പോൾ ഈ ഓട്ടോയിൽ ഇരിക്കേണ്ടി വന്നത്....

പെട്ടന്ന് വലിയൊരു കല്ലിൽ തട്ടി വണ്ടി ഒന്നുലഞ്ഞു... ഹരി സ്വപനത്തിൽ നിന്നും..

“എന്താ ചേട്ടാ എന്ത് പറ്റി:

ഹരി ആകാംക്ഷയോടെ ഓട്ടോ ഡ്രൈവറോട് ചോദിച്ചു..

“എന്ത് പറ്റാൻ അറിയത്തിലെ എന്താ സംഭവിച്ചെന്നു പിന്നെ എന്നെ ഒരു പുതിയ ചോദ്യം”

കണ്ണാടിയിൽ കൂടി ഹരിയെ നോക്കികൊണ്ട് അയാൾ അത് ചോദിച്ചപ്പോൾ ഒന്നും മനസിലാകാത്തവനെപ്പോലെ ഹരി ഇരിക്കുന്നത് കണ്ട ഓട്ടോ ഡ്രൈവർ വണ്ടി അൽപ്പം സൈഡിൽ ആയി ചാരി നിർത്തി

“അല്ല മോൻ എവിടുന്ന കേരളത്തിൽ ആദ്യമായാണ് എന്നത് ആ ഇരിപ്പ് കണ്ടപ്പോൾ മനസിലായി”

വളരെ അലോസരമായ അയാളുടെ ചോദ്യം കേട്ട ഹരി ശെരിക്കും അത്ഭുതപെട്ടു ഇയാൾക്കെങ്ങനെ മനസിലായി ഞാൻ കേരളത്തിൽ ആദ്യമായാണെന്ന്..

“അതെ ചേട്ടാ ഞാൻ ഇവിടെ ഇന്ത്യയിൽ തന്നെ ആദ്യമാ... ഞാൻ അങ്ങ് അമേരിക്കയിന്നു വരുവ ഇവിടെ ജന്മ നാട്ടിലേക്ക് പോകുവാണു ഞാൻ”

ഹരിയുടെ വാക്കുകൾ കേട്ട ഓട്ടോ ഡ്രൈവർ കൗതുക പൂർവ്വം അവനെ നോക്കി... കൊള്ളാം അമേരിക്കകാരൻ... ഓട്ടോ ഡ്രൈവറുടെ കണ്ണു വലുതാകുന്നത് കണ്ട ഹരിക്ക് ചിരി വന്നു..

“അല്ല ചേട്ടന് എങ്ങനെ മനസിലായി ഞാൻ കേരളത്തിൽ ആദ്യമായാണ് എന്നത്?”

കൗതുകപൂർവ്വം ഹരി അത് ചോദിച്ചപ്പോൾ ഓട്ടോ ഡ്രൈവർ വണ്ടി വീണ്ടും മുന്നോട്ടു എടുത്തുകൊണ്ടു പറഞ്ഞു

“മോനെ കേരളത്തിലെ ആളുകൾക്ക് ഈ കുഴിയിലും കുണ്ടിലും ചാടിയുള്ള സവാരിയാണ് ശീലം അത് പരിചയമില്ലാത്തവർ മാത്രവേ മോൻ ചോദിച്ചപ്പോലെ ചോദിക്കുകയുള്ളൂ... അലാത്തവർ ഇപ്പോൾ ഭരിക്കുന്ന സർക്കാരിനെ കുറ്റം പറഞ്ഞുകൊണ്ടേയിരിക്കും”

ഡ്രൈവർ അത് പറഞ്ഞു ചിരിച്ചപ്പോൾ ഹരിയും കൂടെ ചിരിച്ചു... അവരുടെ യാത്ര വീണ്ടും തുടർന്നു...

ഒരു അന്യ നാട്ടുക്കാരനെ കാണുമ്പോൾ മലയാളിയുടെ പതിവ് ശൈലി ആയ മറ്റുള്ളവരെ കുറിച്ച് കുറ്റം പറയലും സ്വന്തം പ്രാരാപ്തങ്ങളുടെ കേട്ടഴിച്ചുവിടലും എല്ലാം ഹരിക്ക് ആദ്യത്തെ അനുഭവങ്ങൾ ആയിരുന്നു...

ഓട്ടോ കാരന്റെ വിശേഷങ്ങൾ കേട്ടുകൊണ്ട് ഹരി ഇരുന്നു .. ഓട്ടോ ഒരു ഗ്രാമ പ്രേദേശത്തെക്ക് എത്തി... ചെറിയ വീതി കുറഞ്ഞ റോഡ് ഇരു വശങ്ങളിലുമായി നിറയെ വയൽ ... ചെറിയ വഴിയിലൂടെ അൽപ്പം കൂടി ഓടിയ ഓട്ടോ ആളൊഴിഞ്ഞ ഒരു ചെറിയ ചായ കടക്കു മുനിൽ എത്തി നിന്നു,,,

“മോനെ ഇതാണ് പൊന്നാരം കുന്നു ഇനി എങ്ങോട്ടാണ് പോകേണ്ടത്”

ഹരിക്കും അത് നിശ്ചയമുണ്ടായിരുന്നില്ല..അവൻ അത് ഓട്ടോ ഡ്രൈവറോട് പറഞ്ഞപ്പോൾ അയാൾ ഇറങ്ങി ആ ചായ കടയുടെ അടുത്തേക്ക് നടന്നു...

“ചേട്ടാ ഇവിടെ ഈ മുല്ലശ്ശേരി തറവാട് എവിടെയാണ്”?

മെലിഞ്ഞുണങ്ങി കൈലി മുണ്ടും ഒരു വെളുത്ത ബനിയനും ചുമലിൽ ഒരു കീറിയ തോർത്ത്, ഇട്ടുകൊണ്ട് ദാരിദ്ര്യാവസ്ഥ വിളിചോതുന്ന ആ ചായ കടക്കാരൻ അയാൾക്ക് മറുപടി പറയാൻ എന്നവണ്ണം കടയിൽ നിന്നും പുറത്തേക്കു വന്നു...

ഹരി ഓട്ടോയിൽ തന്നെ ഇരിക്കുകയാണ്...

“നടന്നു പോകാൻ ആണെങ്കിൽ ദാ ആ പാടവരമ്പിലൂടെ അഞ്ചു മിനിറ്റു നടന്നാൽ മതി അല്ല വണ്ടിക്കു പോകണമെങ്കിൽ അൽപ്പം കൂടി മുന്നോട്ടു പോയാൽ വലതു വശത്തേക്ക് ഒരു ചെറിയ വഴി കാണാം അത് നേരെ ചെല്ലുന്നത് തറവാട്ടിലെക്കാ... ആരാ എവിടുന്നാ?”

ചായ് കടക്കാരന്റെ ചോദ്യം വന്നു...അതിനു മറുപടി പറയാനായി ഒരുങ്ങുമ്പോൾ അയാളുടെ ഫോൺ ബെല്ലടിച്ചു...

“ഹലോ,,, ഹലോ ഹാ പറയെടി... ആണോ ശെരി ശെരി നീ വേഗം ഹോസ്പിറ്റലിൽ പോയിക്കോ ഞാൻ ഉടനെ എത്താം”

ഡ്രൈവറുടെ ഫോൺ സംഭാഷണം കേട്ട ഹരി ഓട്ടോയിൽ നിന്നിറങ്ങി...ഹരിയെ കണ്ട ചായ കടക്കാരൻ മുഖ പരിചയം എന്ന വസ്തുത മനസിൽ ഓർത്തുകൊണ്ട് ഹരിയെ തന്നെ നോക്കി...

“എന്താ ചേട്ടാ എന്ത് പറ്റി?”

വിഷമത്തിൽ നിൽക്കുന്ന ഓട്ടോ ഡ്രൈവറോട് ഹരി ചോദിച്ചു...

“മോനെ എന്റെ ഭാര്യയാണ് വിളിച്ചത് മോളെ സ്കൂളിൽ നിന്നും തലക്കറങ്ങി ആശുപത്രിയിൽ കൊണ്ട് പോയി എന്ന് പറഞ്ഞു ഫോൺ വന്നുന്നു...തറവാട്ടിലേക്കുള്ള വഴി കുറച്ചു കൂടെ ഉണ്ട് പക്ഷെ”

അയാളുടെ നിസാഹയാവസ്ഥ മനസ്സിലാക്കിയ ഹരി അയാളെ ആശ്വസിപ്പിച്ചു കൊണ്ട് പറഞ്ഞു..

“ചേട്ടൻ പൊയ്ക്കൊള്ളും ഇവിടെ നിന്നും നടക്കാനുള്ള ദൂരമല്ലേ ഉള്ളു ഞാൻ നടന്നു പോകാം ചേട്ടൻ വേഗം ഹോസ്പിറ്റലിൽ പോകാൻ നോക്കു”

തന്റെ പോക്കറ്റിൽ നിന്നും ആയിരം രൂപ അയാൾക്ക് നേരെ നീട്ടികൊണ്ട് ഹരി പറഞ്ഞു..

“അയ്യോ കുഞ്ഞേ ചില്ലറ ഇല്ലാലോ ബാക്കി തരാൻ”

“ചേട്ടൻ വച്ചോളു ഞാൻ ഇനി പാലക്കാട് വരുമ്പോൾ ബാക്കി മേടിക്കാം ഇപ്പോൾ ഇതുകൊണ്ട് ചേട്ടന് ആവശ്യം ഉണ്ട് “

ഹരി അത് പറഞ്ഞുകൊണ്ട് അയാളുടെ കൈകളിൽ ആ കാഷ് ഏൽപ്പിക്കുമ്പോൾ ഹരിയുടെ നല്ല മനസിനെ നന്ദിയോടെ സ്മരിച്ചുകൊണ്ട് അയാളുടെ കണ്ണുകൾ ഈറനണിഞ്ഞു...

വേഗത്തിൽ തന്നെ ഓട്ടോ എടുത്തു അയാൾ പോകുന്നതും നോക്കി ഹരി നിന്നു...

“അല്ല ആരാ എവിടുന്നാ “

ചായ കടക്കാരന്റെ ചോദ്യം ഹരിയെ ചിന്തകളിൽ നിന്നും ഉണർത്തി...

“ഞാൻ ഹരി ഇവിടെ മുല്ലശ്ശേരി തറവാട്ടിലേക്ക് വന്നതാണ്...പ്രസാദ് മേനോന്റെ മകനാണ്”

അത്രയും പറഞ്ഞു കഴിഞ്ഞപ്പോളെക്കും തോളിൽ ഇട്ട തോർത്ത് അരയിൽ കെട്ടി ആദിത്യ ഭാവത്തിനു അടിമയുടെ കൂപ്പു കൈ എന്ന മട്ടിൽ ചായ കടക്കാരൻ നിന്നു..

“അയ്യോ മേനോൻ സാറിന്റെ മകനാണോ വരുന്നെന്നു കേട്ടിരുന്നു പക്ഷെ ഓട്ടോയിൽ വന്നതുകൊണ്ടാണ് ആരാണ് എന്ന് ചോദിച്ചത്... ഞാൻ നാണു ഈ കടയൊക്കെ മോന്റെ അച്ഛന്റെ വകയാണ് അദ്ധേഹത്തിന്റെ കാരുണ്യമാണ് ഞാനും എന്റെ കുടുംബവും”

അയാൾ നിറകണ്ണുകളോടെ അത് പറയുമ്പോൾ തന്റെ പിതാവിന്റെ വിശാല മനസിനെ ഹരി സന്തോഷപൂർവ്വം സ്മരിച്ചു

“അല്ല കുഞ്ഞിനപ്പോൾ കാർ ... കാര്യസ്ഥൻ കൃഷ്ണനെ തറവാട്ടിന്നു അങ്ങോട്ടയചിരുന്നല്ലോ?”

സംശയത്തോടെ ആലോചനാഭാവത്തിൽനാണു പറഞ്ഞു..

“ഞാൻ ആരെയും കണ്ടില്ല.... ഞാനിവിടെ ആദ്യമാണ് എങ്ങനോക്കെയോ ഇത്രയും എത്തി..”

അൽപ്പം നീരസതോടെയാണ് ഹരി അത് പറഞ്ഞത്... മോൻ ഒന്ന് കൊണ്ടും പേടിക്കണ്ട നീ അവിടെ ചെന്നിരങ്ങുന്നതുമുതൽ നിന്റെ കാര്യങ്ങൾ എല്ലാം നോക്കാൻ ഒരു പാട് പെരുണ്ടാകുന്നു പോരുന്നതിനു മുന്നേ അച്ഛൻ പറഞ്ഞതാ എന്നിട്ട് ഇപ്പോളോ ഹരി സ്വയം മനസിൽ ചോദിച്ചു..

“ഹാ കൃഷ്ണനെ അങ്ങോട്ട് വിട്ടപ്പോളെ ഞാനിത് പ്രേതീക്ഷിച്ചതാ... ഒരു കാര്യ വിവരവും ഇല്ലാത്ത ഒരു കാര്യസ്ഥനാ കുഞ്ഞേ അത്... സാരമില്ല എന്നായാലും കുഞ്ഞിങ്ങു വന്നല്ലോ വരൂ ഞാൻ തറവാട്ടിലാക്കാം”

ഹരിയുടെ കൈയിൽ നിന്നും ബാഗ് വാങ്ങിക്കുമ്പോൾ അത് തടഞ്ഞു കൊണ്ട് വഴി മാത്രംപറഞ്ഞാൽ മതി  ഞാൻ പൊയ്ക്കോളാം എന്ന് പറഞ്ഞു ഹരി ബാഗ് തിരികെ വാങ്ങാൻ ശ്രമിച്ചപ്പോൾ നാണു വളരെ അധികം വിനയഭാവത്തോടെ പറഞ്ഞു..

“ആഹാ നല്ല കഥയായി ഞങ്ങളുടെ മേനേൻ സാറിന്റെ മകൻ വന്നിട്ട് തറവാട് വരെ ആക്കാതെ ഞാൻ ഇവിടെ നിൽക്കെ... കുഞ്ഞേ ഈ കാണുന്നതെല്ലാം കുഞ്ഞിന്റെ അച്ചന്റെ കാരുണ്യമാണ് അങ്ങനെയുള്ള അദ്ദേഹത്തിന് ഞാൻ ഇതുവരെ ഒന്നും തിരികെ നൽകിയിട്ടില്ല കുഞ്ഞു വരൂ”

വീണ്ടും കണ്ണുകളിൽ കണ്ണീർ പൊഴിച്ചുകൊണ്ട് ഹരിയുടെ കൈയിൽ നിന്നും ബാഗ് വാങ്ങി നാണു മുന്നിൽ നടക്കുമ്പോൾ ഗ്രാമത്തിലെ ജനങ്ങളുടെ നിഷകളങ്ക മനസിനെ ഹരി സന്തോഷപൂർവ്വം നോക്കി..

റോഡിൽ നിന്നും അൽപ്പം താഴെയായുള്ള പാടവരമ്പിലൂടെ ഹരി നാണുവിനൊപ്പം നടന്നു... തെന്നി വീഴാതെ സൂക്ഷിക്കണം എന്ന നാണുവിന്റെ ഉപദേശം ഹരി ശിരസാ വഹിച്ചു...

ഉച്ചവെയിൽ അൽപ്പം താഴ്ന്നു നിൽക്കുന്നു... പച്ചപ്പ് വിരിച്ചു നിൽക്കുന്ന കണ്ണെത്താ ദൂരത്തെ വയലിന്റെ ഭംഗി.... കിളികൾ കല പില കൂട്ടി പറന്നു നടക്കുന്നു...

എങ്ങും ഗ്രാമീണതയുടെ ഗന്ധം... പ്രകൃതിയുടെ ശാലീനത.. ഹരിക്ക് എല്ലാം ഇഷ്ട്ടമായി.. ഇങ്ങോട്ട് വരുമ്പോൾ ഉള്ള ഹരിയുടെ മനസു ഇതെല്ലം കണ്ടപ്പോൾ മുഷിപ്പിൽ നിന്നും സന്തോഷത്തിലേക്ക് വഴിമാറി നിന്നു...

അൽപ്പം കൂടി മുന്നോട്ടു നടന്നു കഴിഞ്ഞു തിരിഞ്ഞു നിന്നുകൊണ്ട് നാണു പറഞ്ഞു..

“ദാ ആ കാണുന്നതാണ് തറവാട്.... ഈ വയലെല്ലാം മേനോൻ സാറിന്റെയാ... കുറെ എല്ലാം പാട്ടത്തിനു കൊടുത്തേക്കാ... വേറെയും ഉണ്ട് ... മരത്തടി മിൽ...പൈസയൊക്കെ കടം കൊടുക്കുന്ന എന്തോ ഒരു സ്ഥാപനമില്ലേ അത്”

ഫിനാൻസ് കമ്പനി ആണു നാണു ഉദ്ദേശിച്ചത് എന്ന് ഹരിക്ക് മനസിലായി... നാട്ടിലെ സ്വത്തു വിവരങ്ങളൊന്നും ഹരിക്ക് അറിയില്ല അവനിതുവരെ അതൊന്നും അച്ഛനോട് ചോദിച്ചിട്ടില്ല..

നാണു കൈ ചൂണ്ടിയിടതെക്ക് ഹരി നോക്കി.. വലിയൊരു പടികെട്ടും അതികത്തു കൂടി കാണുന്ന പ്രതാപം വിളിച്ചോതുന്ന വലിയൊരു കൊട്ടാര സമാനമായ് തറവാടും..

പടിപ്പുരയുടെ വലതു വശത്തെ തൂണിൽ മുല്ലശ്ശേരി എന്നെഴുതി വച്ചിരിക്കുന്നത് പടിക്കെട്ടുകൾ കയറി അകത്തേക്ക് പ്രവേശിക്കുമ്പോൾ ഹരി വായിച്ചു..

പടിക്കെട്ടുകൾ പിന്നിട്ടു ഹരി നാണുവിന് പിന്നിലായി മുല്ലശ്ശേരി തറവാടിന്റെ മുറ്റത്തേക് പ്രവേശിച്ചു....

തന്റെ ജനമസ്ഥലം ഹരി മനസിൽ ഓർത്തു... അതല്ലങ്കിലും ഏതു നാട്ടിൽ വളർന്നാലും സ്വന്തം ജനനസ്ഥലം എല്ലാ ആളുകളുടെയും മനസിൽ ഉണ്ടാക്കുന്ന ആ പേരറിയാത്ത വികാരം അതിന്റെ വേലിയേറ്റങ്ങൾ ഹരിയിലുമുണ്ടായി ...

വലിയ തറവാടാണ് മുല്ലശ്ശേരി... എങ്ങും വളർന്നു നിൽക്കുന്ന വലിയ വലിയ മരങ്ങൾ ആ തറവാട്ടിൽ എന്നും ഏതു വെയിലിലും തണലേകി...

മുറ്റം നിറയെ ചെടികളും മറ്റും ധാരാളം ഉണ്ട്.. അങ്ങിങ്ങായി ചിതറി കിടക്കുന്ന വെളുത്ത ചെറിയ ഇതളുകളോട് കൂടിയ പൂക്കൾ...അതിനടുത്തായി ഉള്ള ഒരു ഷെഡ് അത് അടച്ചിട്ടിരിക്കുകയാണ്..

ഹരിക്കെലാം പുതുമ നിറഞ്ഞതായിരുന്നു..

“നാരായണൻ നായരെ”

നാണുവിന്റെ നീട്ടിയുള്ള വിളി ഹരിയുടെ കാൽപനിക കാലത്തേക്കുള്ള യാത്ര താൽകാലികമായി അവസാനിപ്പിച്ചു..

നാണുവിന്റെ വിളി കേട്ട് രണ്ടു ആൺ വർഗ്ഗവും ഒരു പെൺ വർഗവും പൂമുഖത്തേക്ക് വന്നു.... അവർ ഹരിയെ നോക്കി..

“ഈശ്വരാ എന്റെ കുഞ്ഞിങ്ങേത്തിയോ “

സ്നേഹത്തോടെ ഉള്ള ആ സ്ത്രീ ശബ്‌ദം വേഗത്തിൽ ഹരിയുടെ അടുത്തേക്ക് പാഞ്ഞു വന്നപ്പോൾ അവർക്ക് പിറകിലായി വന്ന പുരുഷ കേസരികളെയും കണ്ട ഹരി അന്തം വിട്ടു നിന്നു... ആരൊക്കെ എന്തൊക്കെ എന്ന ചോദ്യങ്ങൾ ഹരിയുടെ മനസിൽ ഉയർന്നു കൊണ്ടിരുന്നു....

“നല്ല കാര്യസ്ഥനേയ കുഞ്ഞിനെ കൂട്ടാൻ അയച്ചത്.... കുഞ്ഞു വളരെ കഷ്ട്ടപ്പെട്ടാണ് ഇവിടെ വരെ വന്നത്... കടയുടെ മുന്നിൽ ഓട്ടോയിൽ വന്നിറങ്ങി ഡ്രൈവർ വഴി ചോദിച്ചപോഴാണ എനിക്ക് മനസിലായത്...”

നാണു താൻ ചെയ്ത കാര്യം എന്തോ വലിയ ഗമയിൽ തന്നെ പറഞ്ഞു..

“അയ്യോ എന്റെ കുഞ്ഞു ഓട്ടോരിക്ഷയിലാണോ വന്നത്... പാവം ... നിങ്ങളോട് അപ്പോളെ ഞാൻ പറഞ്ഞതാ കുഞ്ഞിനെ കൂട്ടാൻ എയർ പോർട്ടിലേക്ക് പോകാൻ ഇപ്പോൾ കണ്ടില്ലേ”

ഹരിയുടെ തലമുടിയിൽ തഴുകികൊണ്ട് അവന്റെ കൈകൾ പിടിച്ചുകൊണ്ടു അൽപ്പം ദേഷ്യഭാവത്തിൽ പുറകിൽ നിന്ന പുരുഷ കേസരികളോട് അത് പറയുമ്പോൾ അവരുടെ മുഖം അൽപ്പം ഭയത്തിലേക്ക് വീണു..

“അതിപ്പോ നമ്മൾ അറിഞ്ഞില്ലല്ലോ ആ കൃഷ്ണൻ ഇങ്ങനെ കാണിക്കുമെന്നു അല്ല എന്നിട്ട് അയാളിപ്പോൾ എവിടാണാവോ “

ആദ്യ പുരുഷ കേസരിയുടെ ശബ്‌ദം വന്നു...

“ഓ ഇനി അയാളെ അന്വേഷിക്കാത്ത കുറവേ ഉള്ളു.... മോനെ എന്താ ഇങ്ങനെ നിൽക്കുന്നെ ബാ അകത്തേക്ക് വാ... മോന് ഞങ്ങളെയൊന്നും പരിചയം കാണില്ല എന്നറിയാം ഞാൻ പറഞ്ഞു തരാം”

തല അൽപ്പാൽപ്പം നിരച്ച ഒരു നാലപതിനോട് അടുത്ത് പ്രായം വരുന്ന സെറ്റ് സാരിയുടുത്തു ചന്ദന കുറിയും ചാർത്തി തനിക്കരികിൽ നിൽക്കുന്ന ആ സ്ത്രീയെ ഹരി ചിരിച്ചു കൊണ്ട് നോക്കി നിന്നു....

നല്ലൊരു അന്താളിപ്പും എല്ലാവരേം ഒരുമിച്ചു കണ്ടപ്പോൾ ഉള്ള അകാക്ഷയും പരിഭ്രമവും എല്ലാം പിടി കൂടിയ ഒരു അവസ്ഥയിലാണ് ഹരി നിൽക്കുന്നത്...

“ഞാൻ മോന്റെ വല്ല്യമായി... ശാരദ... ഇത് മോന്റെ വല്ല്യമ്മാവനാ നാരായണൻ”

തനിക്കടുത്തു നിന്നും കാര്യസ്ഥനെ കുറിച്ച് അന്വേഷിച്ച ആളെ ചൂണ്ടി കാണിച്ചുകൊണ്ട് അവർ അത് പറഞ്ഞപ്പോൾ വീണ്ടും ഒരു ചിരി മാത്രമാണ് ഹരിയിൽ ഉണ്ടായത്...

“ഹാ ഇത് മോന്റെ ചെറിയ അമ്മാവൻ മോൻ ചെറിയച്ച എന്ന് വിളിച്ചോ ...പേര് ബാലൻ ... “

ശാരദയുടെ ഇൻട്രോടക്ഷൻ എല്ലാം കേട്ട് ഹരി നിന്നു...അച്ഛനും അമ്മയും പറഞ്ഞുള്ള കേട്ടറിവ് മാത്രമാണ് അവനുള്ളത്...

“എന്റെ ശാരധെ പരിച്ചയ്പ്പെടലോക്കെ അകത്തു കയറിട്ടാകാലോ കുഞ്ഞു കുറെ ദൂരം യാത്ര ചെയ്തു വരുവല്ലേ അവന് ആദ്യം കുടിക്കനെന്ത്കിലും കൊടുക്ക”

നാരായണൻ ആയിരുന്നു അത് പറഞ്ഞത്...ബാലനും അത് ശരി വച്ചപ്പോൾ നാണുവിന്റെ കൈയിൽ നിന്നും ബാഗ് വാങ്ങികൊണ്ട് ശാരദ ഹരിയുടെ കൈ പിടിച്ചുകൊണ്ടു അകത്തേക്ക് നടന്നു....

ഹരി പൂമുഖത്തേക്ക് കയറിയപ്പോൾ മറ്റു രണ്ടു പേർ അവിടെ നിൽക്കുന്നുണ്ടായിരുന്നു...

“ഹാ ഇത് സുമലത ബാലന്റെ ഭാര്യയാ... ഹാ അത് അഞ്ജലി... ഇവരുടെ നടുക്കുള്ള അമ്മാവന്റെ ഭാര്യ നമ്മുടെ രാജന്റെ..”

അഞ്ജലിയുടെ പേര് പറയുമ്പോൾ ആരുടെയൊക്കെയോ ഇഷ്ട്ടമില്ലാത്ത മുഖഭാവങ്ങൾ ഹരി ശ്രദ്ധിച്ചു...

സുമലതെയെ നോക്കിയാ ഹരിയുടെ സകലമാന നാടികളിലും കാമം അരചെത്തി....

ചെറിയ കണ്ണുകളും ചുവന്ന ചുണ്ടുകളും വിടർന്ന പുരികങ്ങളും ശരീരത്തിൽ ഭാരം പോലെ കൊണ്ട് നടക്കുന്ന വലിയ മുലകളും നിതംബവും എല്ലാം പല മധാമ മാരുടെയും ശരീര സൗന്ദര്യം വേണ്ടുവോളം ആസ്വദിച്ചിട്ടുള്ള ഹരിക്ക് ഇളക്കം ശ്രഷ്ട്ടിക്കുന്ന ഒന്നായിരുന്ന ആ കാഴ്ച...

സുമലത ഹരിയുടെ നോട്ടത്തെ എതിരേൽക്കാൻ കഴിയാത്ത പോലെ തല താഴ്ത്തിയപ്പോൾ താൻ നിൽക്കുന്നത് കുടുംബ വീട്ടിലാണ് എന്നാ ഭോധ്യം ഹരി വീണ്ടെടുത്തു...

അവൻ എല്ലാവരോടു ചിരിച്ചപ്പോൾ

“എന്താടി നോക്കി നിൽക്കുന്നത് കുഞ്ഞിനു കുടിക്കാൻ സംഭാരം കൊണ്ട് വന്നെ”

ശാരദയുടെ അൽപ്പം ദേഷ്യത്തോടെ ഉള്ള അഞ്ജലിയോടുള്ള സംസാരം ഹരിയിൽ സംശയങ്ങൾ പടർത്തി...

അഞ്ജലിയുടെ മുഖം ഒരു മിന്നായം പോലെ ഹരി കണ്ടു അപ്പോളേക്കും അവൾ അകത്തേക്ക് പോയി... എന്നാലും ഭയമോ ദേഷ്യമോ സ്നേഹമോ വിവരിചെടുക്കാൻ കഴിയാത്ത മുഖ ഭാവം അഞ്ജലിയിൽ ഹരി വായിച്ചെടുത്തു ...

അഞ്ജലി അകത്തേക്ക് പോകുന്നത് മറ്റാരും കാണാതെ ഹരി നോക്കി...

“മോൻ എന്താ ഒന്നും പറയാത്തത്?”

ശാരദയുടെ അടുത്ത ചോദ്യമെത്തി...

“അത് ഞാൻ എനിക്കാരേം പരിച്ചയല്ലലോ... അപ്പൊ അതിന്റെ ഒരു...”

വാക്കുകൾ കോർത്തിണക്കാനായി ഹരി നന്നേ പാടുപ്പെട്ടു...

“ഇതാപ്പോ നന്നായെ ... ഇപ്പോൾ ഞാൻ എല്ലാവരേം പരിചയപ്പെടുത്തി തന്നില്ലേ... ഇനി എല്ലാവരോടും അങ്ങ് മിണ്ടിക്കോ അപ്പോൾ എല്ലാം പരിചയമാകും”

ശാരദയുടെ സ്നേഹത്തോടെ പുഞ്ചിരിച്ചുള്ള മറുപടി ഹരിയിൽ ആശ്വാസം നിറച്ചു...ഇവിടെ അമ്മയുടെ വിടവ് തന്റെ മനസിൽ നികത്താൻ ഇവർക്ക് കഴിയുമെന്ന് ഹരിക്ക് തോന്നി..

“ഹാ മോനെ എന്നാ നീ ഒന്ന് കുളിച്ചു ഫ്രഷ് ആകു... ഭക്ഷണം കഴിചിരിക്കുംബോളെക്കും ഞാൻ ഇങ്ങു വരാം കടയിൽ ഇച്ചിരി പണി ഉണ്ട് വേഗം വരാം എന്നിട്ട് നമുക്ക് സംസാരിക്കാം”

ബാലന്റെ ആ വാക്കുകൾക്കു ഹരി സമ്മതം മൂളി..

“മോന് വേണ്ട എല്ലാ കാര്യങ്ങളും മുകളിലെ മുറിയിൽ ഒരുക്കി വച്ചിട്ടുണ്ട് ... അങ്ങോട്ട് നടന്നോള് ഞാൻ കാണിച്ചു തരാം അവിടെ കമ്പ്യൂട്ടറും കുന്തവുമൊക്കെ ഉണ്ട് .... ആ പെണ്ണിതെവിടെ... ടി അഞ്ജലി... ഇത്രേം നേരമായിട്ട് കൊണ്ടുവന്നില്ലേ”?
ആ ചോദ്യം അകത്തേക്ക് നോക്കി മുഴുമിപ്പിക്കുന്നതിനു മുന്നേ അഞ്ജലി ഒരു മോന്തയിൽ സംഭാരമായി വന്നു...

“ഇതെങ്ങനാടി കുഞ്ഞു കുടിക്കുന്നെ ഗ്ലാസ് എടുക്കാൻ നിന്നോടിനി പ്രത്യകം പറയണോ...കുഞ്ഞിനിങ്ങനെ കുടിച്ചു ശീലമില്ലാതതാനെന്നു നിനക്കറിഞ്ഞൂടെ “

ദേഷ്യത്തോടെയുള്ള ശാരദയുടെ ആ സംസാരം മറ്റുള്ളവരിലും ദേഷ്യം മാത്രമാണ് ഉണ്ടാകിയതെന്നു ഹരിക്ക് മനസിലായി... കൂട്ടത്തിൽ സുമലതയുടെ മുഖം വല്ലാണ്ട് ദേഷ്യം പൂണ്ടത് ഹരി മനസിലാക്കി...

ഗ്ലാസ് എടുക്കാൻ തിരിഞ്ഞു പോകാൻ നേരം ഹരി പറഞ്ഞു..

“വല്ല്യമ്മേ ഗ്ലാസ് വേണ്ട ഇങ്ങനെ കുടിച്ചു നോക്കട്ടെ... നാട്ടിൽ വന്നാൽ അവിടുത്തെ ശീലങ്ങൾക്കു അനുസരിച്ചു നടക്കണമെന്നാ അമ്മയുടെ കൽപ്പന”

അഞ്ജലിയുടെ കൈയിൽ നിന്നും മോന്ത വാങ്ങി ഹരി അത് പറയുമ്പോൾ പക്ഷെ യാതൊരു മുഖ വ്യത്യാസവും കൂടാതെ തന്നെ ഒന്ന് നോക്കി മുഖം വെട്ടിച്ച അഞ്ജലിയെ ഹരി നല്ല്പ്പോലെ നോക്കി...

മുഖത്ത് അപ്പോളും വായിച്ചെടുക്കാൻ കഴിയാത്ത ഒരു ഭാവം മാത്രം...വലിയ കണ്ണുകൾ അതിനൊത്ത വളഞ്ഞ പുരികം ശാന്തമായി കാറ്റിൽ ഒഴുകുന്ന മുടികൾ വലിയ നെറ്റി... വിടർന്ന നാസിക അവളുടെ ചുണ്ടുകളിൽ ആരോടൊക്കെയോ ഉള്ള അമർഷങ്ങൾ കടിച്ചമർത്തപ്പെട്ടിരിക്കുന്നു...

താഴേക്കു നോക്കാൻ ഹരിക്ക് എന്തുകൊണ്ടോ മനസു വന്നില്ല..കൈയിലെ മോന്തയിലെ സംഭാരം വായിലേക്ക് പകര്ന്നതിന്റെ പകുതിയും അവൻ ഇട്ടിരുന്ന വസ്ത്രത്തിലേക്ക് വീണു... സുമലത അതു കണ്ടു ചിരിച്ചു ..

“അയ്യോ ഞാൻ പറഞ്ഞില്ലേ മോന് കുടിക്കാൻ കഴിയില്ലാന്നു സാരമില്ല മുകളിൽ ചെന്ന് കുളിച്ചു ഉടുപ്പ് മാറാം.. വാ..”

തന്റെ കൈയും പിടിച്ചു ശാരദ അത് പറഞ്ഞുകൊണ്ട് മുകളിലേക്ക് നടന്നു... കൈയിലെ മോന്ത സുമലത വാങ്ങി... എങ്കിലും ക്ഷീണത്തിന് ആ സംഭാരം അതിയായ ആശ്വാസം നേടിതന്നപ്പോലെ ഹരിക്ക് തോന്നി..

അവൻ ഇടം കണ്ണിട്ടു അഞ്ജലിയെ നോക്കി പക്ഷെ അപ്പോളും അവൾ മറ്റെവിടെക്കോ നോക്കുക ആയിരുന്നു...

ഇടുങ്ങിയ പോലുള്ള നീളത്തിൽ ഉയർന്നു നിൽക്കുന്ന മരപ്പടികൾ... പുരാതന തറവാടിന്റെ ശിൽപ്പികളുടെ കരവിരുത് ആ കോണി പടികളിൽ കൊതി വക്കപ്പെട്ടിരിക്കുന്നു...

കയറുമ്പോൾ ഉള്ള ശബ്ദം കാലപഴക്കത്തെ സൂചിപ്പിക്കുന്നു...ശാരദയുടെ കൈയിൽ നിന്നും വേർപെട്ട ഹരി പതിയെ കോണി പടികൾ കയറി മുകളിലെത്തി...

നീണ്ട ഒരു വരാന്ത... അതിൽ നീല നിറത്തിലുള്ള പരവതാനി പോലുള്ള ചവിട്ടികൾ നിലത്തു വിരിച്ചിരിക്കുന്നു... മുകൾ ഭാഗത്ത് മൂന്ന് മുറികൾ അതിൽ ഏറ്റവും അറ്റതെതാണ് ഹരിക്കായി ഒരുക്കി വച്ചിരിക്കുന്നത്..

വാതിൽ തള്ളി തുറന്നുകൊണ്ട് ശാരദ മുന്നിലും ഹരി പിന്നിലുമായി കയറി...താൻ വരുന്നത് പ്രമാണിച്ച് മുറി പെയിന്റ് അടിചിട്ടുന്ടെന്നു ഹരിക്ക് മുറിയിൽ നിറഞ്ഞ ഗന്ധത്തിൽ നിന്നും വ്യക്തമായി...

വെളുത്ത നിറത്തിലുള്ള പെയ്ന്റും റൂഫിൽ സീലിങ്ങിൽ ചുവന്ന നിറവും അതിൽ കറുത്ത നിറത്തിലുള്ള ഒരു ഫാനും...

ചുമരുകളിൽ രണ്ടു മൂന്ന് ചിത്രങ്ങൾ ഹരി അത് ശ്രദ്ധിച്ചില്ല...ജനാലകളിൽ മനോഹരമായ പൂക്കളോട് കൂടിയ കർട്ടൻ...

ഒരു ഡബിൾ കൊട്ട് കട്ടിലും അടുത്ത് ചെറിയൊരു മേശയും അതിൽ ഒരു കമ്പ്യൂട്ടറും ഹരി കണ്ടു...

താൻ വരുന്നത് പ്രമാണിച്ചുള്ള ഒരുക്കങ്ങൾ എല്ലാം ഹരിക്ക് നന്നേ ഇഷ്ട്ടമായി...

മുറിയുടെ ജനവാതിലുകൾ ശാരദ തുറന്നപോൾ ഹരി അതിലൂടെ പുറത്തേക്കു നോക്കി.. എങ്ങും പച്ചപ്പ് നിറഞ്ഞ ഹരിത വസന്തം എല്ലാം അമ്മ പറഞ്ഞത് പോലെ തന്നെ...

അച്ഛന്റെ തറവാടനെങ്കിലും വിശേഷങ്ങളും കെട്ടുകഥകളും എല്ലാം പറഞ്ഞു തന്നത് അമ്മയാണ്...അല്ലങ്കിലും കൊടികണക്കിനുള്ള ബിസിനെസ്സ് സാമ്രാജ്യത്തിൽ ഓടി നടക്കുന്ന അച്ചനെവിടെയ ഇതിനൊക്കെ സമയം...

“മോനെ കുളി മുറി അവിടെയുണ്ട് ... ചൂടുവെള്ളം വരാനുള്ള കുന്ത്രാണ്ടാമെല്ലാം ഗടിപ്പിച്ചിട്ടുണ്ട് മോൻ കുളിച്ചു ഉടുപ്പ് മാറി താഴത്തേക്ക് വന്നോളു വെല്ലിയമ്മ അപ്പോളേക്കും ഭക്ഷണം എടുത്തു വക്കാം..”

മുറിയുടെ അകത്തു തന്നെ വലതു വശത്തായുള്ള അറ്റാച്ച്ഡ് ബാത്രൂം ചൂണ്ടി കാണിച്ചുകൊണ്ട് ശാരദപറഞ്ഞുകൊണ്ട് മുറിയിൽ നിന്നും പുറത്തേക്കു പോയി..

ഹരി ബാഗിൽ നിന്നും ഒരു ത്രീ ഫോര്ത്തും ടീ ഷർട്ട് എടുത്തുകൊണ്ടു ബാത്രൂമിലേക്ക് കയറി... ഒരുപക്ക്ഷെ ഇതും താൻ വരുന്നതുകൊണ്ട് പുതിയതായി പണിതതാവം....

കാരണം അമ്മയുടെ കഥകളിൽ എല്ലാം കുളി അടുത്തുള്ള കുളത്തിൽ നിന്നാണ് എന്നത് അവൻ ഓർത്തു...

നന്നായി ഒന്ന് കുളിച്ചപ്പോൾ ക്ഷീണമെല്ലാം അകന്നുപ്പോയി...പക്ക്ഷെ അപ്പോളേക്കും ഉറക്കം ഹരിയെ നന്നായി കീഴ്പ്പെടുത്താൻ തുടങ്ങിയിരുന്നു....

ഹരി മുറി വിട്ടു താഴേക്കിറങ്ങി...വരാന്തയിൽ നിന്നും ഇടത്തോട്ട് തിരഞ്ഞു... അവിടെയാണ് അടുക്കള... അമ്മയുടെ കണക്കുകൾ എല്ലാം കിറു കൃത്യം ഹരി മനസിൽ ചിരിച്ചുകൊണ്ട് അടുക്കളിയിലേക്ക് നീങ്ങി...

പഴമയെ ഓർമിപ്പിക്കുന്ന അടുക്കള... ആധുനികതയുടെ കണ്ടുപ്പിടുതങ്ങൾ എത്തിപ്പെടാത്ത ആ അടുക്കളയിൽ അപ്പോളും അടുപ്പിൽ പുകഞ്ഞുകൊണ്ടിരിക്കുന്ന വിറകുകൾ...

തീ നാളങ്ങളിലെ പുക പടലങ്ങൾ അടുത്തുള്ള ചെറിയ ജനലുകൾ വഴി ഒഴുകാൻ ദ്യതി പിടിക്കുന്നു....അടുപ്പിനടുതായി തൂക്കി ഇട്ടിരിക്കുന്ന ആ വലിയ കയറുകളിൽ കെട്ടി വച്ചിരിക്കുന്ന കുടങ്ങളിൽ അത്രയും കടഞ്ഞെടുത്ത തൈര് തന്നെ ആയിരിക്കും...

ഹരിയുടെ മനസിലേക്ക് വെണ്ണ കട്ട് തിനാൻ വെമ്പൽ കൊള്ളുന്ന കള്ള കൃഷ്ണന്റെ മുഖം ഓടിയെത്തി... അവൻ ചെറുതായൊന്നു പുഞ്ചിരിച്ചു...

“അല്ല ഇവിടെ നിൽക്കുകയാണോ... അങ്ങോട്ട് വന്നോളു അവിടെയാണ് ഊട്ടുപുര”

സുമലതയുടെ ശബ്ദം കേട്ട് ഹരി തിരിഞ്ഞു നോക്കി... ഹരിയുടെ മുഖം വിടർന്നു... ഇവർക്ക് അസാമാന്യ കാമ സൌന്ദര്യം തന്നെ ആണു ...ഹരിയുടെ കുട്ടനിൽ ശ്രുഷ്ട്ടിച്ച ഇളക്കം അതിനു സാക്ഷ്യം വഹിക്കുന്നതായിരുന്നു ...

ഹരിയുടെ തന്റെ ശരീരത്തിലേക്ക് തുളച്ചു കയറുന്ന രീതിയിലുള്ള നോട്ടം വന്നപ്പോൾ മുതൽ ശ്രദ്ധിക്കുന്നതാണ് സുമലത... തനിക്കു വെറുതെ തോന്നുന്നതുമാകാം ഇനി.. അല്ലങ്കിലും അമേരിക്കയിലെ വെളുത് തുടുത്ത സ്ത്രീകളെ കണ്ടു വളർന്ന ഇവന് എന്നെപ്പോലുള്ള ഈ ഓണംകേറാ മൂലയിലുള്ള സ്ത്രീകളോട് എന്ത് തോന്നാൻ..

പൊതുവെ അല്പം വികാരം കൂടുതൽ ഉള്ള കൂട്ടത്തിലാണ് സുമലത... മാത്രമല്ല അൽപ്പം വിഡ്ഢിത്തവും ആവശ്യത്തിൽ കൂടുതൽ പണത്തിന്റെ അഹങ്കാരവും നിറഞ്ഞ ഒരു സ്ത്രീ രൂപമാണ് സുമലത...

ഹരിയുടെ നോട്ടം സഹിക്കാൻ കഴിയാതെ സുമലത വീണ്ടും തല താഴ്ത്തി... ഹരിയിൽ വീണ്ടും നല്ല ചിന്തകൾ ഉണർന്നു.... വീട് തറവാട്...ബന്ധങ്ങൾ ....

സുമലത ഒന്ന് മുരടനക്കി അവനെ നോക്കി വശ്യതയാർന്നു പുഞ്ചിരിച്ചു കൊണ്ട് അടുക്കളയിൽ നിന്നു പുറത്തേക്കിറങ്ങി...

ഹരി അവളെ അനുഗമിച്ചു...

പുറത്തിറങ്ങിയ ഹരിയുടെ കണക്കു കൂട്ടലുകൾ അൽപ്പം പിഴച്ചു... ഊട്ടുപ്പുര അവൻ സ്വപനത്തിൽ മെനഞ്ഞത് പോലെ അല്ലായിരുന്നു...അൽപ്പം കൂടി വലുതാണ് ശെരിക്കു പറഞ്ഞാൽ ഒരു അമ്പതു പേർക്ക് വിശാലമായി ഭക്ഷണം കഴിക്കാം..

ഊട്ടുപുരയുടെ ഒരു വശത്തായി ഒരുപ്പാട് പുൽപ്പായകൾ മടക്കി വച്ചിരിക്കുന്നു...തുറന്ന ഒരു സ്ഥലമാണ് ഊട്ടുപ്പുര അവിടെ നിന്നാൽ മുൻവശത്ത് പാട ശേഖരങ്ങൾ നല്ലതുപ്പോലെ കാണാം...

പണ്ട് തറവാട്ടിൽ പാവപ്പെട്ടവർക്കുള്ള അന്നധാനം നടന്നിരുന്നു എന്നത് അമ്മയുടെ വാക്കുകളിൽ നിന്നും ഹരി ഓർത്തെടുത്തു...

"അയ്യോ മോൻ എന്താ ഇങ്ങനെ നിൽക്കുന്നെ ഇങ്ങോട്ടിരിക്ക് ...."

ശാരദയുടെ ശബ്ദം ഹരിയെ ചിന്തകളിൽ നിന്നും ഉണർത്തി...

"ഹരി അവരെ നോക്കിയപ്പോളെക്കും അവിടേക്ക് ചെറിയൊരു സ്ടൂളുമായി അവരെത്തി...ആ സ്ടൂൾ അടുത്തുള ഒരാൾക്ക് ഇരിക്കാൻ മാത്രം സഹായിക്കുന്ന ആ ചെറിയ മരം കൊണ്ട് ഉണ്ടാക്കിയ മേശയുടെ അരികിലായി വച്ച് ശാരദ അവനെ ഭക്ഷണത്തിനായി ക്ഷേനിച്ചു....

"ഞാൻ താഴെ ഇരിക്കാം വെല്ല്യമ്മേ"

ഹരിയുടെ നിഷകളങ്ക മനസിനെ സന്തോഷത്തോടെ കണ്ട ശാരദ പക്ഷെ അവനെ അതിനു അനുവദിച്ചില്ല..

"ഹാ നല്ല കാര്യായി .. നിലതിരിക്കനോ... എന്നിട്ട് വേണം അത് കണ്ടു കൊണ്ട് വന്നു നിന്റെ വല്ല്യമ്മാവൻ എന്നെ വഴക്ക് പറയാൻ..മോന് ശീലമില്ലാതതോന്നും ചെയ്യണ്ട... ദാ ഇങ്ങോട്ടിരുന്നോ.... എടി അഞ്ജലി ആ ഭക്ഷണങ്ങൾ എല്ലാം ഇങ്ങെടുത്തോ"

ഹരിയെ പിടിച്ചു ആ സ്ടൂളിൽ ഇരുത്തി അകത്തേക്ക് നോക്കി ശാരദ വിളിച്ചു പറഞ്ഞു...അഞ്ജലി ഭക്ഷണ പാത്രങ്ങളുമായി വന്നപ്പോൾ ശാരദ അത് അവളുടെ കയിൽ നിന്നും വാങ്ങി ഓരോന്നായി ഹരിക്ക് മുന്നിൽ വിരിച്ച തൂശനിലയിൽ വിളമ്പാൻ തുടങ്ങി...

ഭക്ഷണ സാദനങ്ങൾ വന്നുകൊണ്ടേയിരുന്നു... ഹരിയുടെ ഇല നിറഞ്ഞുകൊണ്ടിരുന്നു...

ഒരു വലിയ സദ്യ തന്നെ ഉണ്ടായിരുന്നു... കൂട്ടത്തിൽ ഇറച്ചി കറിയും...ഇത്രയും ഭക്ഷണ വിഭവങ്ങൾ ഹരി ആദ്യമായി കാണുകയായിരുന്നു...അമേരിക്കയിൽ ഓണമൊക്കെ ആഘോഷിക്കുമെങ്കിലും ഹരി ഭക്ഷണസമയത്തു കൂട്ടുകാരോടൊപ്പം മറ്റു പരുപാടികളിൽ ആയിരിക്കും...

സുമലതയും ശാരദയും മത്സരിച്ചു ഭക്ഷണം ഹരിയെകൊണ്ട് കഴിപ്പിച്ചപ്പോൾ വേണ്ടുന്ന സാദനങ്ങൾ അകത്തു നിന്നു കൊണ്ട് വരുന്ന റോള് മാത്രമായിരുന്നു അഞ്ജലിക്ക്...അപ്പോളും അവളുടെ മുഖത്ത് അൽപ്പം പോലും പ്രസന്നത ഹരി കണ്ടില്ല...

വേണ്ടതിലധികം ഭക്ഷണം കഴിച്ച ഹരിക്ക് കൈ കഴുകാൻ എണീക്കാൻ പോലും വളരെ പ്രയാസം അനുഭവപ്പെട്ടു.... അവൻ വയറു മുഴുവൻ നിറഞ്ഞു നടക്കാൻ പറ്റാത്ത സ്ഥിതിയിലെത്തി..

കൈ കഴുകി പൂമുഖതെക്കെത്തി ഹരി പൂമുഖം ഒന്ന് വീക്ഷിച്ചു...

ഓപ്പൺ സ്പേസ് ആണു...ഇരിക്കാനായി രണ്ടു മൂന്നു മരംകൊണ്ടുള്ള കസേരകൾ ഒപ്പം വലിയൊരു ചാര് കശേരയും...

പൂമുഖത്തിനു അഭിമുഖമായ ചുമരിൽ വലിയൊരു ഫോട്ടോ ഫ്രെയിം ചെയ്തു വച്ചിരിക്കുന്നു...അതിൽ കണ്ട ആളിനെ മാത്രം പക്ഷെ ഹരിക്ക് മനസിലായില്ല...ഏതോ വലിയ രാജാവിനെ പോലെ തോന്നിപ്പിക്കുന്നു ആ ഫോട്ടോയെ...

“മോന് ഭക്ഷണം എല്ലാം ഇഷ്ട്ടമായോ... അവിടെ കിട്ടുന്നപ്പോലുള്ള ഭക്ഷണം ഒന്നും ഇവിടുണ്ടാകില്ല”

ശാരദ അത് ചോദിച്ചുകൊണ്ട് ഹരിയുടെ അടുതെത്തി...

“വളരെ നല്ലതായിരുന്നു വെല്ല്യമ്മേ ....ആദ്യമായ ഞാൻ ഇത്രയും ഭക്ഷണം ഒരുമിച്ചു കാണുന്നതും കഴിക്കുന്നതും...നല്ല രുചി ഉണ്ടായിരുന്നു..”

ഹരിയുടെ മനസും വയറും നിറഞ്ഞുള്ള സംസാരം ശാരദക്ക് നന്നേ ബോധിച്ചു... അവരുടെ മുഖം സന്തോഷത്താൽ പൂത്തുലഞ്ഞു...

കഴിഞ്ഞിട്ടില്ല അൽപ്പം പായസം കൂടി ഉണ്ട്..”

സുമലതയിൽ നിന്നും പായസത്തിന്റെ ഗ്ലാസ് വാങ്ങി ഹരിക്ക് നൽകുമ്പോൾ ഇനി ഇതെങ്ങനെ കുടിക്കും എന്നായിരുന്നു ഹരിയുടെ ചിന്ത വയറിൽ അൽപ്പം പോലും സ്ഥലം ബാക്കിയില്ല... എങ്കിലും അൽപ്പം കുടിച്ചപ്പോൾ പായസത്തിന്റെ രുചി നന്നേ ഇഷ്ട്ടമായ ഹരി എങ്ങനോക്കെയോ അത് മുഴുവനും കുടിച്ചു....

“ഇപ്പൊ അങ്ങ് അമേരിക്കയിൽ പാതി രാത്രിയ അല്ല്യോ മോനെ”

“അതെ ഏതാണ്ട് വെളുക്കാറായി കാണും”

ഹരിയുടെ മറുപടിയിൽ കൂടുതൽ ആകാംക്ഷ അവൻ കണ്ടത് സുമലതയുടെ ,മുഖത്താണ് ...

“ഹോ ദൈവത്തിന്റെ ഓരോരോ മായലീലകളെ... ന്റെ കൃഷ്ണാ...”ശാരദയുടെ ഭക്തി നിർഭരമായ സംസാരം ....

“മോന്റെ അച്ചനില്ലയിരുന്നെങ്കിൽ ഞങ്ങൾക്കിങ്ങനെ ജീവിക്കാൻ പറ്റുമായിരുന്നോ...എല്ലാം ആ വലിയ മനുഷ്യന്റെ നല്ല മനസാണ്...”

ശാരദയുടെ കണ്ണുകൾ ഈറനണിഞ്ഞു...

അച്ഛനെ കുറിച്ച് എല്ലാവരും നല്ലത് പറയുമ്പോൾ ഹരിക്ക് എന്തെന്നിലാത്ത സന്തോഷമാണ് മനസിൽ...

പിന്നീട് അവിടെ അമേരിക്കയുടെ ഒരുപാട് വിശേഷങ്ങൾ നിറഞ്ഞു നിന്നു....അൽപ്പം കഴിഞ്ഞപ്പോൾ ശാരദ ഹരിയോട് അൽപ്പം ഉറങ്ങിക്കോള് എന്ന് പറയുമ്പോൾ ഹരിക്ക് അത് വലിയൊരു ആശ്വാസമായിരുന്നു...

മുറിയിലെ ബെഡ് ഷീറ്റ് ഒന്ന് നല്ലതുപ്പോലെ വിരിച്ചു കൊടുക്കാൻ സുമലതയോടെ പറഞ്ഞു ശാരദ അകത്തേക്ക് പോയി...

സുമലതുയുടെ പിറകിൽ ഹരി പതിയെ നടന്നു...കോണി പടികൾ കയറിയപ്പോഴാണ് ഹരി സുമലതയുടെ വലിയ നിതംബതിലേക്കു കണ്ണു പായിച്ചത്....

ഹോ ഹരിയുടെ കണ്ണുകളെയും കുട്ടനെയും ഒരുപ്പോലെ സന്തോഷിപ്പിച്ച ഒന്ന് തന്നെ ആയിരുന്നു ആ കാഴ്ച....

സാരിയിൽ പൊതിഞ്ഞ വിരിഞ്ഞ നിതഭപാളികൾ ഹരിക്ക് അതിൽ പിടിക്കാൻ നന്നേ കൊതി തോന്നിയെങ്കിലും അവൻ ആത്മ നിയന്ത്രണം പാലിച്ചു....

അമേരിക്കയിലെ പെണ്ണുങ്ങൾക്കു ഇല്ലാത്തത് ഇവിടെയുള്ളവർക്ക് ആവശ്യത്തിൽ കൂടുതൽ ഉള്ളതും ഇതാണെന്ന് ഹരി മനസിൽ പറഞ്ഞു...

ബെഡ് ഷീറ്റ് കുടഞ്ഞു വിരിച്ചു ഹരിക്ക് എതിരെ നടക്കുമ്പോൾ സുമലത മനപ്പൂർവം ഹരിയുടെ ശരീരത്തിൽ തന്റെ ശരീരം കൊണ്ട് ഒന്ന് തഴുകി...

ഹരിയിൽ ഒരു ഞെട്ടലുണ്ടാക്കി ആ സ്പർശനം...അറിഞ്ഞുകൊണ്ടോ അല്ലാതെയോ...ഹരിയിൽ സംശയം നിഴലിച്ചു നിന്നു...

അവൻ കട്ടിലിലേക്ക് ചാഞ്ഞു....നല്ല ആശ്വാസവും ഒപ്പം പൊങ്ങി നിവർന്ന കുട്ടനിലെ വീർപ്പുമുട്ടലും ഹരിക്ക് വിഭിന്നാനുഭവങ്ങൾ ഉണ്ടാക്കി...

സുമലതയുടെ ആ വലിയ നിതഭം ഹരിയുടെ ഉറക്കത്തെ മാറ്റി നിറുത്തി...അവളുടെ കണ്ണുകളും വലിയ മുലകളും ഹരിയെ വീണ്ടും വികാരജീവിയാക്കി....ഇനി അവർക്കും ആഗ്രഹാമുണ്ടാകുമോ...അതുകൊണ്ടാകുമോ അവർ തന്നെ സ്പർശിച്ചത്...

ഹരിയുടെ ചിന്തകൾ കാട് കയറി...അവന്റ് കുണ്ണ അടിയിൽ വീർപ്പു മുട്ടി...

വാതിൽ ചാരിയെ ഉള്ളു എന്നത് പക്ഷെ ഹരിയുടെ ബോധാമനസു മനപ്പൂർവം മറന്നു...മറ്റൊന്നും ആലോചികാതെ ത്രീ ഫോർത്തിനുളിൽ നിന്നും കുണ്ണയെ സ്വന്ത്രമാക്കി സുമലതയുടെ കുണ്ടിയെ മനസിൽ ദ്യനിച്ചു ഹരി ആഞ്ഞു കുലുക്കി...

വികാരം ഇളക്കി മറിച്ചു ഹരിയുടെ ശരീരത്തിൽ മനപ്പൂർവം സ്പർശിച്ച സുമലത ലക്ഷ്യം വച്ചത് ഹരിയുമായുള്ള ഭോഗ സുഖം മാത്രമായിരുന്നു....

പുറത്തിറങ്ങിയിട്ടും എന്തെങ്കിലും ആവശ്യം പറഞ്ഞു ഹരി തന്നെ ഉള്ളിലേക്ക് വിളിക്കുമെന്ന് വെറുതെ ചിന്തിച്ച സുമലത താഴോട്ടു പോകാതെമറ്റാരും വരുന്നില്ല എന്നുറപ്പു വരുത്തി...

ആ തറവാടിന്റെ മുഴുവൻ കണക്കുകളും കാണാപ്പാടമായുള്ള  സുമലതക്ക് ഹരി വാതിൽ കുറ്റി ഇട്ടില്ല എന്നത് മനസിലാക്കാൻ വലിയ പ്രേയാസമില്ലായിരുന്നു....

തന്നെ ആർത്തിയോടെ നോക്കിയ അവനിൽ എന്തായാലും ഉറക്കം പെട്ടന്ന് വരില്ല എന്നവൾക്ക് നല്ലതുപ്പോലെ അറിയാമായിരുന്നു....

ശബ്ധമുണ്ടാക്കാതെ ഒരു പൂച്ചയെപ്പോലെ സുമലത പമ്മി പമ്മി ഹരിയുടെ വാതിലടുതെത്തി...

മരം കൊണ്ട് നിർമിച്ച രണ്ടു പാളികൾ ഉള്ള ആ വാതിലിന്റെ താക്കോൽ പഴുതിലൂടെ സുമലത പതിയെ അകത്തേക്ക് നോക്കി..

ഒരു നിമിഷം സുമലതയുടെ കണ്ണുകൾ വിടർന്നു...

മലർന്നു കിടന്നു തന്റെ കുണ്ണയിൽ സ്വയഭോഗം ചെയ്യുന്ന ഹരിയുടെ കുണ്ണ മാത്രമാണ് സുമലതയുടെ കണ്ണിൽ ഉടക്കിയത്....

വെളുത്ത നിറമെന്നു പറഞ്ഞാൽ കുറഞ്ഞുപോകും ഹരിയുടെ കുണ്ണയെ അതിനൊപ്പം തന്നെ വണ്ണവും നീളവും ഉള്ള കുണ്ണയുടെ അഗ്രഭാഗം മാത്രമേ സുമലതക്ക് ആ താക്കോൽ പഴുതിലൂടെ കാണാൻ കഴിഞ്ഞിരുന്നുള്ളൂ...

ഹരിയുടെ ഭോഗ വേഗത കൂടിയപ്പോൾ സുമലതയുടെ ,മുഖത്ത് ഭാവങ്ങൾ മിന്നി മറഞ്ഞു...അവൾ സ്വയം കൈകൾ കൊണ്ട് തന്റെ മാറിടങ്ങളെ പിഴിഞ്ഞു....

ആരും വരുന്നില്ല എന്നത് ഇടയ്ക്കിടയ്ക്ക് ഉറപ്പിക്കാനും സുമലത മറന്നില്ല....

വാതിൽ തള്ളി തുറന്നു അവനു മുന്നിൽ ആർത്തിയോടെ കിടന്നുകൊടുക്കാൻ സുമലതയുടെ മനസ് വെമ്പി..പക്ഷെ അപകടം എന്ന അവളുടെ മനസിന്റെ മുന്നറിയിപ്പിൽ അവൾ സ്വയം പിടിച്ചു നിന്നു..

ഹരിയുടെ വേഗത അതിന്റെ ഉച്ചസ്ഥായിൽ എത്തി...

അവനു ഇപ്പോൾ സ്കലനം സംഭവിക്കുമെന്ന് സുമലത മനസിൽ പറഞ്ഞു.... അവളുടെ കണ്ണുകൾക്ക് കുളിർമ നൽകികൊണ്ട് ഹരിയുടെ കുണ്ണ ചീറ്റി തെറിച്ചത് സുമലതയുടെ വായിലെക്കാണ് എന്ന് തോന്നിപ്പിക്കും വിധം സുമലത അവളുടെ നാക്കുകൊണ്ടു അവളുടെ ചുണ്ടുകളിൽ പരതി...

വായിൽ കിട്ടിയ രുചി നുണയുന്ന ഭാവങ്ങൾ അവളുടെ മുഖത്ത് ഓടി നടന്നു...

ഹരി കട്ടിലിൽ തളർന്നു കിടന്നു....അവനെ നിദ്ര ദേവി അവരുടെ കുടിലിലേക്ക് കൂട്ടി കൊണ്ടുപ്പോയി....അവന്റെ കണ്ണുകൾ അടഞ്ഞു...

പുറത്തു സകല നിയന്ത്രങ്ങളും വിട്ടുകൊണ്ട് സുമലത അവളുടെ ചുണ്ടുകൾ കടിച്ചു... കാലുകൾ പരസ്പരം ഉരച്ചു.. അവളുടെ കണ്ണുകളിൽ കാമത്തിന്റെ തീക്ഷണത നിറഞ്ഞു നിന്നു...മാറിടങ്ങൾ അവൾ കൈകൾ കൊണ്ട് ഞെരിച്ചുടച്ചു...പക്ഷെ അതൊന്നും അവളെ തൃപ്തി പെടുത്തിയില്ല...

അപ്പോളാണ് അവളുടെ പതിയുടെ സ്വരം അവൾ താഴെ നിന്നും കേട്ടത്....തന്റെ ഭർത്താവ് വന്നിരിക്കുന്നു....അയാളെ കൊണ്ട് വലിയ ഗുണങ്ങൾ ഒന്നും തന്നെ ഇല്ല...എന്നാലും ഒരു താല്ക്കാലിക ആശ്വാസം...

സുമലതയുടെ ശരീരം താഴേക്കു പാഞ്ഞു...കോണിപടികൾ അവൾ ചാടിയിറങ്ങി എന്ന് പറയുന്നതാവും ശെരി...

കടയിൽ പോയി വന്നു പൂമുഖത്തേക്ക് കയറി ഹരിയെകുറിച്ചു ശാരദയോട് ചോദിക്കുബോളാണ് സുമലത മുകളിൽ നിന്നും വേഗത്തിൽ വരുന്നത് ബാലൻ കണ്ടത്...

അവളുടെ മുഖത്തെ ഭാവങ്ങൾ പക്ഷെ ഒരു സാദുവായ അയാൾക്ക് മനസിലായില്ല ....

പക്ഷെ മറ്റൊന്നും പറയാതെ തന്റെ കൈകൾ പിടിച്ചു വലിച്ചു മുറിയിലേക്ക് കൊണ്ട് പോയ ഭാര്യയുടെ ഭാവം മന്സിലാകാതെ  അയാൾ എന്താണ് കാര്യം എന്ന് ആരഞ്ഞുകൊണ്ട് അവൾക്കൊപ്പം നടന്നു...

മുറിയിൽ കയറി കുറ്റിയിട്ടു വേഗത്തിൽ തന്റെ സാരി അഴിച്ചു മാറ്റുന്ന സുമലതയെ ബാലൻ അത്ഭുതത്തോടെ നോക്കി ... വല്ലപ്പോളും മാത്രമാണ് അയാൾ ഈ കാര്യത്തിനായി ഭാര്യയെ സമീപിക്കാറുള്ളത്...അവളുടെ ഭാഗത്ത് നിന്നും ഇങ്ങനൊരു സംഭവം ആദ്യമായാണ്...

അയാൾ കട്ടിലിന്റെ അരികിൽ എന്ത് ചെയ്യണമെന്നറിയാതെ നിന്നു... എന്തോ ചോദിക്കാനായി തുടങ്ങിയ ബാലനോട് മിണ്ടരുത് എന്ന് ആഗ്യം കാണിച്ചു തന്റെ അടിപ്പവടക്ക് ഇടയിലൂടെ പാന്റീസ് അഴിച്ചു മാറ്റികൊണ്ട് സുമലത ബാലന് നേരെ വന്നു...

കറുത്ത കളർ ബ്രായും മഞ്ഞ നിറത്തിലുള്ള അടിപ്പവടയും ധരിച്ചുകൊണ്ട് സുമലത ബാലനെ വലിച്ചു കട്ടിലിലേക്കിട്ടു...

വലിയൊരു നിശബ്ധത മാത്രമാണ് അവർക്കിടയിൽ ഉണ്ടായിരുന്നത്...ബാലൻ അന്തം വിട്ടു കിടക്കുകയാണ് അവളുടെ പ്രവർത്തികൾ കണ്ടു...

ഒറ്റയടിക്ക് ബാലന്റെ മുണ്ട് വലിച്ചൂരി അയാളുടെ അടിവസ്ത്രം വലിച്ചു കാലിന്റെ പകുതിയോളം താഴ്ത്തി വച്ച് കൊണ്ട് സുമലത തന്റെ പാവാട പൊക്കി അയാളുടെ ചെറിയ ഉദ്ധരിക്കാൻ മടിച്ചു നിൽക്കുന്ന കുണ്ണ എടുത്തു തന്റെ പൂറിൽ നിറച്ചു...

അത് കയറി എന്നുപ്പോലും സുമലതക്ക് തോന്നിയില്ല എങ്കിലും അവൾ പാവട താഴ്ത്തി അയാൾക്ക് മുകളിൽ ഇരുന്നു അടിക്കാൻ തുടങ്ങി...

പൂറിനുള്ളിൽ കയറിയപ്പോൾ ബാലന്റെ കുണ്ണ അൽപ്പം ഒന്ന് ഉദ്ധരിച്ചു...അത് മനസിലാക്കിയ സുമലത തന്റെ ബ്രാ അഴിക്കാതെ തന്നെ വലത് വശത്തെ മുലയെടുത്തു പുറത്തിട്ടു എന്നിട്ട് അത് ബാലന്റെ വായിലേക്ക് തിരുകി വച്ച്...

ആ വലിയ മുല വായിലാക്കിയ ബാലന് പക്ഷെ ശ്വാസ തടസമാണ് അനുഭവപ്പെട്ടത്...എങ്കിലും അയാൾ അൽപ്പ സമയത്തേക്ക് അതൊന്നു നുണഞ്ഞു..

അത്രയും മതിയായിരുന്നു സുമലതക്ക്... അവൾ ആ സുഖത്തിൽ ആഞ്ഞടിച്ചു... അവളുടെ ശീൽക്കാര ശബ്ദങ്ങൾ പുറത്തു വരാതിരിക്കാൻ അവൾ വാ കൈകൊണ്ട് പൊതിഞ്ഞു പിടിച്ചു...

സുമലതയുടെ കണ്ണുകൾ വിടർന്നു... ബാലന് പക്ഷെ അവളുടെ ശകതിയായ അടിയിൽ കുണ്ണ വേദനക്കുകയാണ് ഉണ്ടായത്... എങ്കിലും അയാൾ അതൊന്നും കാര്യമാക്കാതെ അത്ഭുതം കൊണ്ട് സുമലതയെ നോക്കി അവളുടെ മുല നുണഞ്ഞു...

ശ്ഹ്ഹ്സ്..ഹ്ഹ്സ്.ശ്സ്ഷ്..... ഒന്ന് വലിച്ചു കുടിക്കു മനുഷ്യാ...ഹാ..."

സുമലതയുടെ ആവശ്യപ്രകാരം ബാലൻ മുല വീണ്ടും വലിച്ചു കുടിച്ചെങ്കിലും യാതൊരു വിധത്തിലുള്ള കാമ വികാരങ്ങളും അയാളിൽ ഉണ്ടാക്കിയില്ല...

സുമലതയുടെ അടിയുടെ വേഗത കൂടി കൂടി വന്നു..

അവൾ അയാളുടെ വായിൽ നിന്നും മുല വലിച്ചെടുത്തു കൈകൾ കൊണ്ട് ഞെരിച്ചുടച്ചു...എന്തൊക്കെയോ പിച്ച് പേയും പറഞ്ഞുകൊണ്ട് അവൾ സ്വയം ശരീരത്തിലൂടെ കൈകൾ പായിച്ചു,...

ഇടയ്ക്കിടയ്ക്ക് അവൾ കൈകൾ കൊണ്ട് പാവക്കിടയിലൂടെ കൈകൾ ഇട്ടു പൂറിൽ ഞെരിച്ചുടക്കുന്നതുപ്പോലെ ബാലന് കണ്ടു...

പെട്ടന്ന് സുമലതയുടെ ശരീരം വിറച്ചു....അവളുടെ കഴുത്തിലെ ഞെരമ്പുകൾ വലിഞ്ഞു മുറുകി.. അവളുടെ അടിയുടെ ശക്തി വീണ്ടും കൂടി... കിടക്കുന്ന കട്ടിലിനു അൽപ്പം ഇളക്കം സംഭാവിക്കുനതുപ്പോലെ ബാലന് തോന്നി...

സുമലതയുടെ കൈകളുടെ വേഗത കൂടി അവൾ ചുണ്ട് കടിച്ചു... ശരീരത്തിലൂടെ കൈകൾ കൊണ്ട് ചിത്രം വരച്ചു... അവളുടെ രതി മൂർച്ച ശക്തിയായി ബാലന്റെ കുണ്ണ അറിഞ്ഞു.... അവൾ തളര്ന്നുകൊണ്ട് ബാലന്റെ ശരീരത്തിലേക്ക് കിടന്നു...

അവളുടെ മുടിയിഴകളിലൂടെ അയാൾ തഴുകി... അവൾക്കത് നന്നേ ആശ്വാസമായി...

"എന്ത് പറ്റി നിനക്കിന്നു"

ബാലന്റെ ചോദ്യം എന്ത് മറുപടി കൊടുക്കനമെന്നരിയാതെ സുമലത കുഴങ്ങിയ നിമിഷം...

"അത്.. അതുപിന്നെ ഈ ദിവസത്തിന്റെ ഒരു പ്രത്യകതയാണ് പോലും... ഞാൻ തന്നെ മുൻകൈ എടുത്തു ചെയ്താൽ കുഞ്ഞുങ്ങൾ ഉണ്ടാകാൻ ചാൻസ് ഉണ്ടെന്നു അപ്പുറത്തെ നാണ്യമ്മ പറഞ്ഞു"

ഇല്ലാത്ത പെരുംകള്ളം ബാലനോട് പറയുമ്പോൾ പക്ഷെ സുമലതക്ക് തെല്ലും കുറ്റബോധം തോന്നിയില്ല...കല്യാണം കഴിഞ്ഞു വര്ഷം മൂന്നായെങ്കിലും ഒരു കുഞ്ഞിക്കാലു കാണാൻ കഴിയാത്ത വിഷമമൊന്നും ഒരു സ്ത്രീ ആയ സുമലതക്കില്ല...

ഒരുകണക്കിന് അത് നന്നായി എന്നാണ് അവളുടെ പക്ഷേം .. പക്ഷെ അതൊരിക്കലും അവൾ ബാലനോട് പറഞ്ഞില്ല.. സ്വന്തം കുഴപ്പമാണങ്കിലും അത് ബാലന്റെ മേൽ അടിചെൽപ്പിചിരിക്കുകയാണ് സുമലത...

സുമലതയുടെ വാക്കുകൾ ബാലന് വെറുതെ അൽപ്പം ആശ്വാസവും പ്രതീക്ഷയും നൽകി..

ആ തറവാട്ടിലെ ആദ്യ സന്തതിയായ ശാരദയുടെ ഏക മകൾ ഇപ്പോൾ എഞ്ചിനീയറിംഗിന് സേലത്ത് പഠിക്കുകയാണ്.... ഹരിയുടെ അച്ഛന്റെ കാരുണ്യത്തിന്റെ മറ്റൊരു അടയാളം...

ബാലനും രാജനും കുട്ടികളില്ല...രാജന്റെ കല്യാണം കഴിഞ്ഞിട്ട് ഇപ്പോൾ വര്ഷം രണ്ടാകുന്നു... അഞ്ജലി മചിയാണ് എന്ന പ്രചരണം തറവാട്ടിൽ ഉണ്ട് പക്ഷെ സുമലത അപ്പോളും നല്ലവളാണ്...

സുമലത ചെറുതായി കിട്ടിയ കാമ സുഖത്തിൽ ലയിച്ചുകൊണ്ട് ബാലന്റെ ശരീരത്തിൽ പറ്റിച്ചേർന്നു കിടന്നുറങ്ങിയപ്പോൾ അവളെ ശല്യം ചെയ്യാതെ തങ്ങൾക്കു ഒരു കുഞ്ഞികാല് കാണാൻ യോഗമുണ്ടാകനെ എന്ന് ദൈവങ്ങലോടെ പ്രാർഥിച്ചു....

പക്ഷെ അപ്പോളും തന്റെ ഉധരിക്കാത്ത കുട്ടനിൽ നിന്നും ശ്രേവങ്ങൾ ഒന്നും തന്നെ അവളിൽ നിക്ഷേപിചില്ലലോ എന്നാ ചിന്ത അയാളുടെ മനസിൽ ചോദ്യ ചിഹ്നമായി ..

സമയം വളരെ വൈകിയാണ് ഹരി ഉറക്കത്തിൽ നിന്നും ഉണർന്നത്...ചെറിയ തോതിൽ ലഭിച്ച സ്വയംഭോഗ സുഖവും വലിയ തോതിലുള്ള ക്ഷീണവും ഹരിയിൽ അപ്പോളും തളം കെട്ടി കിടന്നു....

എഴെന്നേറ്റു മുഖം കഴുകി താഴേക്കു നടന്നു...പൂമുഖ കൊലായിയിൽ എല്ലാവരും തന്നെ ഇരിപ്പുരപ്പിച്ചിട്ടുണ്ട്....

ഹരിയെ കണ്ടപാടെ സുമലത് എണീറ്റ്....അവളുടെ മുഖത്ത് വീണ്ടും കാമം അരചെത്തി....അവളുടെ കണ്ണുകൾ അവന്റെ കാലിനിടയിലേക്ക് പാഞ്ഞു...ഹരി പക്ഷെ അത് ശ്രദ്ധിച്ചില്ല,,,,

“നന്നായി ഉറങ്ങിയോ എന്റെ കുട്ടി” ഹരിയുടെ അടുത്ത് വന്നു അവന്റെ തലയിൽ തഴുകി കൊണ്ട് ശാരദ ചോദിച്ചു... ഹരി പുഞ്ചിരിച്ചു ....

“കേട്ടോ ഹരി  നാളെ നമുക്ക് എല്ലാ സ്ഥലങ്ങളും ഒന്ന് പോയി കാണാം... മരമില്ലും ഫാക്ടറിയും നമ്മുടെ ഹോട്ടെലും മറ്റുമെല്ലാം....”മേനോൻ സാർ എല്ലാം പറഞ്ഞു ഏൽപ്പിച്ചിട്ടുണ്ട് ..”

നാരായണൻ ആണു അത് പറഞ്ഞത്..

“ആയിക്കോട്ടെ എപ്പോഴാന്നു പറഞ്ഞാൽ മതി നമുക്ക് പോകാം..”

ഹരി പറഞ്ഞുകൊണ്ട് അടുത്തുള്ള കസേരയിൽ ഇരുന്നു...അപ്പോളും സുമലതയുടെ നോട്ടം അവനു മനസിലായില്ല... ഇവരെന്താണ് എന്നെ ഇങ്ങനെ നോക്കുന്നത് മറ്റുള്ളവർ ശ്രദ്ധിക്കും എന്നൊരു ഭയവുമില്ലാതെ ...

“മോനെ മേനോൻ സാർ വിളിച്ചിരുന്നു മോൻ ഉറങ്ങുകയായിരുന്നു ഇപ്പോൾ വേണമെങ്കിൽ ഞാൻ ഇപ്പോൾ വിളിച്ചു തരാം”

ബാലൻ അത് പറഞ്ഞപ്പോൾ ഹരി സന്തോഷത്തോടെ ബാലനെ നോക്കി... ബാലൻ അകത്തുപോയി ലാൻഡ് ഫോൺ കൊണ്ട് വന്നു വിളിച്ചു...

“അവിടെ ഇപ്പോൾ നെരേം വെളുത്തു കാണും അല്ലെ”

ബാലൻ ഫോൺ റിസീവർ ചെവിയിൽ വച്ചുകൊണ്ട് ചോദിച്ചു...ഹരി അതെ എന്ന് തലയാട്ടി...

“ഹലോ.... ഹാ.. മേനൻ സാറേ ...ഹാ ഉവ... അവനിവിടുണ്ട് കൊടുക്കാം..”

ഫോൺ ഹരിയെ ഏൽപ്പിച്ചു ബാലൻ ഒതുങ്ങി നിന്നു...അവർക്ക് സംസാരിക്കാൻ ഉള്ള സാഹചര്യം ഒരുക്കാൻ എന്നോണം എല്ലാവരും അകത്തേക്ക് കയറി പോയപ്പോൾ ഹരി അതിൽ സന്തോഷിച്ചു...

അച്ഛനുമായി സംസാരിച്ചു നിൽക്കുന്നതിനിടയിൽ ഹരിയുടെ കണ്ണുകൾ അടുത്തുള്ള പശു തൊഴുത്തിലേക്ക് നീങ്ങി... അവിടെ അഞ്ജലി എന്തൊക്കെയോ ജോലിയിൽ മുഴുകി നിൽക്കുകയായിരുന്നു...

ഫോൺ കയിൽ വച്ചുകൊണ്ട് അച്ഛനോട് സംസാരിച്ചു കൊണ്ട് തന്നെ ഹരി മുന്നോട്ടു നടന്നു....പതിയെ അവൻ തോഴുത്തിനടുതെത്തി..

“അല്ല മീനുവേ നിനെക്കെന്താ ഇന്നൊന്നും തിന്നാനും കുടിക്കാനും വേണ്ടേ....വേഗം കുടിച്ചേ അങ്ങട്... തിന്നത് എല്ലിനിടയിൽ കുത്തുന്നതുകൊണ്ട നിനക്കൊക്കെ ഈ അഹങ്കാരം... വേഗം കുടിക്കുനുണ്ടോ നീയ്... എനിക്ക് അടുക്കളയിൽ പിടിപ്പതു പണിയുണ്ട്”

അഞ്ജലി അടുത്തുള്ള മീനു എന്ന അവൾ തന്നെ ഓമന പേരിട്ട പശുക്കിടവിനോടായി സംസാരിച്ചു... ഹരി അത് കണ്ടു ചിരിച്ചു...

തന്റെ പിന്നിൽ നിന്നും ആരോ സംസാരിക്കുന്നു എന്ന് കണ്ട അഞ്ജലി തിരിഞ്ഞു നോക്കി.. ഫോണിൽ സംസാരിച്ചു കൊണ്ടിരിക്കുന്ന ഹരിയെ കണ്ട അഞ്ജലി തെല്ലൊന്നു പതറി...

അവൾ സംസാരം അവസാനിപ്പിച്ചു ...അവളുടെ മുഖത്ത് കണ്ട ചെറിയ ഭയം ഹരിയെ പക്ഷെ സന്തോഷവാനാക്കി.. ആദ്യമായാണ് അവളുടെ മുഖത്ത് അവൻ മറ്റൊരു മുഖഭാവം കാണുന്നതു..

“അച്ഛൻ”

അവൻ പതിയെ ഫോൺ റിസീവർ അകത്തി പിടിച്ചു കൊണ്ട് അഞ്ജലിയോടു അത് പറഞ്ഞപ്പോൾ അവളുടെ മുഖത്ത് ചെറിയൊരു പുഞ്ചിരി ആർക്കാനും വേണ്ടി ഒക്കാനിക്കുന്നത് പോലെ മിന്നി മറഞ്ഞു... പക്ഷെ ഹരിക്ക് ആശ്വാസമാണ് ആ ചിരി കണ്ടപ്പോൾ ഉണ്ടാക്കിയതു..

അവൻ വീണ്ടും സംസാരിച്ചു കൊണ്ടിരുന്നപ്പോൾ അഞ്ജലി വേഗത്തിൽ തന്നെ കാടി കൊടുത്ത പാത്രം എടുത്തുകൊണ്ടു തൊഴുത്തിൽ നിന്നും പുറത്തിറങ്ങി...

“അതെ നമ്മൾ ഇതുവരെ പരിചയപ്പെട്ടില്ലലോ “

ഫോൺ കട്ട് ചെയ്തുകൊണ്ട് തനിക്കെതിരെ വന്ന അഞ്ജലിയോടു ഹരി ചോദിച്ചപ്പോളെക്കും അകലെ നിന്നും ഒരു ബൈക്കിന്റെ വെട്ടം അവരുടെ അടുത്തേക്ക് വന്നു...

അതുകണ്ട അഞ്ജലി ശരവേഗത്തിൽ അകത്തേക്ക് കയറി പോയി .. ഹരി ആ വെട്ടം നോകികൊണ്ട് നിന്നു...

ബൈക്ക് ഹരിയുടെ അടുതെക്കെത്തി...അതിൽ നിന്നും ഒരു മുപ്പതിനോട് അടുത്ത് പ്രായ തോന്നിക്കിന്ന ഒരാൾ ഇറങ്ങി... അയാളുടെ കാലുകൾ നിലതുറക്കാൻനന്നേ പാടുപെടുന്നുണ്ടായിരുന്നു...

ഹരി അയാളെ നോക്കികൊണ്ട് നിന്നു...

“ഹാ ഹരിക്കുട്ടൻ വന്നോ”

എന്ന് ചോദിച്ചുകൊണ്ട് അയാൾ വേഗത്തിൽ തന്നെ ഹരിയുടെ നേർക്ക് വന്നു അവനെ കെട്ടിപ്പിടിച്ചു... അയാളിൽ നിന്നും മദ്യത്തിന്റെ വല്ലാത്തൊരു ഗന്ധം ഹരിയെ വീർപ്പു മുട്ടിച്ചു..

“ഹരിക്കെന്നെ മന്സിലയിലെ... ഞാൻ രാജൻ മാമയാ... ചെറുപ്പത്തിൽ നിന്ന എന്തോരം എടുത്തു നടന്നതാനറിയോ മോന്.”

അയാൾ വീണ്ടും ഹരിയെ കെട്ടിപ്പിടിച്ചുകൊണ്ട് അവന്റെ കവിളിൽ ഉമ്മ വച്ചപ്പോൾ ഹരിക്ക് വല്ലാതെയായി...

രാജൻ.. അഞ്ജലിയുടെ ഭർത്താവ്... ഹരിയുടെ മനസ് മന്ത്രിച്ചു...

“ഹാ എന്താ രാജാ നീ കാണിക്കുന്നേ “

നാരായണന്റെ ശബ്ദം ഹരിയെ താൽക്കാലികമായി രാജനിൽ നിന്നും രക്ഷിച്ചു...

നാരായണൻ പുറകിൽ നിന്നും രാജനെ അടർത്തു മാറ്റി...രാജൻ ആടിയാടി നിന്നു...

അപ്പോൾക്കും അഞ്ജലിയും ശാരദയും അങ്ങോട്ടേക്ക് വന്നു...

“ഹോ ഇന്നെങ്കിലും നിനക്ക് നല്ലമാര്യാധക്ക് വന്നുടായിരുന്നോ രാജാ”

അൽപ്പം ഈർഷയോടെ ശാരദ രാജനു നേരെ നോക്കികൊണ്ട് അത് ചോദിച്ചപ്പോൾ പുച്ഛഭാവത്തിൽ രാജൻ അവർക്ക് മുഖം കൊടുക്കാതെ നിന്നു..

“പിടിച്ചു കൊണ്ടുപോയി കിടത്തു അവനെ “

നാരായണൻ അഞ്ജലിയുടെ മുഖത്തേക്ക് നോക്കി അത് പറഞ്ഞു...

അവളുടെ മുഖത്ത് സങ്കടവും അപമാനവും കുതിച്ചെത്തി..ഹരിക്ക അവളെ കണ്ടു സങ്കടം വന്നു ... വെർതെ അല്ല അവരുടെ മുഖം എപ്പോളും ഇങ്ങനെ ഇതല്ലേ അവസ്ഥ... ഹരിയുടെ മനസിൽ ആയിരം ചിന്തകൾ കടന്നു കൂടി...

അഞ്ജലി അപ്പോളേക്കും രാജന്റെ കൈ അവളുടെ തോളിലൂടെ ഇട്ടുകൊണ്ട് അവനെ താങ്ങി പിടിച്ചു കൊണ്ട് പോകാൻ ശ്രമിച്ചു...

“ഹ.. വിടെടി എന്നെ... ഇവിടെ വരെ വരാൻ അറിയാമെങ്കിൽ അങ്ങോട്ടും വരാൻ എനിക്കറിയാം,,,”

അഞ്ജലിയെ ശക്തിയിൽ തള്ളി മാറ്റികൊണ്ട് ആടിയാടി രാജൻ അകത്തേക്ക് നടന്നപ്പോൾ അഞ്ജലി ഹരിയെ ഒന്ന് നോക്കികൊണ്ട് അകത്തേക്ക് കയറിപ്പോയി...

പൂമുഖ പടികൾ കയറവേ വീഴാൻ പോയ രാജനെ വീണ്ടും താങ്ങി പിടിക്കാൻ ശ്രമിച്ചപ്പോൾ ആക്രോശത്തോടെ രാജൻ അഞ്ജലിയുടെ മുഖത്ത് ആഞ്ഞടിച്ചു..

"നിന്നോടല്ലേ പിടിക്കണ്ടാന്നു പറഞ്ഞത്"

ദേഷ്യത്തോടെ വീണ്ടും അഞ്ജലിയെ നോക്കികൊണ്ട് രാജൻ അകത്തേക്ക് കയറി..

ആർക്കും മുഖം കൊടുക്കാതെ അഞ്ജലി രാജനെ അനുഗമിച്ചു..

ഹരിക്ക് നന്നേ കലി കയറി... രാജനിട്ടു ഒന്ന് പൊട്ടിക്കാൻ അവന്റെ കൈകൾ തരിച്ചു...

"തറവാടിനു പേര് ദോഷമുണ്ടാക്കാൻ ഓരോരോ ജന്മങ്ങൾ..."

പിറുപിറുത്തുകൊണ്ട് നാരായണൻ പറഞ്ഞു..

"ഹോ രണ്ടു കണക്ക... ധർമക്കെട്ടു നടത്തിയപ്പോളെ ഞാൻ പറഞ്ഞതാ."

അരിശത്തോടെ നാരായണനെ നോക്കി ശാരദ അത് പറഞ്ഞു... നാരായണൻ വീണ്ടും എന്തൊക്കെയോ പിറുപിറുത്തുകൊണ്ട് അകത്തേക്ക് നടന്നു...

"മോൻ ഇതൊന്നും കാര്യമാക്കണ്ട... എല്ലാ കുടുംബത്തിലും ഇതുപ്പോലെ ഒരെണ്ണം കാണും....പറഞ്ഞിട്ട് കാര്യമില്ല... ഇതിവിടെ പതിവാ ...മോൻ വാ... ഭക്ഷണം കഴിക്കാം"

ശാരദ ഹരിയെയു കൂട്ടി തറവാട്ടിലേക് നടന്നു...ധർമകെട്ടു എന്നാ വാക്കിനർത്ഥം മാത്രം ഹരിക്ക് മനസിലായില്ല...

രാത്രി ഭക്ഷണ സമയത്ത് മാത്രം പക്ഷെ അഞ്ജലിയും രാജനെയും ഹരി അവിടെങ്ങും കണ്ടില്ല... പക്ഷ അവരുടെ മുറിയിൽ നിന്നും കേൾക്കുന്ന ചില ശബ്ദങ്ങൾ അവിടെ ഇപ്പോളും സങ്കർഷം നിലനിൽക്കുന്നു എന്നത് ഹരിക്ക് മനസിലാക്കി കൊടുത്തു....

രാത്രി പത്തുമണിയായപ്പോൾ ആ വലിയ തറവാട്ടിലെ മിക്ക വെളിച്ചങ്ങളും അണഞ്ഞു..

അത്രയും സമയം ഉറങ്ങിയതുകൊണ്ടാകണം ഹരിക്ക് നന്നേ ഉറക്കം വന്നില്ല....അവൻ കട്ടിലിൽ തിരിഞ്ഞും മറിഞ്ഞും കിടന്നു...

ഉറക്കം ലഭിക്കാതെ വന്ന ഹരി എഴുന്നേറ്റു മുറിയിലെ ലൈറ്റ് ഇട്ടു...അവൻ ഒരു സിഗരറ്റ് വലിക്കാൻ ബാത്രൂമിലേക്ക് കയറി...

സിഗരറ്റ് വലിച്ചു ബാത്രൂമിൽ നിൽക്കുമ്പോൾ താഴെ നിന്നും എന്തൊക്കെയോ ശബ്ദങ്ങൾ അവൻ കേട്ടു....

സിഗരറ്റ് കുത്തി കെടുത്തി ഹരി പുറത്തു വന്നു ജനലിലൂടെ നോക്കി... ആ ജനാലയിലൂടെ നോക്കിയാൽ അവനു താഴെ അടുക്കളവശത്തുള്ള ഭാഗവും തൊട്ടപ്പുറത്തുള്ള നെടുമ്പുരയും കാണാം...

പണ്ട് കാലങ്ങളിൽ നെല്ല് ഉണക്കി സൂക്ഷിക്കാനും മറ്റുമായി ഉണ്ടാക്കിയതാണ് അത് ... എന്നാൽ ഇന്ന് നെല്ലും കൃഷിയുമൊക്കെ ഉണ്ടെങ്കിലും നെല്ലോക്കെ സൂക്ഷിക്കുന്നത് തറവാട് വക ഗോഡൌണിലാണ്...

ഹരി ജനാൽ വഴി പുറത്തേക്കു നോക്കി..അടുക്കള വശത്തു നിന്നാണ് ശബ്ദം വരുന്നത്...

താഴെ കണ്ട കാഴ്ച ഹരിയെ ശെരിക്കും സങ്കടപ്പെടുത്തി ...വലിയ ഒരു ആട്ടു കല്ലിൽ അരി ആട്ടുകയാണ് അഞ്ജലി...

അവളെ കൊണ്ട് താങ്ങാൻ പറ്റാവുന്നതിലും വലുതാണ് ആ ഉരകല്ല്...അവൾ വളരെ പണിപ്പെട്ടാണ് അത് ചെയ്യുന്നതെന് ഹരിക്ക് വ്യക്തം...

ഈ പാതിരാത്രിയുടെ ആദ്യ യാമാങ്ങളിലും അവളുടെ ജോലികൾ തീർന്നിട്ടില്ല , ആവശ്യത്തിനു ജോലിക്കാർ ആ വീട്ടിൽ ഉണ്ടെന്നു ഹരിക്കറിയാം...

വീട്ടിലെ മറ്റു സ്ത്രീ ജനങ്ങൾ ആരും തന്നെ പണി ഒന്ന് തന്നെ ചെയ്യുന്നത് അവൻ കണ്ടിട്ടില്ല...

പക്ഷെ അവരുടെ അതെ അവകാശവും അധികാരവും ഇവർക്കും ഈ വീട്ടിലില്ലേ പക്ഷെ ഇവർ മാത്രം എന്തിനാണ് ഇങ്ങനെ ജോലി ചെയ്യുന്നത്...അത് ഒരു വേലക്കാരിയെ പോലെ ....

അത് ചിന്തിച്ചു നിൽക്കുമ്പോഴേക്കും അവിടേക്ക് ആ തറവാട്ടിലെ ഒരുജോലിക്കാരി വന്നു....

ഗീത അതാണ് അവരുടെ പേര്... രാത്രി ഭക്ഷണം കഴിക്കുന്ന സമയത്ത് ആ പേര് പറഞ്ഞാണ് വല്യമ്മ അവരെ വിളിച്ചത്... ഹരി ഓർത്തു...

"അയ്യോ കുഞ്ഞേ ഞാൻ ചെയ്യാ ഇങ്ങു തന്നേക്ക്..."

വളരെ സൌമ്യതയോടെയുള്ള അവരുടെ ആ സംസാരം ഹരിക്ക് നല്ല്പ്പോലെ ഇഷ്ട്ടമായി... ആ വീട്ടിൽ താൻ വന്നതുമുതൽ ഒരാൾ അഞ്ജലിയോടു ഇത്രയും സ്നേഹത്തോടെ പെരുമാറുന്നത് കാണുന്നത് ഇപ്പോളാണ്.

"അത് സാരമില്ല ഗീതേച്ചി ... അവിടെ അൽപ്പം പാത്രങ്ങൾ കൂടി ബാക്കിയില്ലേ അത് കഴുകി വച്ചേക്കു അപ്പോളേക്കും ഞാൻ ഇത് തീർക്കാം"

അഞ്ജലിയുടെ മറുപടി... ഗീതയുടെ മുഖത്ത് സ്നേഹം പടർത്തി....പാവം കുട്ടി എന്ന മുഖഭാവം ഗീതയുടെ മുഖത്ത് നിന്നും ഹരി വായിച്ചറിഞ്ഞു...

ഹരിക്ക് വല്ലാത്ത സങ്കടം ആണു ഉണ്ടായത്...അവൻ പതിയെ കതകു തുറന്നു പുറത്തേക്കിറങ്ങി....

ശബ്ധമുണ്ടാകാതെ അവൻ താഴേക്കു വന്നു പുറത്തുകൂടി അടുക്കള വശത്തെക്കിറങ്ങി....ആരെങ്കിലും ചോദിച്ചാൽ കാറ്റ് കൊള്ളാൻ ഇറങ്ങിയതാണ് എന്ന് പറഞ്ഞാൽ മതി എന്ന് അവന്റെ മനസവനെ പഠിപ്പിച്ചു...

സാദാരണ ഈ സമയത്ത് അമേരിക്കയിലെ അർദ്ധരാത്രി സമയത്ത് കൂട്ടുക്കാരോടൊപ്പം കറങ്ങി നടന്നു വീട്ടിൽ വന്നു കയറുമ്പോൾ അമ്മയുടെ ചോദ്യങ്ങൾക്ക് മുന്നിൽ പതറി പോകാതെ പിടിച്ചു നിൽക്കാൻ ഹരിക്ക് കൂട്ടായി ഉള്ളത് അവന്റെ മനസു പഠിപ്പിച്ചു കൊടുക്കുന്ന വലിയ ചെറിയ കള്ളങ്ങളാണ്....

ഹരി പതിയെ നടന്നു അടുക്കള വശത്തേക്ക് എത്തി...അപ്പോളേക്കും അഞ്ജലി മാവ് ആട്ടി കഴിഞ്ഞു അത് പാത്രത്തിലേക്ക് മാറ്റിയിരുന്നു....

അപ്പോളാണ് ഇരുട്ടിലൂടെ വരുന്ന ഹരിയെ ശ്രദ്ധിച്ചത്...അവൾ തെല്ലൊന്നു ഭയന്നെങ്കിലും അവിടെ തന്നെ നിന്നു...

കാലടിയുടെ ശബ്ദം കേട്ടുകൊണ്ട് ഗീതയും അങ്ങോട്ടെത്തി ....ഹരിയെ കണ്ട ഗീതയുടെ കണ്ണുകൾ വിടരുന്നത് ഹരി ശ്രദ്ധിക്കാതിരുന്നില്ല എങ്കിലും അവന്റെ ശ്രദ്ധ പൂർണമായും അഞ്ജലിയിൽ ആയിരുന്നു...

വിയർത്തൊലിച്ച് കൈ മുഴുവൻ ആട്ടിയ മാവും പാത്രവും പിടിച്ചു തന്റെ കഴുത്തിലൂടെ ഒഴുകിയ വിയർപ്പു തുള്ളികൾ അവളുടെ മാറിടങ്ങളിലേക്ക് ഒലിച്ചിറങ്ങുന്നത് തടയാനെന്നവണ്ണം അവൾ കൈ കൊണ്ട് അത് തുടച്ചപ്പോൾ അവളുടെ കൈയിലെ മാവിന്റെ അംശം അവളുടെ കഴുത്തിൽ ഒരു വെളുത്ത കുറി പോലെ കാണപ്പെട്ടു..

"എന്താ കുഞ്ഞേ എന്തെങ്കിലും വേണോ?"

ഗീതയാണ് ചോദിച്ചതു....ഒരു പക്ഷെ അഞ്ജലിയാകാം അവളോട് അതു ചോദിക്കാൻ പറഞ്ഞത്...

"ഇല്ല ഒന്നുമില്ല... ഞാൻ .. ഉറക്കം വന്നില്ല അപ്പോൾ ചുമ്മാ ഇറങ്ങിയതാ.... അല്ല്പ്പം കാറ്റുക്കൊള്ളാൻ ...ഇവിടെ നിന്നും ശബ്ദം കേട്ടപ്പോൾ വന്നു നോക്കിയതാ....ഹ.. അൽപ്പം വെള്ളം കിട്ടോ കുടിക്കാൻ"

ഗീതയെ അവിടെ നിന്നും ഒഴിവാക്കാനായി ഹരി ചോദിച്ചു...അഞ്ജലിയുടെ മുഖത്ത് അത് പറഞ്ഞപ്പോൾ അൽപ്പം ദേഷ്യം ഉണ്ടായിരുന്നില്ലേ....

ഇപ്പോൾ കൊണ്ടുവരാം എന്ന് പറഞ്ഞുകൊണ്ട് ഗീത അകത്തേക്ക് നടന്നുപോകുമ്പോൾ അഞ്ജലിയുടെ മനസിൽ വേണ്ടാത്ത ഒരു ഭയം നിറഞ്ഞു നിന്നു...

ഗീത പോയി കഴിഞ്ഞപ്പോൾ ഹരി അഞ്ജലിയെ നോക്കി.. അവളുടെ മുഖത്ത് ഇപ്പോളും ഉണ്ട് ആ വിഷാദ ഭാവം...ഒരുപക്ഷെ വൈകുന്നേരം സംഭവിച്ചതിന്റെ കാരണങ്ങൾ ആകാം ആ വിഷാദ ഭാവത്തിനു വീണ്ടും ആക്കത്തിനു തുടക്കമിട്ടത്....

രാജൻ കൈ വച്ച പാടുകൾ ചുവന്ന കുറിപ്പോലെ അവളുടെ മുഖത്ത് കാണാം.. ഹരിക്ക് അത് കണ്ടപ്പോൾ നന്നേ വിഷമമായി...

“നിങ്ങൾ മാത്രമാണ് ഇവിടെ ജോലി ചെയ്തു ഞാൻ കണ്ടിട്ടുള്ളത്...ഇത്രയും ജോലിക്കാര ഇവിടെ ഉള്ളപ്പോൾ നിങ്ങൾക്കു ജോലി ചെയ്യേണ്ട ആവശ്യം എന്താണ്?”

എവിടെ നിന്നോ കിട്ടിയ ധൈര്യത്തിലോ അതല്ലങ്കിൽ ഇതിന്റെ എല്ലാ ഉടമ ഞാൻ എന്ന തീരുമാനത്തിലോ ഹരി അങ്ങനെ ചോദിച്ചപ്പോൾ ശെരിക്കും ഞെട്ടി തരിച്ചപ്പോലെ അഞ്ജലി നിന്നു...

അവളുടെ കണ്ണുകൾ ഈറനണിഞ്ഞിരുന്നുവോ....ഹരിക്ക് അവളുടെ നിസഹയാവ്സ്ഥ കണ്ടപ്പോൾ ചോദിക്കണ്ടായിരുന്നു എന്നുവരെ തോന്നിപ്പോയി....

അഞ്ജലി പക്ഷെ അപ്പോളും മൌനം വെടിഞ്ഞില്ല....അപ്പോളേക്കും ഒരു കൂജയിൽ വെള്ളവും ഗ്ലാസുമായി ഗീത അങ്ങോട്ടെത്തി...

ഗീതയുടെ കയിൽ നിന്നും ഗ്ലാസ് വാങ്ങിയ ഹരി വീണ്ടും അഞ്ജലിയോടു ചോദിച്ചു...

“ഞാൻ ഇവിടെ ആദ്യമായി വന്നിട്ട് നിങ്ങൾ ഒന്ന് മിണ്ടിയത് പോലും ഇല്ലാലോ.... ഞാൻ വന്നത് ഇഷ്ട്ടമാകാത്തത് കൊണ്ടാണോ മിണ്ടാത്തത്...?”

അഞ്ജലി മിണ്ടാതത്തിൽ ഹരിക്ക് നല്ല വിഷമവും സങ്കടവും ഉണ്ടായിരുന്നു... അവളോട് ഹരിക്ക് കാമം എന്നൊരു വികാരമേ തോന്നിയിട്ടില്ല.... പക്ഷെ എന്തോ.. എവിടെയോ കണ്ടുമറന്ന ഒരു മുഖം പോലെ... ഒരു പക്ഷെ ജീവിതത്തിൽ ഒരു സ്ത്രീയുടെ ശരീര ഭംഗി നോക്കാതെ അവളുടെ മുഖംമാത്രം ശ്രദ്ധിക്കുന്നത് ഇദാദ്യമാണ്....

“സ്നേഹിക്കാനും താലോലിക്കാനും ആളുകൾ ഇവിടെ മത്സരിക്കുന്നുണ്ടാലോ,,,, ഞാൻ എങ്ങനേലും ഇവിടെ ഒന്ന് ജീവിച്ചുപൊക്കോട്ടെ ഉപദ്രവിക്കരുത്”

അഞ്ജലിയുടെ മറുപടി ഇടിവെട്ടേറ്റവനെപ്പോലെയാണ് ഹരി കേട്ട് നിന്നത്....അങ്ങനെ ഒരു മറുപടി അവൻ പ്രേതീക്ഷിച്ചതെയില്ല ...അവന്റെ മനസിൽ സങ്കടം തികട്ടി വന്നു... ഗീത അഞ്ജലിയുടെ മറുപടിയിൽ സ്ഥഭ്തയായി നിന്നു...

അത്രയും പറഞ്ഞുകൊണ്ട് കരഞ്ഞു കലങ്ങിയ കണ്ണുമായി അഞ്ജലി അകത്തേക്ക് നടന്നു....ഹരിയുടെ കൈകൾ ചെറുതായൊന്നു വിറച്ചു.. താൻ അഞ്ജലിയുടെ മനസു വിഷമിപ്പിച്ചു എന്നൊരു കുറ്റബോധം അവനെ അലട്ടാൻ തുടങ്ങി...

അവൾ എന്തുകൊണ്ടാകണം അങ്ങനെ പറഞ്ഞത്.... എന്താണ് ഈ വീട്ടിലെ അവളുടെ പ്രശനം... ഒരുപക്ഷെ അത് ഗീതയ്ക്കു അറിയുമായിരിക്കുമോ....

തന്നെ നോക്കി വാ പൊളിച്ചു നിൽക്കുന്ന ഗീതയെ ഹരി കണ്ടു.. അവര് അഞ്ജലിയുടെ ആ മറുപടിയിൽ നന്നേ പെടിചിരിക്കാം...ഇവരോട് ചോദിച്ചു നോക്കിയാലോ...

ധൈര്യം സംഭരിച്ചുകൊണ്ട് ഹരി ഗീതയെ നോക്കി ചോദിച്ചു..

“ചേച്ചി,.. ഇവർക്ക് എന്താണ് പറ്റിയത്... ഞാൻ വന്നപ്പോൾ മുതൽ ഒരു വേലക്കരിയെപ്പോലെ ഇവർ ഇവിടെ കിടന്നു പണിയെടുക്കുകയാണ് ...എല്ലാവര്ക്കും ഇവരോട് ദേഷ്യമാണ്... എന്താണ് അതിനു കാരണം.... ചെചിക്കറിയില്ലേ”

പെട്ടന്നുള്ള അഞ്ജലിയുടെ മറുപടിയും തുടർന്നുള്ള ഹരിയുടെ ചോദ്യവും ഗീതയെ ചെകുത്താനും കടലിനും ഇടയ്ക്കു എന്ന അവസ്ഥയിൽ എത്തിച്ചു... എന്ത് പറയണം എന്നറിയാതെ അവർ കുഴങ്ങി.,,

“പറയു... ഒന്നിനും വേണ്ടിയല്ല...ആരോടും ചോദിക്കാനോ പറയാനോ അല്ല.. എന്നാലും ഈ വീട്ടിൽ മറ്റെല്ലാവരെയും പോലെ അധികാരവും അവകാശവും ഉള്ള അവർ ഇത്രക്കും സങ്കടപ്പെടണമെങ്കിൽ അതിനു തക്കതായ കാരണം ഉണ്ടാകും... അതാണ് എനിക്ക് അറിയണ്ടത്...”

ഹരി ശബ്ദം അൽപ്പം കനപ്പിച്ചു ചോദിച്ചു... ഇവരൊക്കെ അങ്ങനെ ചോദിച്ചാലെ പറയുകയുള്ളൂ എന്നത് ഹരിക്ക് തോന്നി....

ചോദികുന്നത് അന്നധാദാവാണ് മറുപടി പറയാതിരിക്കാൻ കഴിയില്ല,,,ഗീത വിയർക്കാൻ തുടങ്ങി... അവളുടെ കണ്ണുകളിൽ വായിച്ചെടുക്കാൻ കഴിയാത്ത ഭാവം...

“അത് കുഞ്ഞേ ഞാൻ......”

അവർ വാക്കുകൾക്കു വേണ്ടി പരതി...

ഭയമാണ് അവരുടെ പ്രശനം എന്നത് ഹരിക്ക് മനസിലായി...

“ഭയം വേണ്ട ഇത് എന്നോട് പറയുന്നതിൽ നിങ്ങള്ക്ക് യാധൊരു കുഴപ്പവും ഉണ്ടാകില്ല...മറിച്ചു നിങ്ങൾക്കു ഗുണം മാത്രമേ ഉണ്ടാകു”

ഹരിയുടെ ആ വാക്കുകൾ ഏറ്റു എന്നത് അവരുടെ മുഖത്തെ പെട്ടന്നുണ്ടായ പ്രേസ്സനതയിൽ നിന്നും ഹരിക്ക് മനസിലായി..

അഞ്ജലിയുടെ സങ്കടത്തിന്റെ കാരണങ്ങൾ ഗീത പറയാൻ തുടങ്ങി...

ഹരി അതിനായി കാതോർത്തു...

അഞ്ജലിയുടെ സങ്കടങ്ങൾ ഗീത പറഞ്ഞു തുടങ്ങി...

“കുഞ്ഞേ ഞാൻ ഇത് പറഞ്ഞു എന്നത് ഇവിടെ ആരും അറിയരുത് എന്റെ ജോലി പോകും ...ഈ ഒരു വരുമാനം കൊണ്ട് മാത്രമാണ് ഞാനും എന്റെ കുടുംബവും ജീവിച്ചുപോകുന്നത്...”

ഗീതയുടെ കണ്ണുകളിൽ അപ്പോളും ഭയം നിറഞ്ഞു നിന്നിരുന്നു...

“ഞാൻ പറഞ്ഞില്ലേ എന്നോട് ഈ കാര്യങ്ങൾ പറഞ്ഞതുകൊണ്ട് ജീവിതത്തിൽ നിങ്ങൾക്ക് ഗുണങ്ങൾ മാത്രമേ ഉണ്ടാകു”

ഹരിയുടെ ആ വാക്കുകൾ ഗീതയ്ക്കു ആത്മവിശ്വാസം ഉണ്ടാക്കി കൊടുത്തു...

ഗീത പറഞ്ഞു തുടങ്ങി... ആ സമയം ചീവിടുകൾ പോലും അത് കേൾക്കാനെന്നവണ്ണം നിശബ്ദരായി...

“കുഞ്ഞേ ആ കുട്ടി ഒരു പാവമാണ്... അതിന്റെ ജീവിതങ്ങൾ അത്രയും സങ്കടങ്ങൾ മാത്രം നിറഞ്ഞതാണ്... എന്നോട് എല്ലാ സങ്കടങ്ങളും വന്നു പറയും... ഉരല് ചെന്ന് മദ്ദളത്തോട് പരാതികൾ പറയുന്നതുപ്പോലെ...”

അതുപറയുമ്പോൾ ഗീതയുടെ അവസ്ഥയും മറിച്ചല്ല എന്ന് ഹരിക്ക് തോന്നി...നോട്ടു കെട്ടുകളുടെ ഇടയിൽ ജീവിച്ചുപോന്ന ഹരിക്ക് ദാരിദ്ര്യവും കഷ്ട്ടപാടും പട്ടിണിയും ഇതുവരെ എന്തെന്നുപോലും അറിയില്ല എങ്കിലും അമ്മേയെന്ന നിറകാവ്യം പകർന്നു തന്ന ഓരോര അനുഭവങ്ങളും അവനു ഗീതയുടെയും അഞ്ജലിയുടെയും സങ്കടങ്ങൾ മനസിലാക്കാൻ പ്രാപ്തനാക്കിയിരുന്നു ...

ഗീത തുടർന്നു..

“ആ കുട്ടി ജനിച്ചതും വളർന്നതും ഒരു സാദാരണ കുടുംബത്തിലാണ് അവൾക്കു താഴെയായി രണ്ടു പെൺകുട്ടികൾ കൂടെയുണ്ട്...പണമില്ലെങ്കിലും കൂലിപ്പണിക്കാരനായ അവളുടെ അച്ഛൻ അവരെ നല്ല രീതിയിൽ തന്നെ ആണു നോക്കിയത്.... പക്ഷെ വിധി എന്നും പാവങ്ങൾക്ക് എതിരാണല്ലോ... അഞ്ജലി പത്തിൽ പഠിക്കുന്ന സമയം പെട്ടന്നുണ്ടായ ഒരു അറ്റാക്കിൽ അവരുടെ അച്ഛൻ മരണപ്പെട്ടു...അച്ഛന്റെ വിയോഗത്തിൽ തകർന്നു പോയ ആ കുടുംബം പിന്നീട് ആരും തിരിഞ്ഞു നോക്കാനില്ലാതെ ഒറ്റപ്പെട്ടു പോയപ്പോൾ തളരാതെ പിടിച്ചു നിന്നത് അവരുടെ അമ്മയാണ്..”

അപ്പോളേക്കും ഗീതയുടെ കണ്ണുകൾ നിറഞ്ഞിരുന്നു...മറ്റുള്ളവരുടെ വിഷമത്തിലും സ്വയം വേദനിക്കുന്ന നാട്ടിൻ പുറങ്ങളിലെ നിഷകളങ്കമായ സ്നേഹം അമ്മയിൽ നിന്നും ഹരി ഒരുപ്പാട് കേട്ടിട്ടുണ്ട്...

തന്റെ അച്ഛൻ തന്നെ അതിനുള്ള ഒരു സാക്ഷിയല്ലേ.... അല്ലങ്കിൽ ഇന്നത്തെ കാലത്ത് സ്വന്തം മാതാപിതാക്കളെ പോലും പണത്തിന്റെയും സ്വത്തിന്റെയും പേരിൽ കൊല്ലാൻ പോലും മടിക്കാണിക്കാത്ത നാട്ടിൽ അകന്ന ബന്ധത്തിൽ പെട്ട ഇവർക്ക് എല്ലാ സ്വത്തും നോക്കി നടത്താനും അതിന്റെ ലാഭ വിഹിതം എടുക്കാനും അച്ഛൻ സമ്മതിക്കുമായിരുന്നില്ലലോ...

വീണ്ടും ഹരിയുടെ മനസിൽ അച്ഛന്റെ സ്ഥാനം ഉയർന്നു...

ഹരിയുടെ ശ്രദ്ധ വീണ്ടും ഗീതയിലേക്ക് തിരിഞ്ഞു...

“പല വീടുകളിലും മാറി മാറി ജോലി ചെയ്തു അഞ്ജലിയുടെ അമ്മ അഞ്ജലിയെ ബി.എഡ വരെ പഠിപ്പിച്ചു... അമ്മയുടെ കഷ്ട്ടപ്പാടുകൾ നല്ലപ്പോലെ അറിയാവുന്ന അഞ്ജലി പഠനത്തിൽ അൽപ്പം പോലും ഉഴപ്പിയില്ല അതുകൊണ്ട് തന്നെ അവൾ ബി എഡ രണ്ടാം റാങ്കിൽ തന്നെ പാസായി....

അടുത്തുള്ള ഒരു സ്കൂളിൽ ജോലിക്കായി ശ്രമിച്ചപ്പോൾ അവിടെയും പണം എന്ന നോട്ടുകൾ വില്ലനായി...പണത്തിന്റെ മുന്നിൽ അറിവിന്റെ വില ചെറുതായി...പക്ഷെ അടുത്തുള്ള കുട്ടികൾക്ക് ടൂഷൻ എടുത്തു അഞ്ജലി അമ്മയെ സഹായിച്ചു...

അപ്പോളാണ് ഇവിടുത്തെ രാജൻ സാറിന്റെ കല്യാണാലോചന അഞ്ജലിക്ക് വരുന്നത്....ആ നാട്ടിലുള്ള സകല പ്രമാണിമാരും അഞ്ജലിയെയും കുടുംബത്തെയും അസൂയയോടെ നോക്കി...

ചെന്ന് കയറാൻ പോകുന്നത് മുല്ലശ്ശേരി തറവാട്ടിലെക്കാണു എന്നത് ആ നാട്ടിൽ അഞ്ജലിക്ക് വലിയ മാനങ്ങൾ ശ്രഷ്ട്ടിച്ചു നൽകി... അവരുടെ കുടുംബം രക്ഷപ്പെടുമെന്നു എല്ലാവരും പറഞ്ഞു...

അഞ്ജലിക്ക് പക്ഷെ ആലോചന വന്നത് തീരെ ഇഷ്ടമായില്ല..ഒന്നാമത് രാജന് വയസ്കൂടുതലാണ്..വിദ്യാഭ്യാസം തീരെ ഇല്ല....പക്ഷെ കുടുബം രക്ഷപ്പെടും എന്ന എല്ലാവരുടെയും സംസാരം മറ്റൊന്നും ചിന്തിക്കാതെ അവളെ ഒരു ഭാര്യയാക്കി.

വന്നു കയറിയ വീട്ടിൽ പക്ഷെ അവൾ പ്രേതീക്ഷിച്ചതോ ചിന്തിച്ചതോ ഒന്നുമല്ല നടന്നത്...

ഏതോ ഒരു പെണ്ണുമായി പ്രേണയത്തിലായ രാജനെ പക്ഷെ അവളുടെ പെട്ടന്നുള്ള മരണം മുഴു കുടിയിനാക്കി...കുടിച്ചു ലക്ക് കേട്ട് തറവാടിനു തന്നെ നാണക്കേടാകും വിധം അയാൾ നടന്നു...

അതിനു പ്രശ്ന പരിഹാരം എന്നോണമാണ് അയാളെ കല്യാണം കഴുപ്പിക്കാൻ മറ്റുള്ളവർ തീരുമാനിച്ചത്...പക്ഷേ മുഴു കുടിയനായ ഒരാളെ വിവാഹം ചെയ്യാൻ ആരും തയ്യറാവാതിരുന്നത് എല്ലാവരെയും വിഷമിപ്പിച്ചു...

അപ്പോളാണ് അഞ്ജലിയുടെ കാര്യം ദല്ലാൾ വന്നു പറയുന്നത്....വന്നു കയറുന്ന പെണ്ണിന്റെ സ്ത്രീധനം മാത്രം കണ്ണിൽ കണ്ടിരുന്ന ഇവിടുത്തെ വലിയമ്മായിക്കു പക്ഷെ അഞ്ജലിയെ തീരെ ഇഷാട്ടമായില്ല..

മാത്രമല്ല ബാലന്റെ പെണ്ണായി വന്ന സുമലത കാശിന്റെ കാര്യത്തിൽ അഞ്ജലിയെക്കാൾ ഒരുപ്പാട് മുൻപന്തിയിലാണ് എന്നുള്ളതും അഞ്ജലിക്ക് വിനയായി...

കല്യാണം കഴിഞ്ഞു തറവാട് വക സ്കൂളിൽ ജോലി വാഗ്ദാനവും ഉണ്ടായിരുന്നു എന്നാൽ അതും നടന്നില്ല....

കല്യാണം കഴിഞ്ഞു വന്ന അന്നു തന്നെ അഞ്ജലിയെ രാജൻ തല്ലി...അയാൾക്ക് അഞ്ജലിയെ ഇഷ്ട്ടമേ അല്ലായിരുന്നു.. വീട്ടുക്കാരുടെ നിർബന്ധം മാത്രമാണ് അഞ്ജലിയുടെ കഴുത്തിൽ അയാൾ താലി കെട്ടാൻ കാരണം....

സ്വന്തം ഭർത്താവിനു പോലും ഇല്ലാത്ത സ്നേഹം എന്തായാലും മറ്റുള്ളവരിൽ നിന്നും കിട്ടില്ലലോ...അങ്ങനെ അഞ്ജലിക്ക് ഇവിടുത്തെ വേലക്കാരിയുടെ സ്ഥാനം ലഭിച്ചു...

മറ്റുള്ളവരുടെ മുന്നിൽ മാത്രം രാജന്റെ ഭാര്യ എന്നാ പദവി അവൾക്കു ലഭിച്ചു...

പണത്തിന്റെ അഹങ്കാരം തലയിൽ ചൂടിയ സുമലതയും പണക്കൊതിയിൽ മാത്രം ജീവിക്കുന്ന ശാരദയും , അവർ വരച്ച വരകളില മാത്രം നിൽക്കുന്ന ഭർത്താക്കന്മാരും കൂടി ആയപ്പോൾ അഞ്ജലി തീർത്തും ഒറ്റപ്പെട്ടു...

എങ്ങനൊക്കെ അവളെ കഷ്ട്ടപ്പെടുതാവോ അങ്ങനൊക്കെ അവർ അഞ്ജലിയെ ഉപദ്രവിച്ചു..

കല്യാണം കഴിഞ്ഞു രണ്ടു വർഷമായി അവരെ സ്വന്തം വീട്ടിലേക്കു പോലും ഇവിടുന്നു പോകാൻ അനുവദിച്ചില്ല....

അവരുടെ നേർ താഴെയുള്ള അനുജത്തിയുടെ കല്യാണം നാട്ടുകാരുടെ മുന്നിൽ മാനം കാക്കാൻ മുല്ലശ്ശേരി തറവാട്ടുക്കാർ നടത്തികൊടുതപ്പോൾ അതിനു പോലും അവളെ പോകാൻ അനുവദിക്കാതെ ഇവർ അവളോട് ക്രൂരത കാണിച്ചു...

ഒരു ഭാര്യ ഭർതൃ ബന്ധം ഇതുവരെ അഞ്ജലിയും രാജനും തമ്മിൽ നടന്നിട്ടില്ല...പിന്നെ എങ്ങനെ കുട്ടികൾ ഉണ്ടാകും .... പക്ഷെ ആ കുറ്റവും അവൾക്കു തന്നെ ഈ തറവാട്ടിലുള്ളവർ നൽകി അവൾക്കു മച്ചി എന്ന പേരും സമ്മാനിച്ചു..

“ഹോ നീ പറഞ്ഞു പറഞ്ഞു അവനെ ഇനി ഇല്ലാതെ സങ്കടം ഉണ്ടാകണ്ട...അവിടെ അവനെ നിന്നെക്കാൾ നല്ല രീതിയിൽ നോക്കാൻ ആളുകളുണ്ട്”

ഫോണിലൂടെ അച്ചന്റെ ശബ്ദം ഹരി കേട്ടൂ..

“ആര് നോക്കിയാലും മക്കളുടെ മനസൊന്നു പിടച്ചാൽ പെറ്റ വയറിനു അതറിയാം”

ഹരിയുടെ അച്ഛനുള്ള മറുപടി അവിടെ അമ്മ പറയുന്നത് കേട്ട് ഹരിയുടെ കണ്ണുകൾ നിറഞ്ഞൊഴുകി...

“അമ്മെ ഞാൻ ഇവിടെ ചില തീരുമാനങ്ങൾ എടുക്കാൻ പോകുകയാ”'

ഹരി പെട്ടന്നാണ് അത് പറഞ്ഞത്..

“എന്താ മോനേ..എന്ത് തീരുമാങ്ങൾ”

അമ്മയുടെ ആ ചോദ്യത്തിന് മറുപടി പറയും മുൻപേ അച്ചന്റെ ശബ്ദം അവൻ ഫോണി കേട്ടു...അമ്മയുടെ അടുത്ത് നിന്നും ഫോൺ അച്ഛൻ വാങ്ങി എന്നത് ഹരിക്ക് മനസിലായി ...

“മോനെ ഹരി നീ എന്ത് തീരുമാനെമെടുതാലും അത് നല്ലതാകും...നീ എന്റെ മോനല്ലേ..അവിടെ അതിനുള്ള അധിക്കാരം നിനക്ക് മാത്രമേ ഉള്ളു...എങ്കിലും തീരുമാനെമെടുക്കുന്നത് അവിടെ ഉള്ളവരെ ആരെയും വേദനിപ്പിക്കരുത് അത് കൂടി മോൻ ശ്രേധിക്കണം...അത്രയ്ക്ക് കടപ്പാടുണ്ട് അച്ഛന് അവിടെ ഉള്ളവരോട്”

അത് പറയുമ്പോൾ അച്ഛന്റെ വാക്കുകളിൽ അവരോടുള്ള സ്നേഹം ഹരി മനസിലാക്കി...

ഫോൺ വച്ച് ഹരി കട്ടിലിൽ കിടക്കുമ്പോൾ അച്ചന്റെ സ്നേഹത്തിന്റെ പകുതിപോലും ഇവിടെ ആർക്കും അച്ഛനോട് ഇല്ലതെപ്പോയല്ലോ എന്നത് ഹരിക്ക് വല്ലാത്ത വിഷമം. ഉണ്ടാകി...

രാത്രിയിൽ എപ്പോളോ ഉറങ്ങിപ്പോയ ഹരി ശാരദയുടെ വിളി കേട്ടാണ് ഉറക്കമുണർന്നത്...

വാതിൽ തുറന്നു വന്ന ഹരി അവരോടു ഒന്ന് പുഞ്ചിരിചെന്നു വരുത്തി...അപ്പോളേക്കും ഇന്നലെ നടന്നതിന്റെ ക്ഷേമാപണ കെട്ടുകൾ അഴിച്ചിട്ടിരുന്നു ശാരദ...അച്ഛനോടും അമ്മയോടും ഇത് പറയരുതെന്ന് പറഞ്ഞുകൊണ്ട് അവർ അവനെ കാപ്പി കുടിക്കാൻ വിളിച്ചു....

ഇപ്പോൾ വരാം എന്ന് പറഞ്ഞുകൊണ്ട് ഹരി അകത്തേക്ക് പോയി...പ്രഭാത കൃത്യങ്ങൾക്ക് ശേഷം അവൻ താഴേക്കു ചെന്നു....

അവിടെ അവനെ കണ്ട എല്ലാവരും ശാരദയുടെ പല്ലവികൾ തന്നെ ആവർത്തിച്ചു...അഞ്ജലിയെ മാത്രം എവിടെയും കണ്ടില്ല...

ഭക്ഷണം കഴിച്ചു കഴിഞ്ഞു പൂമുഖത് വന്നിരുന്നപ്പോളും ഹരിയുടെ മനസിൽ ഇന്നലത്തെ കാര്യങ്ങൾ മാത്രമായിരുന്നു..

“കേട്ടോ ഹരി നമുക്കിന്നു സ്കൂൾ വരെ ഒന്ന് പോകണം..അവിടെ ഒരു ടീച്ചറുടെ ഒഴിവുണ്ടാത്രേ അതിലേകുള്ള ഇന്റർവ്യൂ ഇന്നാണ്...അപ്പോൾ മോൻ കൂടെ ഉണ്ടായിരുന്നെങ്കിൽ നന്നായേനെ..”

നാരായണൻ ചിരിച്ചു കൊണ്ട് അത് പറഞ്ഞപ്പോൾ ഹരിയുടെ മനസിൽ ആയിരം പൂത്തിരികൾ വിടർന്നു...അവൻ നാരായണനെ നന്ദിയോടെ നോക്കി..

ശാരദയും സുമലതയും അപ്പോളേക്കും അങ്ങോട്ട് വന്നു...

“അതിനിപ്പോൾ വേറെ ഇന്റർവ്യൂവിന്റെ ആവശ്യമെന്ത ...ഇവിടെ തന്നെ ഉണ്ടല്ലോ ഒരു ടീച്ചർ”

ഹരി അത് പറയുമ്പോ ഒന്നും മന്സിലാകാത്ത പോലെ എല്ലാവരും നിന്നു...

“ഇവിടെ “

ശാരദ സംശയത്തോടെ ചോദിച്ചു...

ഹരി ഒന്ന് പുഞ്ചിരിച്ചു...

“വല്യമ്മ എത്ര വരെ പഠിച്ചു?”

ഹരി അത് ചോദിച്ചു കൊണ്ട് ശാരദയെ നോക്കിയപ്പോൾ നാരായണൻ നിന്നു ചിരിച്ചു..

“എന്റെ മോനെ ഇവൾ വെറും നാലക്ലാസ് ഉള്ളു...അവിടെ ഉള്ള കുട്ടികളെ ഇവൾ പഠിപ്പിച്ചാൽ ആ സ്കൂൾ ഇന്ന് തന്നെ പൂട്ടേണ്ടി വരും...”

നാരായണൻ അത്രയും പറഞ്ഞു പൊട്ടിച്ചിരിച്ചപ്പോൾ എല്ലാവരും ആ ചിരിയിൽ പങ്കു ചേർന്നു...

“സുമലതയോ”

ഹരിയുടെ ആ ചോദ്യം വന്നപ്പോൾ ചിരിച്ചു കൊണ്ടിരുന്ന സുമലതയുടെ ,മുഖം പെട്ടന്ന് വെളിച്ചം അണഞ്ഞ ബൾബ് പോലെ ആയി..

“ഞാൻ ....ഞാൻ പ്ലസ് ടു വരെ പഠിച്ചു അതുകഴിഞ്ഞ് ബ്യൂട്ടീഷൻ കോഴ്സ് പഠിക്കണം എന്നായിരുന്നു പക്ഷെ അപ്പോളേക്കും കല്യാണം കഴിഞ്ഞു”

തല ചൊറിഞ്ഞു കൊണ്ടാണ് സുമലത അത് പറഞ്ഞത്....ശാരദ അത് കേട്ട് ചുമൽ കൂചി പതിയെ അവൾ കാണാതെ പുച്ഛ ഭാവത്തിൽ ചിരിച്ചു...ഹരി അത് കണ്ടെങ്കിലും കണ്ടില്ലെന് നടിച്ചു....

“അതിനെന്താ ഇനിയും പഠിക്കലോ ബ്യൂടീഷൻ കോഴ്സ്...”

ഹരി അത് പറയുമ്പോൾ സുമലതയുടെ കണ്ണുകൾ വിടർന്നു...അവളുടെ മുഖത്ത് സന്തോഷം വിരുന്നെത്തി...

“ഇനിയിപ്പോ എന്ത് പഠിക്കാന കുഞ്ഞേ കല്യാണമൊക്കെ കഴിഞ്ഞതല്ലേ”

ഹരിയുടെ വാക്കുകൾ ഇഷ്ട്ടപ്പെടാത്ത ശാരദ അത് പുറത്തു കാണിക്കാതെ പറഞ്ഞപ്പോൾ സുമലത ശാരദയെ ദേഷ്യത്തോടെ നോക്കി...നാരായണൻ ഇതെല്ലം കേട്ട് മിണ്ടാതിരിക്കുകയാണ് ..

“കല്യാണം കഴിഞ്ഞതൊന്നും കുഴപ്പമേ ഇല്ല പഠനം എപ്പോളുമാകാം...അറിവിന് പ്രായപരിധിയില്ല വല്യമ്മ”

ഹരി വീണ്ടും സുമലതേ സപ്പോർട്ട് ചെയ്തപ്പോൾ സുമലതയുടെ മുഖം വീണ്ടും പ്രേസാന്നമായി...

“ഇവിടെ അടുത്ത് വല്ല സ്ഥാപനവും ഉണ്ടോ അങ്ങിനത്തെ”

“ആ ഉണ്ട് നമ്മുടെ സ്കൂളിന്റെ അവിടുന്ന് കുറച്ചു പോയാൽ ഒന്നുണ്ട്”

സുമലത വേഗത്തിൽ അത് പറഞ്ഞു...ശാരദ അവരുടെ പുച്ഛ ഭാവം അപ്പോളും പ്രകടമാക്കി..

“എങ്കിൽ ഇന്ന് തന്നെ നമുക്കവിടെ പോയി അഡ്മിഷൻ എടുക്ക എന്ത് പറയുന്നു”

“ഞാൻ റെഡി”

സുമലത അതു പറഞ്ഞുകൊണ്ട് നന്ദിയോടെ ഹരിയെ നോക്കി...അപ്പോളാണ് തലയിൽ പുൽ ചുമടുമായി അഞ്ജലി അത് വഴി വരുന്നത് ഹരി കണ്ടത്...ഹരിയുടെ മുഖം വിഷാദത്തിലേക്ക് കൂപ്പു കുത്തി..

അഞ്ജലിയെ കണ്ട ശാരദ ദേഷ്യം കൊണ്ട് മുഖം ചുളിച്ചു...അഞ്ജലി അവർ അവിടെ ഇരിക്കുന്നത് അറിയാതെ ആണു അത് വഴി വന്നത്...നാരായണൻ പല്ല് കടിച്ചു...അഞ്ജലി വേഗത്തിൽ താനെ അവിടെ നിന്നു നടന്നു പോകാൻ ഒരുങ്ങി...

“അഞ്ജലി ഇവിടെ വന്നെ”

ഹരിയുടെ ശബ്ദം കേട്ട അവൾ എന്ത് ചെയ്യണമെന്നറിയാതെ നിന്നു....

“കുഞ്ഞു വിളിച്ചത് കേട്ടില്ലേ നീ “

ശാരദ അമർഷം അടക്കി വച്ച് അഞ്ജലിയെ നോക്കി പറഞ്ഞു..അവൾ പുൽ കേട്ട ഒരു സൈഡിൽ വച്ച് കൊണ്ട് മുഖത്തെ വിയർപ്പു തുടച്ചു കൊണ്ട് അങ്ങോട്ട് വന്നു...

നെറ്റിയിയുടെ വലതു വശത്തു ഇന്നലത്തെ മുറിവിൽ ബാൻഡ്എെയ്ഡ് ഉണ്ടായിരുന്നതു ഹരി ശ്രദ്ധിച്ചു...

“തലയിലെ ഈ മുറിവും വച്ചാണോ ഇങ്ങനെ ചുമടെടുത്തു നടക്കുന്നത്”

ഹരി അൽപ്പം ദേഷ്യത്തോടെ അത് അഞ്ജലിയോടു ചോദിച്ചുകൊണ്ട് ശാരദയെ നോക്കി..

“ഹാ..അത്...ഞാൻ പറഞ്ഞതാണേ അവൾ കേൾക്കണ്ടേ.. അവൾക്ക് ഈ പശുക്കളെ ഭയങ്കര ഇഷ്ട്ടമ...അവൾ കൊണ്ട് വന്നു കൊടുത്താലേ അവറ്റകൾ പുല്ലു തിന്നു എന്നാ ഇവളുടെ വാദം”

വേറൊന്നും പറയാൻ ഇല്ലാത്തതുകൊണ്ട് ശാരദ അത് എങ്ങനോക്കെയോ പറഞ്ഞൊപ്പിച്ചു...

“ആണോ”

ഹരി അഞ്ജലിയെ നോക്കി ചോദിച്ചു..ശാരദ അഞ്ജലിയെ തറപ്പിച്ചു നോക്കി...അവൾ അതെയെന്നു തലകുലുക്കി..അടുത്ത ഭൂഗബതിനുള്ള വഴി ആയെന്നു ശാരദയുടെ മുഖത്ത് നിന്നും അഞ്ജലി മനസിലാക്കി..

“നിങ്ങൾ ബി, എഡ പഠിച്ചതല്ലേ?”

ഹരിയുടെ ആ ചോദ്യം അവിടെ പക്ഷെ ആരും പ്രതീക്ഷിച്ചില്ല..

അഞ്ജലി എല്ലാവരെയും പതിയെ നോക്കികൊണ്ട് ആ ചോദ്യത്തിനും തലയാട്ടി...ഹരിയുടെ ഉദേശം ഏകദേശം എല്ലാവർക്കും മനസിലായി...പക്ഷെ സുമലത അപ്പോളും ചിന്തയിൽ ആയിരുന്നു..

“ഏത ഇഷ്ട്ട വിഷയം”

ഹരി വീണ്ടും ചോദിച്ചു...അഞ്ജലി ഒന്നും മിണ്ടാതെ നിന്നു...ശാരദ പല്ല് കടിച്ചു....

“ഫിസിക്സ്”

അഞ്ജലി മടിച്ചു കൊണ്ട് പറഞ്ഞു....ഇന്നത്തെ തന്റെ ദിവസം ഇങ്ങനെ ഓരോന്ന് ചോദിച്ചു കുളമാക്കിയ ഹരിയോട് അഞ്ജലിക്ക് ദേഷ്യം തോന്നി...ഇന്നിനി എന്തൊക്കെ കേൾക്കണം ഈശ്വരാ അഞ്ജലിയുടെ ,മനസു വീണ്ടും ഭയം പിടിമുറുക്കി...

“മ്മ....കുട്ടികളെ പടിപ്പിക്ക്കാൻ ഇഷ്ട്ടമാണോ?”

ഈശ്വരാ ഇയാൾക്ക് ഇതെന്തിന്റെ കെട...നാളെ മുതൽ നല്ല ദിവസം എന്ന് പറഞ്ഞിട്ട് ഇയാൾ ഇത് എനിക്കിട്ടു നല്ല പണി തരുവാണല്ലോ...ഇതാണോ നല്ല ദിവസം..അഞ്ജലി മനസിൽ ആയിരം ചോദ്യങ്ങൾ മൌനമായി ഹരിയോട് ചോദിച്ചു..

“ചോദിച്ചത് കേട്ടില്ലേ നമ്മുടെ സ്കൂളിൽ പഠിപ്പിക്കാൻ സമ്മതമാനോന്നു”

ഹരിയുടെ ആ ചോദ്യം അഞ്ജലിയിൽ എന്തെന്നില്ലാത്ത സന്തോഷവും മറ്റുള്ളവരിൽ ദേഷ്യവും ഉണ്ടാക്കി...

“അയ്യോ അവൾക്കതോന്നും ഇഷ്ട്ടമാല്ലായിരിക്കും ...അവൾക്ക്ഈ പശുക്കലോടൊക്കെ”

ശാരദ അത് മുഴുമിക്കുന്നതിനു മുന്നേ ഹരി ഇടയ്ക്കു കയറി..

“അത് അഞ്ജലി പറയട്ടെ..എന്താ അഞ്ജലിക്ക് ഇഷ്ട്ടമല്ലേ”

ഹരി അത് ചോദിച്ചുകൊണ്ട് മറ്റാരും കാണാതെ അഞ്ജലിക്ക് നേരെ കണ്ണടച്ച് കാണിച്ചു..

അപ്പോൾ ഇതാണ് ഹരി പറഞ്ഞ നല്ല ദിവസം..അഞ്ജലി ഒരു നിമിഷം എന്ത് പറയണം എന്നറിയാതെ നിന്നു..

ഹരി വീണ്ടും നോക്കിയപ്പോൾ അതെ എന്ന് വീണ്ടും തലയാട്ടി അഞ്ജലി ഉത്തരം പറഞ്ഞു...ഹരിക്കും സന്തോഷമായി..ശാരദയുടെ മുഖം ദേഷ്യം കൊണ്ട് ചുവന്നു..

“എങ്കിൽ വേഗം പോയി റെടി ആയി വരൂ...സ്കൂളിൽ പോകണം...സുമലതയും ചെല്ല്...ഇന്ന് തന്നെ അഡ്മിഷൻ എടുക്കാം”

ഹരി അത് പറഞ്ഞപ്പോൾ സുമലത സന്തോഷം കൊണ്ട് തുള്ളിച്ചാടി എഴുന്നേറ്റു അകത്തേക് ഓടി...

അഞ്ജലി ഒരു നിമിഷം സ്ഥബ്ധതായി നിന്നു...

“പറഞ്ഞത് കെട്ടിലെ വേഗം ചെല്ലു”

ഹരി ചിരിച്ചു കൊണ്ട് അഞ്ജലിയോടു കണ്ണടച്ച് കാണിച്ചു..അഞ്ജലി അവിടെ നിന്നും പോയി...ശാരദ എല്ലാം കണ്ടു വാ പൊളിച്ചു നിന്നു...

“അല്ല സ്കൂളിൽ മാഷിനോടോന്നു ചോദിക്കാതെ”

നാരായണൻ തല ചൊരിഞ്ഞു കൊണ്ട് ചോദിച്ചു..

“മാഷോടൊക്കെ ഞാൻ പറയാം ....അമ്മാവൻ വസ്ത്രം മാറി വരൂ..”

അത് പറഞ്ഞുകൊണ്ട് ഹരി മുകളിലേക്ക് കയറി പോയി...തീരുമാനം എടുക്കാൻ അധികാരമുള്ളവന്റെ സ്വരം ആവീട്ടിൽ ഉയർന്നു ...

അവന്റെ മനസു സന്തോഷം കൊണ്ട് ഇളകി മറയുന്ന കടൽ പോലെ ആയി...അഞ്ജലിയുടെ ദുരിതങ്ങൾ തീർന്നു എന്ന് അവൻ മന്സാൽ സന്തോഷിച്ചു...

നാരായണനും ശാരദയും മുഖത്തോട് മുഖം നോക്കി ഒന്നും മന്സില്കാതെ വാ പൊളിച്ചു നിന്നു..

വേഗത്തിൽ തന്നെ വസ്ത്രം മാറികൊണ്ട് ഹരി താഴേക്കു വന്നു..ശാരദ അപ്പോളും അവിടെ ഉണ്ടായിരുന്നു...അവനെ കണ്ട ശാരദ ചിരിച്ചെന്നു വരുത്തി..

“വല്യമ്മ വരുന്നോ ഞങ്ങളുടെ കൂടെ “

ചുമ്മാ ഒരു ഫോർമാലിറ്റിക്ക് ഹരി ചോദിച്ചു..

“ഓ ഞാൻ എന്നാത്തിന കുഞ്ഞേ വരുന്നത്...അവിടെ എനിക്കെന്തു കാര്യമുണ്ടയിട്ടാ...പിന്നെ ഇന്ന് മോള് വരുന്നുണ്ട് ...അപ്പോൾ അവൾക് വല്ലതും ഉണ്ടാക്കണം “

ശിൽപ്പയുടെ കാര്യമാണ് ശാരദ പറഞ്ഞതെന്ന് ഹരിക്ക് മനസില്ലായി..ഈ തറവാട്ടിലെ ഏക സന്താനം...ഹരി മനസിലോർത്തു..

“ആഹ ഇന്നാണോ വരുന്നത് കൊള്ളാം ...എപ്പോളെക്കെതും”

“അവൾ ഉച്ചയോടെ വരും”

ശാരദ അത് പറഞ്ഞപ്പോളെക്കും സുമലത വന്നു...വെളുത്ത ഒരു ചുരിദാർ ആണു അവളുടെ വേഷം...അത്രയും വൃത്തിയായി ശരീര ഭാഗങ്ങൾ കാണിക്കാതെ ഒരു വേഷത്തിൽ ആദ്യമായാണ് ഹരി അവളെ കാണുന്നത്..ബാക്കി എല്ലാ സമയങ്ങളിലും സാരിയോ നൈറ്റിയോ ആയിരിക്കും അതും അവളുടെ ശരീരത്തെ നല്ലപ്പോലെ കാണിക്കുന്നതായിരിക്കും..

“ആഹാ സുമലത സുന്ദരി ആയിരിക്കുന്നലോ...ഒരു ബ്യൂട്ടീഷൻ ഉള്ളിൽ ഉണ്ടെന്നു നിങ്ങൾ തെളിയിച്ചു”

ഹരിയുടെ ഭംഗി വാക്കുകൾ സുമലതയെ സ്വർഗത്തിൽ എത്തിച്ചു...ഒരു നിമിഷം അവൾ മനസുകൊണ്ട് ഹരിയെ വാരി പുണർന്നു ഉമ്മകൾ നൽകി...

“അഞ്ജലി എവിടെ”

ഹരി അകത്തേക്ക് നോക്കി അത് ചോദിച്ചപ്പോളെക്കും ഇളം നീല കളർ സാരിയുടുത് മുടി വിരുത്തി ഇട്ടുകൊണ്ട് നെറ്റിയിൽ ചന്ദനം ചാർത്തി അഞ്ജലി അവനു മുന്നിൽ വന്നു നിന്നു...

കാവിലെ ദേവി മുന്നിൽ വന്നു നിൽക്കുന്ന പോളാണ് ഹരിക്ക് തോന്നിയത് എന്തൊരു മുഖ കാന്തിയാണ് അവളുടെ മുഖത്ത്...ശെരിക്കും ദേവി തന്നെ...സുമലതയും വായും പൊളിച്ചു നിൽപ്പാണ്...ആദ്യമായാണ് ആ തറവാട് കല്യാണ ശേഷം അഞ്ജലിയെ അത്രയും ഭംഗിയിൽ കാണുന്നത്...

അവളുടെ മനസിലെ സർവ സങ്കടങ്ങളും മാഞ്ഞുപ്പോയി എന്ന് ഹരിക്ക് തോന്നി...അവൻ മനസിൽ തുള്ളി ചാടി...അവളെ ഓടി ചെന്ന് പൊക്കിയെടുക്കാൻ അവന്റെ മനസു വെമ്പി...

അവൾ മുന്നോട്ടു കാൽ വച്ചപ്പോലാണ് ഹരി അവളുടെ കാൽ നഖങ്ങൾ ശ്രദ്ധിച്ചത്...ചുവന്ന ക്യുട്ടെക്സിൽ അവളുടെ നഖങ്ങൾ കാലിനു അഴകെകി...അവളുടെ പാദങ്ങൾ കൈകളിൽ ഏന്തി ചുംബിക്കുവാൻ അവൻ കൊതിച്ചു...

ഒരു നിമിഷം ഹരി മായലോകത്തിൽ അകപ്പെട്ടു..

കൈയിൽ ഉള്ള ചെറിയൊരു ഫയൽ മാറോടണച്ചു പിടിച്ചു കണ്ണുകൾ ഭംഗിയായി എഴുതിയ മുഖത്ത് മറ്റൊരു പോടികൈകളുടെയും ആവശ്യം അവൾക്കു ഉണ്ടായിരുന്നില്ല...അത്രക്കും സൌന്ദര്യവതി ആയിരുന്നു അഞ്ജലി...

“എന്നാൽ പോകാം”

സുമലതയുടെ ശബ്ദം ഹരിയെ സോബോദത്തിൽ എത്തിച്ചു...ഹരി ചുറ്റും നോക്കി...എല്ലാവരും തന്നെ അഞ്ജലിയുടെ സൗന്ദര്യത്തിൽ വാ പൊളിച്ചു നിൽക്കുകയാണ്...

നാരായണൻ മുന്നേയും സുമലതയും അഞ്ജലിയും പിറകിലായും ഇറങ്ങി...ഹരി അവർക്കെല്ലാം പിറകെ ശാര്ധയോട് യാത്ര പറഞ്ഞു ഇറങ്ങി...

മുന്നിൽ കാറിനു അടുത്തേക്ക് പോകുമ്പോൾ സുമലതയുടെ പിൻവശം ഹരിയിൽ കാമത്തിന്റെ വർണങ്ങൾ തീർക്കനോരുങ്ങവേ അഞ്ജലി വെറുതെ ഹരിയെ തിരിഞ്ഞു നോക്കിയപ്പോൾ ഹരിയുടെ മനസിൽ കാമത്തിന്റെ ഉറവിടങ്ങൾ വറ്റി വരണ്ടു അവിടെ സ്നേഹത്തിന്റെ പൂക്കൾ വിടർന്നു..അഞ്ജലിയോടുള്ള അടങ്ങാത്ത സ്നേഹത്തിന്റെ പൂക്കൾ...

കാർ ഹരിയാണ് ഓടിച്ചത്...നാരായണൻ മുന്നിലും അഞ്ജലിയും സുമലത്യും പുറകിലുമായി കയറി...തറവാടും കടന്നു ആ ബെൻസ് കാർ റോഡിലേക്ക് കയറി...

ഹരി ബാക്ക് മിറർ അഞ്ജലിയുടെ നേർക്ക് തിരിച്ചു വച്ചപ്പോൾ പക്ഷെ മുന്നിലേക്ക് കയറി ഇരുന്ന സുമലത അത് വഴി ഹരിയെ നോക്കി ചിരിച്ചു...അത് കണ്ട ഹരി മിറർ വീണ്ടും പഴയ രൂപത്തിലേക്ക് ആക്കിയപ്പോൾ അഞ്ജലി മനസിൽ ചിരിച്ചു...

സ്കൂളിൽ എത്തി സുമലത ഒഴികെ മറ്റെല്ലാവരും കാറിൽ നിന്നും ഇറങ്ങി മുന്നോട്ടു നടന്നു..നാരായണൻ മുന്നിൽ നടന്നപ്പോൾ ഹരി അഞ്ജലിയുടെ അടുത്തേക്ക് നീങ്ങി കൊണ്ട് നടന്നു...

“ഞാൻ പറഞ്ഞില്ലേ ഇന്ന് മുതൽ ജീവിതത്തിന്റെ പുതിയ അദ്ധ്യായം തുടങ്ങുമെന്ന്...അതിന്റെ ആദ്യത്തെ കാൽ വെപ്പായി ഇതിനെ കണ്ടാൽ മതി..”

ഹരിയുടെ വാക്കുകൾ അഞ്ജലിയിൽ ഉണ്ടാക്കിയ സന്തോഷത്തിനു അതിരില്ലായിരുന്നു എങ്കിലും അവളുടെ മുഖത്ത് അതവൾ പ്രേകടിപ്പിക്കാത്തത് പക്ഷെ ഹരിയിൽ നിരാശയുണ്ടാക്കി..

സ്കൂളിൽ പ്രധാന അദ്ധ്യാപകന്റെ മുറിയിൽ കസേരയിൽ നാരായണനും ഹരിയും ഇരുന്നു...അഞ്ജലി അവരുടെ പിന്നിൽ സൈഡിലായി നിന്നു..

“നാരായണൻ അധ്യെഹത്തോടെ ഇത് ഞാൻ നേരത്തെ പറഞ്ഞ കാര്യമാണ് ഹരി കുഞ്ഞേ”

പ്രധാന അദ്ധ്യാപകൻ ഹരിയോടായി പറഞ്ഞപ്പോൾ ഹരി നാരായണന്റെ മുഖത്ത് നോക്കി..

“അല്ല ..അതിപ്പോ...തറവാട്ടിലെ സ്ത്രീകൾക്ക് ഇതുവരെ ഒരു ജോലിടെ ആവശ്യം വന്നിട്ടില്ല..അങ്ങനെ കിട്ടുന്ന വരുമാനം കൊണ്ട് ജീവിക്കേണ്ട ഗതി അവിടെ ഇല്ലാലോ”

നാരായണൻ അൽപ്പം പുച്ഛതോടെയാണ് അത് പറഞ്ഞത്...ഹരിയുടെ ആ തീരുമാനം അയാൾക്ക് ഇഷ്ട്ടമായിട്ടില്ല എന്നത് അവിടെ ഉള്ളവർക്കെല്ലാം മനസിലായി...

“ഹ എന്താ ഈ പറയണത്...അദ്ധ്യാപനം ഒരു ജോലിയല്ല അതൊരു മഹത്തായ കർത്യവ്യമാണ് ..നല്ല നാല് അറിവ് കുഞ്ഞുങ്ങൾക്ക് പകർന്നു കിട്ടുമ്പോൾ ഉണ്ടാകുന്ന സന്തോഷമാണ് അതിന്റെ പ്രതിഫലം”

അയാൾ അത് പറഞ്ഞുകൊണ്ട് അഞ്ജലിയെ നോക്കി..അവളുടെ മുഖം സന്തോഷം കൊണ്ട് വിടർന്നിരുന്നു..

“എങ്കിൽ ടീച്ചർ സ്റ്റാഫ് റൂമിലേക്ക് പോയിക്കോള് പോകേണ്ട ക്ലാസും എടുക്കേണ്ട വിഷയവും അവിടുന്ന് പറഞ്ഞു തരും ഞാൻ വിളിച്ചു പറയാം...”

അഞ്ജലിയോടു അത് പറഞ്ഞുകൊണ്ട് അയാൾ ഫോണ എടുത്തു സംസാരിച്ചു..അഞ്ജലി ഹരിയെ ഒന്ന് നോക്കി മുഖത്ത് യാതൊരു ഭാവവും വരുത്താതെ അവിടം വിട്ടിറങ്ങി...

നാരായണനും ഹരിയും പോകാനിറങ്ങി..നാരായണൻ മുറി വിട്ടു ഇറങ്ങിയപ്പോൾ അദ്ധ്യാപകൻ ഹരിയെ വിളിച്ചു..ഹരി മാത്രം അവിടെ നിന്നു..

“മോൻ ചെയ്തത് വലിയൊരു പുണ്യ പ്രവർത്തിയാണ്.... ആ കുട്ടിയുടെ എല്ലാ കാര്യവും എനിക്കറിയാം...അതിന്റെ കഷ്ട്ടത്കൾ തറവാട്ടിൽ വരുമ്പോളൊക്കെ ഞാൻ കാണുന്നതാണ് ....ആ കണ്ണു നീർ തുടക്കാൻ മോൻ എടുത്ത തീരുമാനം അതിനു ദൈവത്തിന്റെ അനുഗ്രഹം ഉണ്ടാകും”

അയാൾ അത് പറയുമ്പോൾ ഹരിയുടെ മനസിൽ ഒരു തണുപ്പുണ്ടായി..മറുപടി പറയാതെ അയാളെ നോക്കി ചിരിച്ചു കൊണ്ട് അവൻ പുറത്തേക്കിറങ്ങി..

പുറത്തു അയാളെ കാത്തു നാരായണൻ നിൽക്കുന്നുണ്ടായിരുന്നു...

അവർ രണ്ടു പേരും ഇറങ്ങി നടക്കുമ്പോൾ ഹരി തിരിഞ്ഞു നോക്കി..അവിടെ തന്നെ നോക്കി നിന്ന അഞ്ജലി ഹരി നോക്കുന്നു എന്ന് കണ്ടു പെട്ടന്ന് മുഖം തിരിച്ചു കൊണ്ട് അടുത്തുള്ള ക്ലാസ് മുറിയിലേക്ക് കയറി പോയി...ക്ലാസിൽ കയറും മുൻപേ ഹരിയെ അഞ്ജലി വീണ്ടു ഒന്നു നോക്കി..ഹരിക്ക് ആ നോട്ടം ധാരാളം മതിയായിരുന്നു..

കാർ ഒരു ചെറിയ കെട്ടിടത്തിന്റെ മുന്നിൽ നിന്നും സുമലത ചാടിയിറങ്ങി...അവളുടെ സന്തോഷം മുന്നിൽ കണ്ട ആ ബോർഡിൽ ആയിരുന്നു...അവിടെയാണ് അവൾക്കുള്ള കോഴ്സ് എന്നത് ഹരിക് മനസിലായി..

പട്ടിക്കാട് ആണെങ്കിലും മറ്റൊന്നും ഇല്ലെങ്കിലും സ്ത്രീ സൗന്ദര്യം വർധിപ്പിക്കാനുള്ള പൊടികൈകൾ പഠിപ്പിക്കുന്ന സ്ഥാപനം ഉണ്ട്....കലികാലം...ഹരി മനസിൽ ഓർത്തു...

സുമലത്യും ഹരിയും മാത്രമാണ് അവിടേക്ക് പോയത്..അടുത്ത് ആരെയോ കാണാൻ ഉണ്ട് എന്ന് പറഞ്ഞുകൊണ്ട് നാരായണൻ അങ്ങോട്ട് പോയി...

അകത്തു കയറി ആ സ്ഥാപനത്തിന്റെ മേധാവിയുടെ റൂമിൽ സുമലതയും ഹരിയും ഇരുന്നു...മേധാവിയുടെ മുഖത്തെ വികലമായ സൗന്ദര്യം അവര് തന്നെ പരീക്ഷണം നടത്തിയതാണ് എന്ന് പറഞ്ഞപ്പോൾ ആ സ്ഥാപനത്തിന്റെ മേന്മ ഹരിക്ക് മനസിലായി..അവൻ ഉള്ളിൽ ചിരിച്ചു...

“ഗുഡ് ഡിസിഷൻ സുമലത സാധാരണ കല്യാണം കഴിഞ്ഞാൽ സ്ത്രീകളെ വീട്ടിൽ തളച്ചു ഇടുന്നവരാന് മിക്ക ഭർതാക്കനമാരും....അവിടെ നിങ്ങൾ ഒരു മാതൃകയാണ് മിസ്റ്റർ ഹരി....”

അവർ തന്നെ സുമലതയുടെ ഭർത്താവായി തെറ്റ് ധരിച്ചത് തിരുത്താൻ ഒരുങ്ങിയ ഹരിയുടെ കൈയിൽ പിടിച്ചുകൊണ്ടു സുമലത പറഞ്ഞു...

“അല്ലങ്കിലും ഹരിയേട്ടൻ അങ്ങനെയാ...എനിക്ക് എല്ലാ ഫ്രീടവും തരും...എന്റെ ഒരിഷട്ടതിനും അദ്ദേഹം എതിരല്ല...ഇത് തന്നെ സമയമുണ്ടായിട്ടല്ല...ഹരിയേട്ടൻ നിർബന്ധിച്ചതുകൊണ്ട് ചേരുന്നതാ...വീട്ടിലെ ഇദ്ദേഹത്തിന്റെയും കുഞ്ഞുങ്ങളുടെയും കാര്യം നോക്കാൻ തന്നെ എനിക്ക് സമയം ഇല്ല”

അത് പറഞ്ഞുകൊണ്ട് സന്തോഷം തുളുമ്പി നിൽക്കുന്ന മുഖവുമായി സുമലത ഹരിയെ കണ്ണിറുക്കി കാണിച്ചു...ഹരി മനസ്സിൽ പൊട്ടി ചിരിച്ചുകൊണ്ട് പുറത്തു അവരെ നോക്കി പുഞ്ചിരിച്ചു..

“ഓ ഹൌ സ്വീറ്റ് ഓഫ് യു മാൻ ...സീ സുമലത യുവർ ടൂ ലക്കി റ്റൂ ഹാവെ എ ഹസ്ബന്റ് ലൈക് ഹിം”

അവർ അത് പറഞ്ഞുകൊണ്ട് ഹരിയെ നോക്കി..സുമലത മുഖത്ത് വിഭിന്ന ഭാവങ്ങൾ നിറച്ചു ഒരു പത്രാസുക്കാരി പെണ്ണിനെ പോലെ ഇരുന്നു..

അവിടുത്തെ ഫോർമാലിറ്റി കഴിഞ്ഞു പുറത്തിറങ്ങിയ സുമലത ഹരിയോട് പറഞ്ഞു..

“സോറി”

“എന്തിനു”

“അല്ല ഞാൻ അവിടെ അങ്ങനെ പറഞ്ഞതിന്....പിന്നെ ബാലേട്ടൻ എന്റെ ഭർത്താവ് ആണെന്നൊക്കെ ഇവിടെ പറഞ്ഞാൽ എനിക്കൊരു വിലയും ഉണ്ടാകില്ല...ഇതിപ്പോൾ കണ്ടില്ലേ ആ പെണ്ണുമ്പിള്ള പറഞ്ഞത്...അതാ ഞാൻ ..”

സുമലത ചമ്മിയ മുഖത്തോടെ പറഞ്ഞു..

“അത് സാരമില്ല..അവിടെ അങ്ങനെ തന്നെ ഇരിക്കട്ടെ ....പിന്നെ ഈ കുഞ്ഞുങ്ങളുടെ കാര്യം പറഞ്ഞത് അൽപ്പം കൂടി പോയില്ലേ”

ഹരി അത് ചോദിച്ചപ്പോൾ സുമലതയുടെ ,മുഖം സങ്കടതിലേക്ക് വീണു..

“എനിക്കും ആഗ്രഹങ്ങൾ ഉണ്ടാകിലെ ഹരി..സ്വന്തമായി കുഞ്ഞുങ്ങൾ ഇല്ല...സ്വപ്നത്തിൽ എങ്കിലും ഞാൻ ....ഞാൻ അങ്ങനെ പറഞ്ഞത് ഹരിക്ക് ദേഷ്യമായെങ്കിൽ ആം സോറി”

സുമലതയുടെ കണ്ണുകൾ ഈറനണിഞ്ഞു...ഹരിക്ക് അത് പക്ഷെ സങ്കടമുണ്ടാക്കി..

“അയ്യോ കരയണ്ട...എനിക്ക് ദേഷ്യമൊന്നും ആയില്ല...അങ്ങനെ പറഞ്ഞോളു..കുഴപ്പമില്ല...എല്ലാം ശ്രേധിച്ചു പഠിക്കു...എനിട്ട് നമുക്ക് നാട്ടിൽ തന്നെ ഒരു പാർലർ തുടങ്ങാം”

അവരെ ആശ്വസിപ്പിക്കാൻ അങ്ങനെ പറയാനാണു ഹരിക്ക് തോന്നിയത്...സുമലത അത് കേട്ട് ചിരിച്ചു...

“പിന്നെ ഈ ഹസബന്റിന്റെ പദവി മാത്രമ്മെ ഉള്ളോ അതോ അധികാരങ്ങളും ഉണ്ടോ”

ഹരി ചുമ്മാ തമാശക്ക് എറിഞ്ഞു നോക്കി...

“അധികാരങ്ങളും ഉണ്ടെന്നു വച്ചോ..”

“ഉറപ്പാണല്ലോ..പിന്നെ മാറ്റി പറയരുത്...”

“ഇല്ലന്നെ...ഭർത്താവ് അധികാരത്തോടെ ചോദിച്ചാൽ ഒരു ഭാര്യക്ക് അവളുടെ കടമ നിറവേറ്റാതെ പറ്റിലല്ലോ”

വശ്യമായി പുഞ്ചിരിച്ചു കൊണ്ട് സുമലത ഹരിയെ നോക്കി..ഇവളുടെ പോക്ക് എങ്ങോട്ടാണെന്ന് മനസിലാക്കിയ ഹരി ചുമ്മാ വീണ്ടും അവളെ വട്ടം കറക്കാൻ തന്നെ തീരുമാനിച്ചു...ഇതൊക്കെ ഒരു രസമല്ലേ ..

“ഭർത്താവു ചോദിക്കുന്നത് ഭാര്യക്ക് നിറവേറ്റി തരാൻ കഴിയാവുന്നതിനു അപ്പുറം ആണെങ്കിലോ”

ഹരി പുഞ്ചിരിച്ചു കൊണ്ട് ചോദിച്ചു..

“അങ്ങനെ ഭാര്യക്ക് നിറവേറ്റാൻ കഴിയാത്തത് ഒന്നുമില്ല ഹരി...ഞാൻ ശെരിക്കും ഒരു ഭാര്യയല്ലേ എനിക്കറിയാം”

“ഹാ എന്നാൽ കുഴപ്പമില്ല”

“എന്താ എന്റെ ഭർത്താവിനു ഇപ്പോൾ വേണ്ടതു...ആഗ്രഹം പറ “

സുമലത വീണ്ടും കാമത്താൽ പൂത്തുലഞ്ഞു...ഹരിക്ക് വികാരങ്ങൾക്ക് പകരം നല്ല ചിരിയാണ് മനസിൽ വന്നത്..പക്ഷെ അവൻ അതു പുറത്തു കാണിച്ചില്ല....

“”അതിപ്പോ എന്തായാലും  ഇപ്പോൾ സാദിക്കാൻ പറ്റുന്ന ഒന്നല്ല..സമയമാകട്ടെ ഞാൻ ചോദിക്കാം”

ഹരി അവളെ നോക്കി കണ്ണടച്ച്...സുമലതയുടെ മനസിൽ കാമം ഇളകി മറഞ്ഞു...അവൾ സന്തോഷം കൊണ്ട് മതി മറഞ്ഞു..തനിക്കുള്ള പോലെ ഹരിക്കും തന്നിൽ ആഗ്രഹമുണ്ട് എന്നത് സുമലതയുടെ മനസിൽ വലിയൊരു ഉത്സവത്തിനു തിരികൊളുത്തി,,,കാമോത്സവത്തിനു...

“ചോദിക്കാൻ മറക്കണ്ട...പിന്നെ ഭാര്യ ഒന്നും തന്നില്ല എന്ന പരാതിയുണ്ടാകും..”

ചുണ്ട് കടിച്ചു കൊണ്ട് സുമലത പറഞ്ഞു...ഹരി ഒന്ന് മൂളികൊണ്ട് അവിടെ നിന്നു നടന്നകന്നു ....സുമലത അവനെ നോക്കി നെടുവീർപ്പിട്ടു..

പുറത്തിറങ്ങിയ ഹരി നാരായണൻ വന്നു നിൽക്കുന്നതു കണ്ടു....

“മോനെ എന്നാൽ നീ വീട്ടിലേക്കു പൊയ്ക്കൊള് മോള് വരുന്നുണ്ട് ഞാൻ അവളെ കൂട്ടികൊണ്ട് വരാൻ പോകാ...”

“നമുക്കൊരുമിച്ചു പോകാന്നെ..”

ഹരി അത് പറഞ്ഞുകൊണ്ട് കാറിലേക്ക് കയറി..

“അല്ല പാലക്കാട് വരെ പോകണം ഞാൻ ബസിൽ പൊയ്ക്കൊള്ള...മോൻ വെറുതെ ബുദ്ധിമുട്ടണ്ട”

നാരായണൻ വിനയകുനയായി പറഞ്ഞു..

“ഹ എനിക്കെന്തു ബുദ്ധിമുട്ട് അമ്മാവൻ കയറു നമുക്കൊരുമിച്ചു പോകാം”

നാരായണൻ സന്തോഷത്തോടെ കാറിൽ കയറി...

റെയിൽവേ സ്റ്റേഷന്റെ കാർ പാർക്കിങ്ങിൽ ഹരി വെറുതെ നിന്നു ..ട്രെയിൻ അൽപ്പം വൈകിയാണ് വന്നത്...നാരായണൻ അകത്തു പോയി മകളെയും കൂട്ടികൊണ്ട് വന്നു...

ഹരി ശിൽപ്പയെ കണ്ടു...ഒരു മോഡേൺ ഗേൾ എന്നൊക്കെ വേണമെങ്കിൽ പറയാം...വെളുത് തുടുതാണ് ശിൽപ്പ....മുടി അധികമില്ല,.....ജീൻസും സൽവാറുമാണ് വേഷം ഒരു ഉടായിപ്പ് ലക്ഷണം അവളുടെ മുഖതുണ്ടോ ...ഹരി മനസിൽ ചോദിച്ചു...കാണാതിരിക്കില്ല ഇയാളുടെ മകളല്ലേ...

“ഹായ് ഹരി”

ഹരിക്ക് നേരെ വന്നുകൊണ്ട് ഷേക്ക് ഹാന്ടിനായി കൈ നീട്ടികൊണ്ട് ശിൽപ്പ പറഞ്ഞു..

“ഹായ് ശിൽപ്പ”

ഫോർമാലിറ്റി അവിടെ കൊണ്ട് ഹരി അവസാനിപ്പിച്ചു..

“ഹ എന്താ കുട്ടി പെരെടുതാണോ മൂത്തവരെ വിളിക്ക”

നാരായണൻ ശാസന ഭാവത്തിൽ പറഞ്ഞു..

“അത് കുഴപ്പമില്ല അമ്മാവാ...നിക്കും പേര് വിളിക്കുന്നതാണ് ഇഷ്ട്ടം..”

ഹരി അത് പറഞ്ഞു ശിൽപ്പയെ നോക്കിയപ്പോൾ ശിൽപ്പ അവനെ നോക്കി ചിരിച്ചു കൊണ്ട് നന്ദി പറഞ്ഞു..

കാറിൽ പോകുമ്പോൾ മുഴുവൻ ശിൽപ്പയും ഹരിയും സംസാരം തന്നെ ആയിരുന്നു....അവളുടെ കോളേജ് വിശേഷങ്ങളും ഹരിയുടെ അമേരിക്കൻ വിശേഷങ്ങളും അവിടെ ചർച്ച വിഷയങ്ങളായി...വൈകുന്നേരം നാലരയോടെ ആണു അവർ തറവാട്ടിൽ എത്തിയത്,,,

തറവാട്ടിലേക്ക് കാർ കടന്നു വരുമ്പോൾ ആദ്യ ദിവസത്തെ അദ്ധ്യാപനം കഴിഞ്ഞു അഞ്ജലി നടന്നു വരുന്നത് ഹരി കണ്ടു...ശില്പ്പക്കും അഞ്ജലിയോടു മറ്റുള്ളവരുടെ അതെ സമീപനമാണ്...അമ്മയുടെ അല്ലെ മോൾ....

കാറിൽ നിന്നും ഇറങ്ങിയ ശിൽപ്പയെ കണ്ടു അഞ്ജലി ചിരിച്ചു...ശിൽപ്പ അഹങ്കാരത്തോടെ ചിരിച്ചെന്നു വരുത്തി...അപ്പോളെക്കു ശാരദ അവിടെക്ക് വന്നു അവളെ കെട്ടിപ്പിടിച്ചു...പിന്നീട് ഹോസ്റ്റൽ ജീവിതം കഴിഞ്ഞു വരുന്ന ഏതു പെൺകുട്ടികളോടും അമ്മമാർ പറയാറുള്ള സ്ഥിരം വാദഗതികൾ അവിടെയും ഉണ്ടായി...

മുടി പോയി...തടി കുറഞ്ഞു...അങ്ങനെ എല്ലാം...അഞ്ജലി അവിടെ തന്നെ നിന്നു...

“അമ്മാവാ വണ്ടിയിൽ പെട്രോൾ കുറവ...കുറച്ചു വാങ്ങി വരൂ ഞാൻ വരുമ്പോൾ അത് മറന്നു പോയി “

അത് പറഞ്ഞുകൊണ്ട് തന്റെ പേർസിൽ നിന്നും കാഷ് എടുത്തുകൊണ്ടു നാരായണന് നേരെ ഹരി നീട്ടി അതയാൾ വാങ്ങാൻ ഹരിക്ക് ഒരുപ്പാട് പറയേണ്ടി വന്നു....

കാഷ് കൊടുത്തു ഹരി പെഴ്സ് തന്റെ പാന്റിന്റെ ബാക്ക് പോക്കറ്റിലേക്കു വക്കുമ്പോൾ അതിൽ നിന്നും ഹരിയുടെ ഒരു ഫോട്ടോ നിലത്തു വീണു...അത് അഞ്ജലി മാത്രമേ കണ്ടുള്ളൂ...

“എങ്ങനെ ഉണ്ടായിരുന്നു ടീച്ചറെ ആദ്യ ദിനം”

അഞ്ജലിയെ നോക്കികൊണ്ട് ഹരി ചോദിച്ചു...

“നല്ലതായിരുന്നു”

അഞ്ജലി അത് പറഞ്ഞപ്പോൾ ശിൽപ്പ ഒന്നും മനസിലാകാതെ ശാരധേ നോക്കി...എല്ലാം പറയാം എന്നാ ഭാവത്തിൽ ശാരദ കണ്ണടച്ച് കാണിച്ചു...

എല്ലാവരും അവിടെ നിന്നും പോയി..അഞ്ജലി ആരും കാണാതെ ഹരിയുടെ ആ പാസ്പ്പോർട്ട് സൈസ് ഫോട്ടോ എടുത്തു മറ്റാരും കാണാതെ അവളുടെ ബാഗിലേക്കു വച്ച്...

അകത്തു എല്ലാവരുടെയും ചിരികളികളും മറ്റും ഉയർന്നു കേട്ടു...ശിൽപ്പ വന്നതിന്റെ സംസാരങ്ങലാണ്...ശിൽപ്പയും സുമലതയും നല്ല കൂട്ടാണ്...ഈനാബെചിക്ക് മരപട്ടി കൂട്ട് എന്നെണല്ലോ...

അവരുടെ ഇടയിൽ അവർക്ക് മാത്രം അറിയാവുന്നതുമായ ചില ശരിയല്ലാത്ത ബന്ധങ്ങളും ഉണ്ട്...

“എന്നാലും എന്റെ സുമചിറ്റെ എന്തൊക്കെയ ഇവിടെ സംഭവിച്ചത്...ഹോ...അവളെങ്ങനെ ടീച്ചർ ആയതു”

ശിൽപ്പ കൈയിലെ ഗ്ലാസ് മോത്തികൊണ്ട് ചോദിച്ചു...

“ഓ അത് ഹരിയുടെ തീരുമാനമ നമുക്ക് എന്തേലും ചെയ്യാൻ പറ്റോ”

സുമലത അത് പറഞ്ഞുകൊണ്ട് മുഖം കൊച്ചി വച്ച് നിന്നു...

അപ്പോളേക്കും അഞ്ജലി അങ്ങോട്ട് വന്നു..

“ഓ വന്നു ടീച്ചർ”

ശാരദ ആണ് അത് പറഞ്ഞത്...അഞ്ജലി അത് ശ്രദ്ധിക്കാതെ പുറത്തേക്കു പോയി..

“ഓ ഒരു ശീലാവതി..അവനെ എന്ത് കൊടുതാണോ അവൾ കറക്കിയെടുത്തത്....”

അത് പറഞ്ഞുകൊണ്ട് ശാരദ അകത്തേക്ക് കയറി പോയി..

“കൊടുക്കാൻ മാത്രം ഉണ്ടാലോ അവളുടെ കൈയിൽ അല്ലെ സുമചിറ്റെ”

ശിൽപ്പ അമ്മ പോയ തക്കത്തിൽ സുമയുടെ മാറിടങ്ങളിൽ കൈകൾ കൊണ്ട് കശക്കി കൊണ്ട് ചോദിച്ചു..സുമലതയുടെ മുഖം ചുവന്നു..അവൾ ശീൽക്കാരങ്ങൾ പുറപ്പെടുവിച്ചു..

“എടി ആരേലും കാണും”

സുമലത ശില്പ്പയോടു പറഞ്ഞു..

“എങ്കിൽ രാത്രി നമുക്കൊന്ന് കൂടണ്ടേ”

ശിൽപ്പ സുമലതയുടെ അടിവയറ്റിൽ കൂടി കൈകൾ കൊണ്ട് പോകവേ ചോദിച്ചു..

“ശ്ഹ്ഹ്സ് ഹാ...ടി പെണ്ണെ..നീ പോയെ രാത്രി കാണാം...”

കിട്ടിയ സുഖത്തിൽ ലയിചെങ്കിലും പരിസരം കണ്ടു സുമലത പറഞ്ഞുകൊണ്ട് അവിടുന്ന് നടന്നകന്നു...

മുകളിൽ പോയി വസ്ത്രം മാറി വന്ന ഹരി ശിൽപ്പയെ കണ്ടു ചിരിച്ചു..

“ഹരി കാവിൽ വിളക്ക് വക്കാൻ വരുന്നോ”

ശിൽപ്പ കൈയിലെ ചെറിയ നിലവിളക്കു തുടച്ചു കൊണ്ട് ചോദിച്ചു..

“ഹരി മനസിലാകാതെ ശിൽപ്പയെ നോക്കി..

“മന്സിലയിലെ ദാ ആ തൊഴുത്തിന് അപ്പുറത്ത് ഒരു ചെറിയ കുടുംബം വക കാവുണ്ട്...ഞാൻ വന്നാലുള്ള ഒരു ചെറിയ ചടങ്ങാണ്..അവിടം എനിക്ക് നല്ല

ഇഷ്ട്ടമാണ്...അങ്ങോട്ടേക്ക് ഇവിടെ ആരും പോകാറില്ല...പേടിയാണ് പോലും നീ വരുന്നോ...അതോ നിനക്കും പേടിയാണോ"

ശിൽപ്പ ചിരിച്ചു കൊണ്ട് ചോദിച്ചു..

"നോ...എനിക്ക് ഒരു പേടിയുമില്ല...നമുക്ക് പോകാം.."

"കുളിച്ചതാണല്ലോ അല്ലെ "

ശില്പ്പ് വീണ്ടും ചിരിച്ചു...അതെ എന്ന് തലയാട്ടി ഹരി പുറത്തേക്കിറങ്ങി...

തോഴുതിനപ്പുറം അങ്ങനെ അധികം ആരും ശ്രേധിക്കാതെ ഒരു മരത്തിന്റെ അരികിലായി ചെറിയ ഒരു കെട്ടുണ്ട്...കല്ലുകൾ കൊണ്ട് കെട്ടിയ ആ സമചതുരാകൃതിയിൽ ഉള്ള കെട്ടിൽ ചെറിയ രണ്ടു കല്ലുകളും വച്ചിട്ടുണ്ട്....അവിടെ മാകെ കാട് പിടിച്ചു കിടക്കുകയാണ്..

പക്ഷെ അൽപ്പം സ്ഥലം മാത്രം വൃത്തി ആയി ഹരി കണ്ടു...ശിൽപ്പ ആ ചെറു കാവിൽ വിളക്ക് വച്ച് പ്രാർഥിച്ചു....ചുമ്മാ നിൽക്കുന്ന ഹരിയോട് കണ്ണുകൾ കൊണ്ട് ശിൽപ്പ പ്രാർഥിക്കാൻ പറഞ്ഞപ്പോൾ അവനും അവൾക്കൊപ്പം കൂടി...

പ്രാർഥനക്ക് ശേഷം അവർ അവിടെ നിന്നും മടങ്ങി പോന്നപ്പോൾ ശിൽപ്പ ഒരു വായാടിയെ പോലെ ഹരിയോട് എന്തൊക്കെയോ സംസാരിച്ചു...

വൈകുന്നേരം ചുമ്മാ പുറത്തേക്കു നോക്കി നിന്ന ഹരി തനിക്കു നേരെ വേഗത്തിൽ നടന്നു വരുന്ന അഞ്ജലിയെ കണ്ടു...അവൾക്കു എന്തോ തന്നോട് ദ്യതിയിൽ പറയാനുണ്ട് എന്നത് ഹരിക്ക് മനസിലായി...അവൻ അകത്തേക്ക് നോക്കി ആരുമില്ല എന്ന് ഉറപ്പിച്ചു..

ഹരിയുടെ അടുതെതിയ അഞ്ജലി നാലുപാടു നോക്കി...

"രാത്രി പതിനൊന്നു മണി...തൊഴുത്തിന് അരികിലെ കാവിൽ എനിക്ക് സംസാരിക്കാനുണ്ട്"

അത്രയും ഒറ്റ ശ്വാസത്തിൽ പറഞ്ഞുകൊണ്ട് അഞ്ജലി അകത്തേക്ക് ഓടി മറഞ്ഞു...ഹരിയുടെ മനസിൽ ആയിരം ലടുകൾ പൊട്ടി...

അവൾ തന്നോടുള്ള സ്നേഹം തുറന്നു പറയാൻ തന്നെയാണ് വരാൻ പറഞ്ഞത്....അവൾ തന്റേതകാൻ ഇനി നിമിഷങ്ങൾ മാത്രം ഹരിയുടെ മനസിൽ പെരുബറ മുഴങ്ങി....അവൻ പതിനൊന്നു മണി ആകാൻ കാത്തിരുന്നു ...

ഭക്ഷണം കഴിച്ചു കഴിഞ്ഞ മുതൽ ശിൽപ്പ ഹരിയുടെ റൂമിൽ തന്നെയാണ് സമയം പത്തു മണി കഴിഞ്ഞിരിക്കുന്നു..അവൾ എന്തൊക്കെയോ വലിച്ചു വാരി പറയുന്നുണ്ട്...കോപ്പ് ....ഇവൾ പോകുന്നുമില്ലല്ലോ..

"ഹരി നീ ശ്രേധിക്കുന്നുണ്ടോ "

ഇടയ്ക്കു കയറി ഹരിയുടെ ചിന്തകളെ ഉണർത്തികൊണ്ട് ശിൽപ്പ ചോദിച്ചു..

"ഹാ..യെസ് യെസ്.."

ഹരി അതുപറഞ്ഞു തലകുലുക്കി ....നാശം...ഹരി മനസിൽ ഓർത്തു...അവളുടെ ഭാഷണങ്ങൾ നീണ്ടു കൊണ്ടിരുന്നു...സമയം പത്തേമുക്കാൽ ആയി...ഇവളെ ചവുട്ടി പുറതാക്കിയാലോ...ഹരിക്ക് ഇരിന്നിട്ട് ഇരിപ്പുറചിച്ചില്ല...അവൻ ശിൽപ്പയെ ശ്രദ്ധിക്കുന്നു എന്നാ രീതിയിൽ തന്നെ അവിടെ നിന്നും എണീറ്റ്...

ഉറക്കം വരുന്നു എന്ന് പറഞ്ഞാലോ ..ശേ അത് അവളെ ഒഴിവാക്കാനുള്ളതായേ അവൾക്കു തോന്നു...പെട്ടന്നാണ് വാതിലിൽ മുട്ട് കേട്ട് കൊണ്ട് വാതിൽ തുറന്നത്...സുമലതയെ കണ്ട ഹരിക്ക് വീണ്ടും കലിപ്പായി...

ഇനി ഇവളും കൂടെ വരേണ്ട കാര്യമേ ഉണ്ടായിരുന്നുള്ളൂ...ഹരി അവർ കാണാതെ ദേഷ്യം അടക്കി പിടിച്ചു..

“അല്ല ശിൽപ്പ ഉറങ്ങുന്നിലെ....സമയം എത്രയായിന്ന....ഹരിക്ക് ഉറക്കം വരുന്നുണ്ടാകും”

സുമലത അത് പറഞ്ഞപ്പോൾ പറഞ്ഞുകൊണ്ടിരുന്ന എന്തോ വലിയ കാര്യം തടസപ്പെടുത്തിയതിനു ശിൽപ്പ സുമലതയെ പരിഭവത്തോടെ നോക്കി..

സുമലത ഹരി കാണാതെ കണ്ണുകൾ കൊണ്ട് ശില്പ്പയോടു എന്തോ പറഞ്ഞപ്പോൾ ശിൽപ്പ ചുണ്ട് കടിച്ചുകൊണ്ട് വശ്യമായി പുഞ്ചിരിച്ചു...

“ഹാ..ശെരിയാ ഞാൻ അത് മറന്നു...എന്നാൽ പിന്നെ ഹരി ഉറങ്ങിക്കോ..ഗുഡ് നൈറ്റ്...”

ശിൽപ്പ അത് പറഞ്ഞു കട്ടിലിൽ നിന്നും എഴുന്നേറ്റു..ഹരി മനസാൽ സുമലതയോട് നന്ദി പറഞ്ഞു...അവൻ സുമലതയെ നോക്കി ചിരിച്ചു...

ശിൽപ്പയും സുമലതയും മുറി വിട്ടു പുറത്തിറങ്ങി...ഹരി ആശ്വാസത്തിന്റെ നെടുവീർപ്പിട്ടുകൊണ്ട് ബാത്രൂമിൽ കയറി..

“നീ എന്നാ ഇത്രേം വൈകിയത്..

നടക്കുന്നതിനിടയിൽ സുമലത ശിൽപ്പയുടെ ചന്തിയിൽ പിടിച്ചു കൊണ്ട് ചോദിച്ചു..”

“ഹാ ഞാൻ സമയം പോയതറിഞ്ഞില്ലന്നെ...നിനക്ക് കഴച്ചു നിൽക്കുവാണല്ലേ”

“പിന്നല്ലാതെ നിനക്കവിടെ ആവശ്യത്തിനു എല്ലാം കിട്ടുന്നിലെ ഇവിടെ ബാക്കിയുള്ളവൻ എന്നും പട്ടിണിയാ”

അത് പറഞ്ഞുകൊണ്ട് സുമലത കുണുങ്ങി ചിരിച്ചു...ശിൽപ്പ വശ്യമായി ചിരിച്ചുകൊണ്ട് ഇരുവരും താഴേക്കോടി..

ആരും കാണാതെ ഹരി പതിയെ പൂമുഖത്തെക്കിറങ്ങി....വേഗത്തിൽ തന്നെ കാവ് ലക്ഷ്യമാക്കി നടന്നു...അഞ്ജലി വന്നിട്ടുണ്ടാകുമോ എന്നത് അവൻ സംശയിച്ചു....തന്റെ ആഗ്രഹം സഫലമാകാൻ പോകുന്നു...ഹരിയുടെ മനസു തുള്ളിച്ചാടി...അവന്റെ ചിന്തകളെക്കാൾ വേഗത്തിൽ അവന്റെ കാലുകൾ ചലിച്ചു....അവൻ കാവിലെതുമ്പോൾ തന്നെയും പ്രതീക്ഷിച്ചു അഞ്ജലി അവിടെ ഉണ്ടായിരുന്നു...അവളുടെ അടുതെതിയ ഹരി വേഗത്തിൽ നടന്നതിനാൽ കിതച്ചിരുന്നു..

“സോറി ആ ശിൽപ്പ റൂമിൽ ഉണ്ടായിരുന്നു അതാ വൈകിയതു”

ഹരി അത് പറയുമ്പോൾ പക്ഷെ അപ്പോളും വായിച്ചെടുക്കാൻ കഴിയാത്ത ഭാവവും മുഖതണിഞ്ഞു അഞ്ജലി നിന്നു..ഇനി ഇവൾക്ക് ശിൽപ്പ റൂമിൽ വന്നിരുന്നത് കുശുമ്പിനു കാരണമാക്കിയോ....ഉണ്ടാകാതെ എവിടെ പോകാൻ പെണ്ണല്ലേ വർഗം...

“എന്താ പറയാൻ ഉണ്ടെന്നു പറഞ്ഞത്”

നാല് പാടും നോക്കികൊണ്ട് ഹരി ചോദിച്ചു..

“പേടിക്കണ്ട തറവാട്ടിൽ നിന്നും നോക്കിയാൽ ഇവിടേയ്ക്ക് കാണില്ല”

അഞ്ജലി അത് പറഞ്ഞപ്പോൾ ഹരിക്ക് ആശ്വാസമായി..

“അല്ല അപ്പോൾ അഞ്ജലി നേരെത്തെ ഇവിടെ വന്നിരുന്നോ”

സംശയത്തോടെ ഹരി ചോദിച്ചു..

“ഒരുപ്പാട്...എന്റെ സങ്കടങ്ങളും വിഷമങ്ങളും എല്ലാം ഇവിടുള്ള കാറ്റിനു പോലും അറിയാം...ഇവരാണ് എനിക്കെന്നു കൂട്ട്....എന്നും കലങ്ങിയ കണ്ണുകളുമായി ഞാൻ ഇവിടെയുള്ള ഈ ശിലകലോടും മരങ്ങളോടും വള്ളികലോടും എന്റെ പരാതികൾ പറയും..ചെറുകാറ്റായും താഴുകലായും പുഷപങ്ങലായും ഗന്ധങ്ങലായും ഇവരെല്ലാം എന്നെ ആശ്വസിപ്പിക്കും ...”

ഒരു നെടു വീർപ്പിട്ടുകൊണ്ട് അഞ്ജലി പറഞ്ഞു നിറുത്തി ഹരിയെ നോക്കി ശേഷം ശൂന്യതയിലേക്ക് നോക്കി...

അവളുടെ ദുഃഖങ്ങൾ പോലും എന്ത് മനോഹരമായാണ് അവൾ വർണ്ണിച്ചത്...ഹരിയുടെ മനസിൽ അതൊരു തേങ്ങൽ ഉണ്ടാക്കി...അഞ്ജലി തുടർന്നു..

“പറഞ്ഞാൽ തീരില്ല ഹരിയോടുള്ള നന്ദിയും കടപ്പാടും...ഈ ജന്മം എന്നും ഞാൻ ഹരിക്ക് വേണ്ടി പ്രാർഥിക്കും...ഇന്നലെ ഹരി പറഞ്ഞു ഇന്നുമുതൽ പുതിയൊരു അദ്ധ്യായം തുടങ്ങുമെന്ന്...നിങ്ങൾ ആ വാക്ക് പാലിച്ചു...ഹരിക്കറിയാമോ എന്റെ ജീവിതത്തിലെ വലിയ ആഗ്രഹമായിരുന്നു ഒരു ടീച്ചർ ആവുക എന്നത്....ഇന്ന് ഞാൻ ക്ലാസിൽ കയറിയപ്പോൾ എനിക്കുണ്ടായ സന്തോഷം പറഞ്ഞറിയിക്കാൻ കഴിയാത്തതായിരുന്നു...പക്ഷെ അത് കാണാൻ എന്റെ അമ്മയും കൂടപ്പിറപ്പുകളും എന്റെ കൂടെ ഇലല്ലോ എന്നത്..”

പറഞ്ഞു മുഴുമിക്കാൻ കഴിയാതെ അഞ്ജലി ഏങ്ങൽ അടിച്ചു കരഞ്ഞു...ഹരി വിഷമിതായി..

“കരയാതിരിക്കു അഞ്ജലി...ഞാൻ പറഞ്ഞില്ലേ എല്ലാം ശേരിയാകുമെന്നു...ഇനി വീട്ടുകാരും അഞ്ജലിയോടൊപ്പം ഉണ്ടാകും,,.. ഈ ജോലിയിൽ നിന്നും കിട്ടുന്ന സാലറി അഞ്ജലിയുടെ വീട്ടിലേക്കു അയക്കാനുള്ള മാർഗം ഞാൻ ഉണ്ടാക്കാം...പിന്നെ ഇടയ്ക്കു സ്കൂളിൽ നിന്നും ലീവെടുത്ത് അഞ്ജലിക്ക് വീട്ടിലും പോകാലോ”

ഹരിയുടെ വാക്കുകൾ അഞ്ജലിയിൽ വീണ്ടും സന്തോഷം ഉണ്ടാക്കി....അവൾ ഹരിയുടെ നേരെ കൈകൾ കൂപ്പി...അവളുടെ മനസിൽ ഹരിയുടെ സ്ഥാനം വാനോളം ഉയർന്നു..

“ശെരി പൊയ്ക്കൊള്...ഇനിയും വൈകിയാൽ ആരെങ്കിലും കണ്ടാൽ”

അഞ്ജലി അത് പറഞ്ഞപ്പോൾ ഹരിയുടെ മനസു നിരാശയിലേക്ക് കൂപ്പു കുത്തി....

“അല്ല എന്നോട് വേറൊന്നും പറയാനില്ല”

ഹരി സംശയത്തോടെ ചോദിച്ചു..

“ഇല്ല”

അഞ്ജലി പറഞ്ഞുകൊണ്ട് തിരികെ നടന്നു..

“അഞ്ജലി..”

ഹരി വിളിച്ചപ്പോൾ അഞ്ജലി നിന്നു..അവനു നേരെ നോക്കി എന്താ എന്ന് ഭാവത്തോടെ..

“അഞ്ജലി....ഞാൻ...പിന്നെ.....എനിക്ക്...അതെങ്ങനെ പറയാ എന്നെനിക്കറിയില്ല...മാത്രമല്ല അത് എത്രത്തോളം ശരിയാണ് എന്നത് എനിക്കറിയിലാ....പറയാൻ പാടുണ്ടോ എന്നതും അറിയില്ല....എനിക്ക് എനിക്ക് അഞ്ജലിയെ ഇഷ്ട്ടമാണ്..ഒരുപാട് ഒരുപാട് ഇഷ്ട്ടമാണ്...അഞ്ജലിയെ ഞാൻ സ്വന്തമാക്കികൊട്ടെ”

പറഞ്ഞു തീരും മുന്നേ കവിളിൽ ശക്തിയിൽ പതിഞ്ഞ അവളുടെ കരശക്തിയിൽ നിന്നും മോചിതനാകാൻ ഹരിക്ക് അൽപ്പം സമയം വേണ്ടി വന്നു...അവൻ ചുറ്റും ഒന്ന്

നോക്കികൊണ്ട് അഞ്ജലിയെ നോക്കി...അവൾ കോപത്തോടെ ഹരിയെ നോക്കി നിൽക്കുകയാണ്...

ഹരിയുടെ മനസിൽ ആയിരം ചോദ്യങ്ങൾ ഉയർന്നു...മുഖത്ത് കിട്ടിയ അടിയെക്കാളും വേദന ആയിരുന്നു അവന്റെ മനസിനെറ്റ മുറിവിന്റെ വേദന...ഹരിയുടെ മനസിൽ അവൻ ആർത്തു കരഞ്ഞു...

“ഞാൻ നിന്റെ അമ്മാവന്റെ ഭാര്യയാണ്...എന്നെ മറ്റു കണ്ണുകൾ കൊണ്ട് കാണാൻ...ചേ!”

അത്രയും പറഞ്ഞുകൊണ്ട് അഞ്ജലി ഭൂമിയെ ചവിട്ടിയളക്കി നിന്നും നടന്നു പോയി...

സ്വപനത്തിൽ പോലും കാണാത്തത് സംഭവിച്ച ഷോക്കിൽ ഹരി അവിടെ തന്നെ ഇരുന്നു...താൻ അവൾക്കു വേണ്ടി ഇത്രയും ചെയ്തു കൊടുത്തിട്ടും...

നീ എന്ത് ചെയ്തുയ് കൊടുത്തു അവളിൽ നിന്നും പ്രതിഫലം കിട്ടാൻ വേണ്ടിയാണോ നീ അവളെ ടീച്ചർ ആക്കിയത് അവൾ പറഞ്ഞതിൽ എന്താണ് തെറ്റ് നീ ആണു തെറ്റുക്കാരൻ...നീ മാത്രം...നിന്റെ ചിന്താഗതികൾ..

ഹരിയുടെ മന്സുപോലും അവനെ ശകാരിച്ചു...അവന്റെ കണ്ണുകൾ ഈറനണിഞ്ഞു...ഹരി തളര്ന്നുകൊണ്ട് അവിടെ ഇരുന്നു...

ആരും കാണാതെ അടുക്കള വഴി അഞ്ജലി റൂമിലെത്തി...റൂം വാതിൽ അവൾ കുറ്റിയിട്ടു....രാജൻ അപ്പോളും വന്നില്ലായിരുന്നു......അവൾ ഓടിച്ചെന്നു കിടക്കൈയിലേക്ക് വീണുകൊണ്ട് കരഞ്ഞു....

തലയിണയുടെ അടിയിലേക്ക് കൈകൾ കൊണ്ടുപോയ അഞ്ജലി കൈകൾകുള്ളിൽ മടക്കി വച്ച ഹരിയുടെ ഫോട്ടോ നോക്കി....

പുഞ്ചിരിച്ചു കൊണ്ട് നിൽക്കുന്ന ഹരി...

“എന്നോട് ക്ഷേമിക്ക് ഹരി....അങ്ങനെ ചെയ്യണം എന്ന് ഞാൻ കരുതിയതല്ല...നീ എന്നെ സ്നേഹിക്കുന്നതിന്റെ ഒരായിരം മടങ്ങ് ഞാൻ ഇന്ന് നിന്നെ സ്നേഹിക്കുന്ന്നു ഹരി...പക്ഷേ ഈ ജന്മം ഞാൻ നിനക്ക് ചേരില്ല....നിന്റെ സ്നേഹം ഞാൻ അർഹിക്കുന്നില്ല...എന്നെ വെറുക്കല്ലേ ഹരി....”

അഞ്ജലിയുടെ കണ്ണുകൾ നിറഞ്ഞൊഴുകി....

“ഹരി...ഞാൻ നിന്റെ ജീവിതത്തിലേക് വന്നാൽ നമുക്കൊരിക്കലും സമദാനത്തോടെ ജീവിക്കാൻ കഴിയില്ല...ആരും അതിനു അനുവദിക്കില്ല...എനിക്ക് നിന്നെ വേദനിപ്പിക്കാൻ വയ്യ ഹരി..ഞാൻ നിസഹായയ്യാണ് ഹരി.....നിന്റെ നോട്ടത്തിൽ നിന്റെ വാക്കുകളിൽ ഞാൻ അറിഞ്ഞതാണ് നിന്റെ സ്നേഹം...നിന്റെ കണ്ണുകളിലേക്കു നോക്കിയാൽ ഞാൻ അറിയാതെ നിന്നെ സ്നേഹിച്ചു പോകും ഹരി....പക്ഷെ വയ്യ ഹരി....എനികത്തിനു കഴിയില്ല....അയാം സോറി ഹരി...അയാം സോറി..ഐ ലവ് യു ഹരി ..ഐ ലവ് യു....എന്നെ വെറുക്കല്ലേ ഹരി...എന്നെ വെറുക്കല്ലേ”

അഞ്ജലി പൊട്ടി കരഞ്ഞുകൊണ്ട് ഹരിയുടെ ഫോട്ടോയിൽ ചുംബിച്ചു കൊണ്ട് കിടന്നു....

ഏതോ ഒരു ലോകത്തിൽ അകപ്പെട്ട പോലെയാണ് ഹരി തറവാട്ടിലേക്ക് നടന്നത്...ആരെങ്കിലും കാണുമോ എന്നാ ചിന്ത പോലും ഹരിയിൽ ഉണ്ടായിരുന്നില്ല...അവൻ അകത്തേക്ക് കയറി...അവന്റെ മനസിൽ തിരമാലകൾ പോലെ ചിന്തകൾ അലയടിച്ചു....

അഞ്ജലിയെ ഞാൻ വേദനിപ്പ്പിച്ചു...ഇനി ഒരിക്കലും അവൾ എന്നെ ഒന്ന് നോക്കുക പോലും ചെയ്യില്ല ഹരിക്ക് സഹിക്കാവുന്നതിലും അധികം ആയിരുന്നു അത്....അവൻ യാന്തികലോകത്തിലെ മരപ്പവയെപ്പോലെ പൂമുഖത്തേക്ക് കയറി...

ശില്ല്പയുമായുള്ള കാമ കേളിയുടെ ബാക്കി പത്രംമെന്നോണം കവക്കടിയിലൂടെ ഒഴുകിയിറങ്ങിയ മദ ജലത്തിന്റെ വഴുവഴുപ്പിൽ സുഖിച്ചുകൊണ്ടാണ് സുമലത അവളുടെ മുറി വിട്ടു പുറത്തു വന്നത്...

അപ്രതീക്ഷിതമായി അവിടെ ഹരിയെ കണ്ട അവൾ ഒന്ന് പതറി..ഹരിയും പതറിയെങ്കിലും പക്ഷെ അതൊന്നും അപ്പോൾ അവനു ഒരു പ്രശ്നമേ അല്ലായിരുന്നു..

“എന്താ ഉറങ്ങിയില്ലേ ഹരി”

ഹരിയെ കണ്ടപ്പോൾ ഉണ്ടായ പതർച്ച അവളുടെ കാലിനിടയിൽ തരിച്ചു വന്ന ഇതളുകളെ വീണ്ടും ഉതെജിച്ചപ്പോൾ അകന്നു മാറി...

“ഇല്ല...ഞാ. ഉറക്കം വന്നില്ല...അപ്പോൾ ചുമ്മാ ഒന്ന് ഇറങ്ങി നടന്നു..”

“ഈ രാത്രിയിലോ...എന്നെ വിളിക്കാമായിരുന്നില്ലേ”

വശ്യാമായി ചിരിച്ചുകൊണ്ട് സുമലത ഹരിയെ നോക്കിയപ്പോൾ ഹരി വെറുതെ ഒന്ന് ചിരിച്ചെന്നു വരുത്തി..

നാലുപാടും നോക്കി സുമലത ഒന്നുകൂടി ഹരിയുടെ അടുത്തേക്ക് കയറി നിന്നും..പക്ഷെ അപ്പോളും ഹരിയുടെ മനസിൽ അഞ്ജലിയുടെ മുഖവും അവളുടെ വാക്കുകളും മാത്രമായിരുന്നു...

“ഞാൻ വന്നു ഉറക്കി തരണോ എന്റെ ഭർത്താവിനെ”

സുമലത ഹരിയുടെ കൈകളിൽ കൂടി അവനെ തഴുകി കൊണ്ട് ചോദിച്ചു...കാമ പൂരണത്തിന്റെ ബാക്കിയായി തുറന്നിട്ടിരുന്ന നൈറ്റിയുടെ മുൻഭാഗത്തെ രണ്ടാമത്തെ ഹൂക്കുകളും സുമലത അഴിച്ചപ്പോൾ ഹരി അവളുടെ കൈകൾ തട്ടി മാറ്റികൊണ്ട് മുകളിലേക്ക് കയറി പോയി..

ഉണർന്നു വന്ന അവളുടെ മനസും ശരീരവും ഒരുപോലെ നിരാശയിൽ ആയി...അവളുടെ ഇതളുകൾ വിങ്ങി ..അവൾക്കു ദേഷ്യം വന്നു...അവൾ വീണ്ടും ശിൽപ്പയുടെ മുറിയുടെ വാതിൽ തള്ളി തുറന്നുകൊണ്ട് അകത്തേക് കടന്നു..

കട്ടിലിൽ കിടന്ന ശിൽപ്പയുടെ നഗ്നമേനിയിൽ പുതച്ച പുതപ്പു വലിച്ചെറിഞ്ഞു കൊണ്ട് തന്റെ നൈറ്റി പൊക്കി സുമലത ശിൽപ്പയുടെ മുഖം അവളുടെ കാലിനടിയിൽ കൊണ്ടുപ്പോയി ആരോടോക്കയോ ഉള്ള ദേഷ്യം അതിൽ പ്രകടമായിരുന്നു...

രാവിലെ എണീറ്റ് താഴേക്കു പോകാൻ കൂടി ഹരിക്ക് മനസു വന്നില്ല...അഞ്ജലിയുടെ മുഖത്ത് എങ്ങനെ നോക്കും....അവൾ തന്റെ മുഖത്ത് നോക്കുമോ...ഹരി അവനെ തന്നെ ശപിച്ചുകൊണ്ട് കട്ടിലിൽ കിടന്നു...അവളുടെ മനസു വേദനിപ്പിച്ചു എന്ന കുറ്റബോധം ഹരിയെ വല്ലാതെ അലട്ടി...

ശില്ല്പയുടെ ഇടതടവില്ലാതെ താഴെ നിന്നുള്ള വിളി സഹിക്കാൻ കഴിയാതെയാണ് ഹരി താഴേക്കു വന്നത്...

അവളോടൊപ്പം ഇരുന്നു ഭക്ഷണം കഴിക്കുമ്പോൾ അന്നാദ്യമായി അഞ്ജലി ഭക്ഷണവുമായി അവിടേക്ക് വരല്ലേ എന്ന് ഹരി മന്സാൽ പ്രാർഥിച്ചു...

ഭക്ഷണ ശേഷം ഹരി ശിൽപ്പയുടെ കത്തി സഹിക്കാൻ കഴിയാതെ അവിടെയും ഇവിടെയും ആയി കറങ്ങി നടന്നു...പാടത്തേക്കു നോക്കിയാ അവൻ പ്രകൃതി പോലും അവനെ വഴക്ക് പറയുന്നതുപ്പോലെ വാടി കരിഞ്ഞതുപ്പോലെ  കാണപ്പെട്ടു....

പാടവരമ്പിലേക്ക് നടന്ന ഹരി പച്ചപ്പ് വിടർത്തി നിൽക്കുന്ന നെൽവയലുകളെ നോക്കി...അവിടെ രണ്ടു ഇണക്കിളികൾ  പറന്നു വന്നു പാടത്തിന്റെ നടുക്കായി സ്ഥാപിച്ച കണ്ണു തട്ടാതിരിക്കാനുള്ള കോലത്തിൽ ഇരുന്നു..

ഹരി അവയെ നോക്കി..ഒരു ഇളം തെന്നൽ ഹരിയുടെ മുടിയിഴകളെ തഴുകിയുണർത്തി കൊണ്ട് അവനു കൂട്ടായി...

പാടത്തെ പണിക്കാരുടെ കണ്ണു വെട്ടിച്ചു ആൺക്കിളി പെട്ടന്ന് പറന്നു നെൽക്കതിരുകൾ കൊത്തിയെടുത്തു പെൺ ക്കിളിയുടെ വായിൽ വച്ച് കൊടുക്കുമ്പോൾ കഷ്ട്ടപെട്ടു പണിയെടുത്തു തിരിച്ചു വരുന്ന ഭർത്താവിനെ പരിപാലിക്കുന്ന ഭാര്യയെപ്പോലെ ആ പെൺക്കിളി ആൺക്കിളിയുടെ ശരീരത്തിൽ ചുണ്ടുകൾ കൊണ്ട് ഉരസി....

ഹരിയുടെ മനസു ആ കാഴ്ച കണ്ടു പുഞ്ചിരിച്ചു...ബുദ്ധിയുള്ള മനുഷ്യനെക്കാൾ നല്ലതായി പ്രണയിക്കാൻ ഇവർക്കാണ് കഴിയുക.....അവരുടെ ഇടയിൽ അതിർവരമ്പുകൾഇല്ല....അവരുടെ ലോകത്ത് മറ്റാരും ഇല്ല....കൊത്തിയെടുത്ത അത്രയും നെൽക്കതിരുകൾ താഴെവീഴാതെ തങ്ങളുടെ കൂട് ലക്ഷ്യമാകി അവർ പറന്നകലുമ്പോൾ വിശാലമായ ആ നീലാകാശത്ത് അവരെ തടയാൻ ആരുമില്ല...

ഈ ലോകത്തിന്റെ പ്രണയത്തിന്റെ പാര്യമ്യതയിലേക്ക് അവർ പറന്നു കയറുന്നു അവരുടെ ഒരിക്കലും തകരാത്ത സ്നേഹവുമായി...

“ഹരി”

അഞ്ജലിയുടെ വിളികേട്ടു പെട്ടന്ന് തിരിഞ്ഞ ഹരി തല കുനിച്ചു നിന്നു...ഹരിയെ കണ്ട അഞ്ജലിയിൽ സ്നേഹത്തിന്റെ ആയിരം പൊൻകിരണങ്ങൾ വിരിഞ്ഞു...

സ്കൂളിലേക്ക് പോകാൻ കടും പച്ച നിറത്തിൽ ഒരു സാരി ഭംഗിയായി ഉടുത്തു...നെറ്റിയിൽ ചന്ദനം ചാർത്തി മുടികൾ വിരിച്ചിട്ടു അഞ്ജലി ഹരിക്ക് മുന്നിൽ നിന്നു...വലത്തേ ചുമലിൽ ഒരു വാനിറ്റി ബാഗും കൈയിൽ ഒരു കുടയും

“ഹരി...അയാം സോറി ഹരി...ഞാൻ..പെട്ടന്ന്”

വാക്കുകൾ കോർത്തിനക്കനായി അഞ്ജലി നന്നെ പാടുപ്പെട്ടു ....

“സോറി ഞാൻ അല്ലെ പറയേണ്ടത് ..ഞാനൊന്നും ചിന്തിക്കാതെ...ബന്ധങ്ങളെല്ലാം ഞാൻ മറന്നു....അഞ്ജലി മറ്റൊരാളുടെ ഭാര്യായാണ് എന്നതും ഞാൻ മറന്നു....നിന്നോടുള്ള സ്നേഹത്തിനുമുന്നിൽ ഞാൻ അതെല്ലാം മറക്കുകയായിരുന്നു....പക്ഷെ ..”

ഹരിയുടെ വാക്കുകൾ ഇടറി...അഞ്ജലി മറുപടി പറയാൻ വാക്കുകൾ കിട്ടാതെ നിന്നു..

“ഞാൻ ജീവിതത്തിൽ ആദ്യമായി കണ്ട പെൺകുട്ടി അല്ല അഞ്ജലി..പക്ഷെ അഞ്ജലിയോടു തോന്നിയ്തോന്നും ഞാൻ കണ്ട പെൺകുട്ടികളിൽ എനിക്ക് തോന്നിയിട്ടില്ല....അഞ്ജലി ...നീ ഒരു പവിത്രമായ ജനമതിനു ഉടമയാണ്....ആ നിന്നെ ആഗ്രഹിച്ചതെ തെറ്റാണ്....അപ്പൊ നിന്റെ സ്നേഹം കൂടി വേണമെന്ന് ഞാൻ വാശിപ്പിടിക്കാൻ പാടില്ലായിരുന്നു....അമ്മ പറഞ്ഞിട്ടുണ്ട് അർഹിക്കാത്തത് ആഗ്രഹിക്കരുതെന്ന്..”

“എന്നോട് ഇങ്ങനെ ഒന്നും പറയല്ലേ ഹരി...ഞാൻ സാദാരണ ഒരു പെണ്ണാണ്...നിങ്ങളെപ്പോലെ മജ്ജയും മാംത്സവും ഉള്ള വെറും ഒരു പെണ്ണ്...”

“പക്ഷെ നിന്നെ സ്നേഹിക്കുന്നവർക്ക് നീ അതിനൊക്കെ അപ്പുറം എന്തോ ആണു അഞ്ജലി....ഇന്നലെ അങ്ങനെ പറഞ്ഞതിനും ചിന്തിച്ചതിനു അഞ്ജലിയെ വേദനിപ്പിച്ചതിനും ഞാൻ മാപ്പ് ചോദിക്കുന്നു....ഇനിയൊരിക്കലും അഞ്ജലിക്ക് എന്റെ ഭാഗത്ത് നിന്നും ഒരു വേദനയും ഉണ്ടാകില്ല....മാപ്പ്”

കൈകൾ കൂപ്പി കണ്ണുകൾ നിറച്ചുകൊണ്ട് ഹരി അത്രയും പറഞ്ഞുകൊണ്ട് അഞ്ജലിയെ കടന്നുപോയി...

ഓടിചെന്ന് കെട്ടിപ്പിടിച്ചു അവന്റെ മുഖം മുഴുവൻ ചുംബനങ്ങൾ കൊണ്ട് പൊതിയാൻ അഞ്ജലി വെമ്പി.....ഹരി ഞാൻ നിന്നെ ഒരുപാട് സ്നേഹിക്കുന്നു ഹരി...നിന്റേതകാൻ നിന്റെ മാത്രമാകാൻ എന്റെ ഉള്ളം ഒരുപാട് കൊതിച്ചുപോകുന്നു ഹരി...എന്ന് പറഞ്ഞുകൊണ്ട് അവനെ വാരി പുണരാൻ അഞ്ജലി കൊതിച്ചു....പക്ഷെ അവളുടെ കാലുകൾ അനങ്ങിയില്ല..

ആ പാടവരമ്പിൽ കിളികളുടെ ശബ്ദം അഞ്ജലി കേട്ടില്ല....അവളുടെ കാൽപാദങ്ങൾ സ്ചൂലിനെ ലക്ഷ്യമാക്കി നീങ്ങി....ഹരിയോടുള്ള സ്നേഹം മനസിൽ ഇട്ടുകൊണ്ട്...അവന്റെ നെഞ്ചിലെ ചൂടറിയാൻ കൊതിച്ചുകൊണ്ട് അവന്റെ കൈകലക്കുള്ളിൽ സുരക്ഷിതയായ ഒരു പെണ്ണായി ഉറങ്ങുവാന് കൊതിച്ചു കൊണ്ട് അഞ്ജലി നടന്നു...

ആ പാടവരമ്പിൽ കിളികളുടെ ശബ്ദം അഞ്ജലി കേട്ടില്ല....അവളുടെ കാൽപാദങ്ങൾ സ്കൂൾ ലക്ഷ്യമാക്കി നീങ്ങി....ഹരിയോടുള്ള സ്നേഹം മനസിൽ ഇട്ടുകൊണ്ട്...അവന്റെ നെഞ്ചിലെ ചൂടറിയാൻ കൊതിച്ചുകൊണ്ട് അവന്റെ കൈകൾക്കുള്ളിൽ സുരക്ഷിതയായ ഒരു പെണ്ണായി ഉറങ്ങുവാന് കൊതിച്ചു കൊണ്ട് അഞ്ജലി നടന്നു...

അന്നത്തെ ദിവസം മുഴുവൻ അഞ്ജലിയുടെ മനസിൽ ഹരിയുടെ കണ്ണീരാൽ കുതിർന്ന മുഖമായിരുന്നു....കുട്ടികളെ പഠിപ്പിക്കുംബോഴെല്ലാം അവൾ മറ്റേതോ ലോകത്തായിരുന്നു....

ഒരു കുപ്പയിൽ കിടന്ന തന്റെ ദുരിതപൂർണമായ ജീവിതം ഇന്ന് ഈ കാണുന്ന സ്ഥിതിയിൽ ഒരിക്കലും എത്തുമെന്ന് താൻ സ്വപനം പോലും കണ്ടതല്ല....

തനിക്കിങ്ങനെ ഒരു വിധി എഴുതിവച്ച ദൈവങ്ങളെപ്പോലും എത്രയോ തവണ ഞാൻ ശപിച്ചിരിക്കുന്നു....അമ്മയെയും അനുജതിമാരെയും ഒരു നോക്ക് കാണാൻ കൊതിച്ച നിമിഷങ്ങളിൽ പോലും എനിക്കതിനായില്ല..

പക്ഷെ ഒരു ദിവസം എവിടെ നിന്നോ ഒരു ദൈവ ദൂതനെ പോലെ വന്നു....എന്റെ സങ്കടങ്ങൾ ഞാൻ പറയാതെ മനസിലാക്കി...എനിക്ക് സ്വർഗ്ഗ തുല്ല്യമായ ഒരു ജീവിതം തന്നു....അമ്മയിൽ നിന്നും എനിക്കായി വാങ്ങി വന്ന ആ അവൽ പൊതി അത് മാത്രം മതിയായിരുന്നു ഹരിയുടെ എന്നോടുള്ള സ്നേഹം എനിക്ക് മനസിലാക്കാൻ...

പക്ഷെ എന്നിട്ട് ഞാൻ അവനെന്താണ് തിരിച്ചു കൊടുത്തതു....ആർക്കു വേണ്ടിയാണ് ഞാൻ അവനോടുള്ള സ്നേഹം മറച്ചു വക്കുന്നത്...ആരെ കാണിക്കനനാണ് ഞാൻ ഈ പതിവൃത ചമയുന്നത്,,,

ഈ മുഖമൂടിയിൽ അവന്റെ ഉള്ളുരുകുന്ന സ്നേഹം കണ്ടില്ലെന്നു നടിക്കാൻ മാത്രം ക്രൂരയായോ അഞ്ജലി നീ...മറ്റുള്ളവരുടെ വേദനയിൽ മനസലിയുന്ന നീയാണോ ആ സ്നേഹം കണ്ടില്ലെന്നു നടിച്ചു തിരിഞ്ഞു നടന്നത്..

അഞ്ജലിയുടെ മനസു പോലും അവളെ കുറ്റപ്പെടുത്തി...അവൾ സ്കൂളിലെ ബാത്രൂമിൽ ഇരുന്നു കരഞ്ഞു...ഈശ്വരാ എനിക്ക് എന്തിനിങ്ങനെ ഒരു വിധി....

ഹരി എന്നെ ഒരുപാട് സ്നേഹിക്കുന്നു പക്ഷെ ആ പാവത്തിന് വേദന മാതം കൊടുക്കാനാണോ എന്റെ നിയോഗം...കൃഷണ നീ ഇതൊന്നും കാണുന്നില്ലേ...

അഞ്ജലിയുടെ മനസു സങ്കടത്തിൽ ആറാടി...അവളിൽ നിന്നും കണ്ണുനീർ ധാരയായി ഒഴുകി കൊണ്ടിരുന്നു....

പക്ഷെ ഞാൻ ചെയ്യുനത് തന്നെയാണ് ശെരി...ഹരിയോട് ഞാൻ സ്നേഹം കാണിച്ചാൽ അവനെ എന്നന്നേക്കു മായി എനിക്ക് നഷ്ട്ടമാകും...എല്ലാവരും അവനെ എന്നിൽ നിന്നും മറച്ചു വക്കും...എന്റെ കുടുംബം അവരില്ലണ്ടാക്കും...ഒന്നുമില്ലാത്ത എന്റെ കുടുംബത്തിൽ നിന്നും ഇളയവളെ നല്ലൊരു കുടുംബത്തിലേക്ക് കല്യാണം കഴിച്ചതിന്റെ കാരണം തന്നെ താൻ ആ തറവാട്ടിലെ ആയി എന്നുള്ളതാണ്...

അമ്മയോട് ഞാൻ എന്ത് സമാദാനം പറയും ലോകം എന്നെ പിഴച്ചവൾ എന്ന് വിളിക്കില്ലേ......ഇല്ല ഹരി ..നിനക്കായുള്ള സ്നേഹം പകർന്നു തരുവാൻ എനിക്ക് കഴിയില്ല.....എന്റെ മനസിലെ ശ്രീകോവിലിൽ എന്നും ഞാൻ നിന്നെ പൂജിക്കും...അടുത്ത ജന്മം നിന്റെ ചങ്കിലെ പെണ്ണായി ജനിക്കാൻ ഞാൻ എന്നും മനസുരുകി പ്രാർഥിക്കും ....

എല്ലാം ഒരു മായാലോകം പോലെയായിരുന്നു ഹരിയുടെ ചുറ്റും...ശിൽപ്പയുടെ ശല്യം കൂടി കൂടി വരുന്നു....അവൾ എപ്പോളും ഹരിയുടെ കൂടെ തന്നെയാണ്...ശാരദയുടെ കുബുദ്ധി ആണു അതിനു കാരണം...ഒരമ്മ മകൾക്ക് നല്ലത് ഉപദേശിച്ചു കൊടുക്കേണ്ടാതിനുപകരം അവർ സ്വന്തം മകൾക്ക് വശീകരണമാണ് പഠിപ്പിച്ചു കൊടുത്തത്....ഹരിയെ വശീകരിക്കാനുള്ള തന്ത്രങ്ങൾ...

അവൻ ശിൽപ്പയിൽ സംപ്രീതനായാൽ ഈ കാണുന്ന സ്വത്തുകൾ എല്ലാം തങ്ങൾക്കുള്ളതാകും...എല്ലാവരും പിന്നെ തങ്ങളെ ആശ്രയിച്ചു കഴിയണം...പണത്തിനും പദ്ധവികൾക്കും വേണ്ടി മനുഷ്യൻ സ്വയം മറന്നു എന്തിനും തയ്യാറാകുമ്പോൾ വേദ വാക്യങ്ങൾ പൂർണങ്ങളാകുന്നു.....കലികാലത്തിൽ എന്തിനും ഏതിനും കാമം മാത്രം...

“ഹരി ഹരിക്ക് ഈ ലോകത്ത് ഏറ്റവും ഇഷ്ട്ടം എന്താണ്?”

ശിൽപ്പയുടെ ചോദ്യം ഹരിയെ ചിന്തകളിൽ നിന്നും ഉണർത്തി...

അഞ്ജലി...അതാണ് ഹരി പറയാൻ ഉദേശിച്ച ഉത്തരം...പക്ഷെ ഹരിയുടെ വാക്കുകൾ മൌനമായി കേൾക്കാൻ മാത്രം ശിൽപ്പ ഹരിയുടെ ആരുമായിരുന്നില്ലല്ലോ....

അവളുടെ ചോദ്യത്തിന് ഒന്ന് പുഞ്ചിരിക്കുക മാത്രമാണ് ഹരി ചെയ്തത്...അവൾ വീണ്ടും അവളുടെ ചോദ്യം ആവർത്തിച്ചു,...

“എനിക്ക് എല്ലാം ഇഷ്ട്ടമാണ് ശിൽപ്പ..”

“അഹ അത് കൊള്ളാലോ...ചോദ്യങ്ങളിൽ നിന്നും രക്ഷപ്പെടാൻ എല്ലാവടും പറയുന്ന ആ സ്ഥിരം എക്സ്ക്യൂസ് ...ഹരിയിൽ നിന്നും ഞാൻ അത് പ്രതീക്ഷിക്കുന്നില്ല “

ഇവൾ വിടുന്ന ലക്ഷണമില്ല...അഞ്ജലിയോടുള്ള പ്രണയം..അവളുടെ അവഗണന...അത് തളർത്തിയ മനസുമായാണ് ഹരി നടക്കുന്നത്...അപ്പോൾ അവൾ എന്തൊക്കെയോ ചോദ്യങ്ങളാൽ തന്നെ വീർപ്പുമുട്ടിക്കുന്നു....

ഹരി വീണ്ടും ചിരിച്ചു...വീണ്ടും വീണ്ടും ശശിൽപ്പ അവനെ നിർബന്ധിച്ചുകൊണ്ടെയിരുന്നു....ഉത്തരം പറയുക മാത്രമാണ് അവന്റെ മുന്നിലെ ഏക വഴി..

“എനിക്ക് ഈ ലോകത്തിൽ അമ്മയെ ആണു ഏറ്റവും ഇഷ്ട്ടം”

“ഹ അതൊക്കെ കോമൺ അല്ലെ ഹരി എന്തെങ്കിലും വ്യത്യസ്തമായി പറയു”

ശിൽപ്പയുടെ ചോദ്യം വീണ്ടും വന്നു...പൂമുഖ കോലായിൽ ആ ചാരുകസേരയിൽ ഇരിക്കുമ്പോൾ തൊട്ടു മുന്നിൽ ഇരിക്കുന്ന ശിൽപ്പ ഹരിയെ മനപൂർവമെന്നോണം ശല്യം ചെയ്തുകൊണ്ടേയിരുന്നു..

ഹരി വീണ്ടും മൗനമായി...അപ്പോളേക്കും സുമലത അങ്ങോട്ട് വന്നു....

“ശിൽപ്പ മോളെ നിന്നെ അപ്പുറത്ത് അമ്മ അന്വേഷിക്കുന്നു..”

സുമലത വന്നപ്പാടെ ശില്പയോടു പറഞ്ഞു..

“എന്നതിന സുമചിറ്റെ?”

“അതെങ്ങനെ എനിക്കറിയാ..നീ പോയി ചോദിച്ചു നോക്ക്”

സുമലത അൽപ്പം കേറുവിച്ചുകൊണ്ട് പറഞ്ഞു..ശിൽപ്പ സുമലതയെ ഒന്നു ചൂഴ്ന്നു നോക്കികൊണ്ട് അടുക്കളിയിലേക്ക് പോയി...ഹരിക്ക് അൽപ്പം ആശ്വാസമായി..അവൻ കസേരയിൽ നിന്നും എഴുന്നേറ്റു..

“ഹ എവിടെ പോക...അവിടെ ഇരിക്കുന്നെ....ഇപ്പൊ എനിക്കൊന്നു മര്യാദക്ക് കാണാൻ കൂടി കിട്ടുന്നില്ല എന്റെ കെട്ട്യോനെ അതെങ്ങന ഇപ്പോളും വാലുപോലെ നടക്കല്ലേ അവൾ”

എണീക്കാൻ ഭാവിച്ച ഹരിയെ വീണ്ടും കസേരയിൽ തന്നെ ഇരുത്തികൊണ്ട് അവന്റെ മുടിയിൽ തഴുകി കൊണ്ട് സുമലത ഹരിയെ നോക്കി വശ്യമായി ചിരിച്ചു..

ഹോ എന്റെ ഈശ്വരാ പിടിച്ചതിനെക്കളും വലിയതാണല്ലോ അളയിൽ എന്ന അവസ്ഥ...പറഞ്ഞു കേട്ടിട്ടേ ഉള്ളു ഇപ്പൊ ഇതാ താൻ അത് അനുഭവിക്കുകയാണ്....

“ആരെങ്കിലും കാണും സുമ”

എങ്ങനെയെങ്കിലും അവളുടെ കൈയിൽ നിന്നും രക്ഷപ്പെടാൻ വേണ്ടി ഹരി പറഞ്ഞു...

“ഹാ ആരും കാണാനാ...എനിക്ക് പിന്നെ എന്റെ കെട്ട്യോനോട് ഒന്ന് മിണ്ടാൻ എപ്പോളാ സമയം”

സുമലത ഇല്ലാത്ത പരിഭവം മുഖതണിഞ്ഞു....ശരിക്കും ഹരിയുടെ ഭാര്യയാണ് എന്നാ മുഖഭാവമായിരുന്നു അപ്പോൾ അവളുടേത്...

താൻ തന്നെയാണ് തെറ്റുക്കാരൻ....ആദ്യമേ ഇതൊക്കെ അനുവദിച്ചു കൊടുക്കാൻ പാടില്ലായിരുന്നു...അതെങ്ങനെ ഇവളുമാരൊക്കെ മനുഷ്യന്റെ വീക്നെസിൽ തന്നെ അല്ലെ കയറി പിടിക്കുന്നെ....

“എന്റെ പോന്നു സുമ നീ ഒന്ന് പോ പ്ലീസ്”

“ശെരി ഞാൻ ഇപ്പൊ പോകാം പക്ഷെ ഞാൻ ഇന്ന് രാത്രി റൂമിൽ വരാം..ഒരു പതിനൊന്നു മണി കഴിഞ്ഞിട്ട്”

“എന്തിനു”

കസേരയിൽ നിനും ചാടി എണീറ്റ് കൊണ്ട് ഹരി ചോദിച്ചു..

“ഓ ഒന്നും അറിയാത്ത പോലെ ഒരു കള്ളൻ”

ഹരിയുടെ കവിളിൽ നുള്ളികൊണ്ട് സുമലത അവനെ വശ്യമായി നോക്കി...ആ നോട്ടം ഹരിയുടെ മനസിൽ ഒരു ചാട്ടുളി പോലെ കടന്നു കയറി.....മനുഷ്യൻ എത്ര സങ്കട ഭരിതനെങ്കിലും അവനിലെ കാമ മോഹം ഏതു നിമിഷവും ജട കുടഞ്ഞെണീക്കുമെന്നു ഏതൊരു സ്ത്രീക്കും അറിയാം...

അതുകൊണ്ടാണല്ലോ പുരുഷൻ സ്ത്രീ സുഖത്തിനായി ഈ ലോകത്ത് ഇന്ന് എന്തിനും തയാറാകുന്നത്...ഹരിയുടെ മനസിലും അവളുടെ വശ്യതയിൽ ചാഞ്ചാട്ടം ഉണ്ടായെങ്കിലും അഞ്ജലി എന്ന മുഖം അവനെ വീണ്ടും അതിൽ നിന്നും പിന്തിരിപ്പിച്ചു...

“അപ്പോൾ രാത്രി കാണാം...ഞാൻ വരും വാതിൽ കുറ്റിയിടണ്ട..”

ഹരിയുടെ ചെവിയിൽ അത് പറഞ്ഞുകൊണ്ട് അവന്റെ കവിളിൽ ഒരു ചുംബനവും അവൾ സമ്മാനിച്ചു ....അവിടെ നിന്നും എണീറ്റുകൊണ്ട് പോകാൻ ഒരുങ്ങവേ സുമലത പൊടുന്നനെ നിന്നുകൊണ്ട് തലയിൽ കൈ വച്ച് പറഞ്ഞു..

“അശോടാ,,,,ഇന്ന് പറ്റില്ല,,,,ഞാൻ അത് മറന്നു..ഇന്ന് തൃക്കാർത്തികയാണ് ...അപ്പോൾ വൈകുന്നേരം എല്ലാവരും ഉണ്ടാകും..കിടക്കാൻ ഒരു സമയം ആകു...സാരമില്ല എന്റെ കേട്യോനു ഞാൻ നാളെ എല്ലാം തരാട്ടോ...പരിഭവിക്കല്ലേ”

തൃക്കാർത്തിക....ഹരിയുടെ മനസിലെ ചോദ്യങ്ങൾ സുമലത അവന്റെ മുഖത്ത് വായിച്ചു...

“മനസിലായില്ലേ ....ഇന്ന് തരാവാട്ടിൽ പ്രത്യക പൂജയും മറ്റു ഒക്കെ ഉണ്ട്...വൈകുന്നേരം ഇവിടെമാകെ വിളക്ക് വെക്കും..നമുക്ക് നാളെ ശേരിയക്കന്നെ”

അത്രയും പറഞ്ഞുകൊണ്ട് വീണ്ടും ഹരിയുടെ കവിളിൽ നുള്ളികൊണ്ട് സുമലത തരിഞ്ഞു നടന്നു...

തൃക്കാർത്തിക അമ്മ പറഞ്ഞിട്ടുണ്ട് അതിനെ കുറിച്ച് ഹരി മനസിലോർത്തു....തറവാടാകെ ദീപത്തിൽ മുങ്ങുന്ന സുദിനം...അമ്മ പറഞ്ഞപ്പോൾ കാണണം എന്നുണ്ടായിരുന്നു പക്ഷെ സാദിക്കുമെന്നു കരുതിയില്ല...

അപ്പോളേക്കും ശിൽപ്പ അങ്ങോട്ടേക്ക് വന്നു...അവൾ വീണ്ടും അവളുടെ കത്തിവക്കൽ തുടർന്നു...

സമയം സന്ധ്യയായപ്പോൾ ആണു ഹരി ഉച്ചമയക്കത്തിൽ നിന്നും എണീറ്റത്....താഴെ ആളുകളുടെ വലിയ ബഹളം അവൻ കേട്ടു.....എന്താണ് താഴെ...ഓ ഇന്ന് തൃക്കാർത്തികയാണല്ലോ...സുമലതയുടെ വാക്കുകൾ ഹരിയുടെ മനസിൽ നിറഞ്ഞു...വേഗത്തിൽ തന്നെ കുളിച്ചു വസ്ത്രം മാറി ഹരി താഴേക്കു വന്നു....പതിവിനു വിപരീതമായി നീല കളറിലുള്ള മുട്ടോളം ഇറക്കം വരുന്ന കുർത്തയും വെള്ളമുണ്ടുമാണ് ഹരി ധരിച്ചത്...

തറവാട്ടിൽ വിശേഷ ദിവസമല്ലേ നല്ലതുപ്പോലെ ഒരുങ്ങിയെക്കം എന്നതാണ് അതിനു കാരണം...

ഹരി താഴെ എത്തിയപ്പോൾ എല്ലാവരും തിരക്കിലാണ്.....പൂമുഖം മുഴുവൻ ചിരാതിൽ ദീപങ്ങൾ തെളിഞ്ഞു നിൽക്കുന്നു....മുറ്റത്തെ തുളസി തറയിലും ആലിൻ ചുവട്ടിലും അങ്ങനെ ആ തറവാട് മുഴുവൻ ദീപങ്ങളാൽ അലങ്കാരമായി....

ചെറിയ ഇളം കാറ്റിൽ ഇളകിയാടുന്ന തിരികളും നോക്കി ഹരി നിന്നു.....ആദ്യത്തെ കാഴ്ചകൾ ആയിരുന്നു ഹരിക്ക് അതെല്ലാം,....സങ്കടങ്ങൾ തിരമാലകൾ തീർത്ത ഹരിയുടെ മനസിൽ ആ ദീപനാളങ്ങൾ ആശ്വാസമേകി...

നെറ്റിയിൽ തണുപ്പ് തട്ടിയപ്പോളാണ് ഹരി സ്വോബോധതിലേക്ക് തിരിച്ചെത്തിയത് ശിൽപ്പയുടെ തണുപ്പാർന്ന കൈകളാൽ അവൾ ഹരിയുടെ നെറ്റിയിൽ ചന്ദനം ചാർത്തി...

“സുന്ദരനായല്ലോ ഇന്ന്”

കുറി തൊട്ടുകൊണ്ട് ശിൽപ്പ പറഞ്ഞു...

ഹരി പുഞ്ചിരിച്ചു.....അപ്പോളാണ് അവൻ ശിൽപ്പയെ ശ്രദ്ധിച്ചത് ഹാഫ് സാരിയണിഞ്ഞു തലയിൽ അൽപ്പം മുല്ലപൂ ചൂടി നെറ്റിയി ചന്ദന കുറി ചാർത്തി അവൾ ഹരിയുടെ മുഖത്തേക്ക് നോക്കി നിൽക്കുകയാണ്....അവളുടെ മുഖം കണ്ടപ്പോൾ ഹരിക്ക് ഓർമ വന്നത് അനിയത്തി ഹർഷയെ ആണു...അവളും അമേരിക്കയിൽ ഇതുപ്പോലെയാണ് ചിലപ്പോളൊക്കെ വല്ല ഫങ്ങ്ഷനും പോകുമ്പോൾ അമ്മയെ സോപ്പിട്ടു ഇതുപ്പോലെ അണിഞ്ഞൊരുങ്ങും ...

ഒരു നിമിഷം ഹരിയുടെ ചിന്തകളിൽ അമേരിക്കയിലെ വീടും അവിടുത്തെ നല്ല നിമിഷങ്ങളും ഓടിയെത്തി....

“ഇതെന്താ മാഷേ എന്നെ ആദ്യമായി കാണുന്നത് പോലെ നോക്കുന്നത്..”

ശിപ്പയുടെ ചോദ്യം വീണ്ടുമെത്തി

“ഹേയ് ഞാൻ ചുമ്മാ ഓരോന്ന് ആലോചിച്ചു പോയി അത്രേ ഉള്ളു”

ഹരി ചെറുതായി ചമ്മികൊണ്ടാണ് അത് പറഞ്ഞത്..

“ഹും ഉവ ഉവേ...ഞാനും ഒരു പെൺകുട്ടിയാണ്....ആണോരുത്തന്റെ നോട്ടമോക്കെ എനിക്കും മനസിലാകും കേട്ടോ”

അത് പറഞ്ഞു ചിരിച്ചു കൊണ്ട് ശിൽപ്പ മുന്നോട്ടു നടന്നു...

അവളുടെ ഒപ്പം നടക്കാൻ ഒരുങ്ങിയ ഹരി സഡൻ ബ്രേക്ക് ഇട്ടതുപ്പോലെ നിന്നു...അവന്റെ കണ്ണിനെ വിശ്വസിക്കാൻ അവനു കഴിഞ്ഞില്ല.....

വെള്ള സെറ്റ് സാരിയുടുത്തു വിരിച്ചിട്ട മുടികളിൽ നിന്നും ജലത്തുള്ളികൾ ഇറ്റ് വീണ്....മുടിയിൽ ആവശ്യത്തിനു മുല്ലപ്പൂവും വച്ച് കണ്ണെഴുതി ചന്ദന കുറി തൊട്ടു...സിന്ധൂര രേഖയിൽ ചുവന്ന കുങ്കുമം അണിഞ്ഞു കൊണ്ട് കൈയിൽ ചിരാധിൽ ദീപവുമായി അഞ്ജലി അവന്റെ മുന്നിലൂടെ കടന്നു പോകുന്നു....

ഒരു നിമിഷം ഹരി സ്വപ്നലോകതിലേക്ക് പോയി...അവനു മുന്നിൽ കാണുന്നതൊന്നും വിശ്വസിക്കാനെ കഴിഞ്ഞില്ല...വിളക്കിന്റെ പ്രകാശത്തിൽ അഞ്ജലിയുടെ മുഖം പ്രകാശ പൂരിതമായി...മുഖ ഖാന്തിയും സൗന്ദര്യവും വേർതിരിച്ചെടുക്കാൻ ഹരി നന്നേ പാടുപ്പെട്ടു....

ആ ഒരു നിമിഷം അഞ്ജലിയോടു അവന്റെ മനസ്സിലുണ്ടായ സ്നേഹത്തിന്റെ വേലിയേറ്റങ്ങൾ അവന്റെ മുഖത്ത് സന്തോഷം നിറച്ചു.....

നടന്നു പോകുന്നതിനിടയിൽ അഞ്ജലി മറ്റാരും കാണാതെ അവനെ ഒന്ന് തിരിഞ്ഞു നോക്കി...ആ ഒരു നോട്ടം ഹരിയുടെ മനസിലും ശരീരത്തിലെ സപ്ത നാടികളിലും സ്നേഹം നിറച്ചു...

ഹരിയെ കണ്ട അഞ്ജലിയുടെ അവസ്ഥയും മറിച്ചായിരുന്നില്ല എങ്കിലും അവളുടെ ഉള്ളിലെ അതിർ വരമ്പുകൾ അവളെ തളച്ചിട്ടു ....

രാത്രി ആഗോഷങ്ങളും പൂജയും കഴിഞ്ഞു സമയം നല്ല്പ്പോലെ വൈകിയിരുന്നു...അഞ്ജലിയെ ആരോ വഴക്ക് പറയുന്നതും അവളുടെ കരച്ചിലും ഹരി കേട്ടെങ്കിലും അവ്യക്തമായി അത് കേട്ടതുകൊണ്ടു എന്താണെന്ന് അവനു മനസിലായില്ല...

രാത്രി വളരെ വൈകി കാവ് ലക്ഷ്യമാക്കി നീങ്ങുന്ന അഞ്ജലിയെ കണ്ട ഹരി അങ്ങോട്ട് നടന്നു....

പെട്ടന്ന് ഹരിയെ കണ്ട അഞ്ജലി ഒന്ന് പതറി..

“പെടികണ്ട...ഇങ്ങോട്ട് വരുന്നതു കണ്ടപ്പോൾ വന്നതാണ്...നേരത്തെ കേട്ട വഴക്കിന്റെ പരാതി പറയാൻ വന്നതാണല്ലേ”

അവിടെ പാറി കളിക്കുന്ന ഇളം കാറ്റിൽ ആടിയുലയുന്ന അഞ്ജലിയുടെ മുടിയിഴകളെ നോക്കി ഹരി ചോദിച്ചു.....മറുപടി ഒരു തേങ്ങൽ മാത്രമായിരുന്നു....

“എന്തിനാണു അഞ്ജലി ഇപ്പോളും നീ എല്ലാം ഇങ്ങനെ സഹിക്കുന്നതു....നിനക്ക് ഇപ്പോൾ ഒരു ജോലിയുണ്ട് മറ്റുള്ളവരെ പോലെ തന്നെ നിനക്കും ഈ വീട്ടിൽ അധികാരവും അവകാശവും ഉണ്ട്....അത് നിനക്ക് തരാൻ അധികാരമുള്ള ആളാണ് പറയുന്നത്...ഇനി ആരുടേയും വഴക്ക് കേൾക്കേണ്ട ആവശ്യം നിനക്കില്ല...തിരിച്ചു മറുപടി പറയാൻ നിനക്ക് കഴിയണം...”

അഞ്ജലിയുടെ മുഖത്ത് നോക്കി അത് പറയുമ്പോളും അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകുകയാണ് ....

“അഞ്ജലി കേട്ടിട്ടില്ലേ ചരിഞ്ഞു നിൽക്കുന്ന മരത്തിലെക്കെ ആളുകൾ ഓടി കയറു..അതിനു അനുവദിച്ചു കൊടുക്കാതിരിക്കു ...ഇനി അവരാരെങ്കിലും എന്തെങ്കിലും പറഞ്ഞു നിന്നെ വിഷമിപ്പിക്കാൻ വന്നാൽ തക്കതായ് മറുപടി കൊടുക്കു....കുറച്ചു കൂടി ബോൾഡ് ആകാൻ ശ്രമിക്കു...ഈ ലോകത്തിൽ പിടിച്ചു നിൽക്കാൻ അൽപ്പം വില്ലത്തരവും കൈയിൽ വേണം”

ഹരിയുടെ വാക്കുകൾ അഞ്ജലിയിൽ അളവറ്റ ആത്മ വിശ്വാസം ഉണ്ടാക്കി...എങ്കിലും അവളതു മുഖത്തണിഞ്ഞില്ല....അവളുടെ കണ്ണുകൾ അപ്പോളും നിറഞ്ഞൊഴുകുകയായിരുന്നു....

“അഞ്ജലി കരയാതിരിക്കു....നിന്റെ വിഷമം മറ്റുള്ളവരിൽ ഉണ്ടാക്കുന്ന സങ്കടം ചെറുതല്ല”

ഹരിയുടെ മുഖം വാടിയതു അഞ്ജലി കണ്ടു....അവൾ കണ്ണു നീർ തുടച്ചു...അൽപ്പ നേരം അവരുടെ ഇടയിൽ മൗനം തളം കെട്ടി നിന്നു....അകലെ നിന്നും ഒഴുകി വന്ന ഇളം തെന്നലിൽ കാവിലെ വള്ളിപടർപ്പുകൾ തെല്ലോന്നുലഞ്ഞു....ഹരി വീണ്ടും സ്നേഹം തുളുമ്പുന്ന മുഖവുമായി അഞ്ജലിയെ നോക്കി...അവന്റെ കണ്ണിൽ മിന്നി തിളങ്ങുന്ന അവളോടുള്ള സ്നേഹം അഞ്ജലിക്ക് നോക്കി നിൽക്കാൻ കഴിഞ്ഞല്ല...

“ഹരി....എന്നെ ഇങ്ങനെ നോക്കല്ലേ....എന്നെ ആ കണ്ണിലൂടെ കാണരുതെന്ന് ഞാൻ പറഞ്ഞിട്ടില്ലേ......ദയവു ചെയ്തു എന്നെ മനസിലാക്കു ഹരി..”

അഞ്ജലിയുടെ സങ്കടഭാവം വീണ്ടും മുഖത്തേക്ക് ഇരച്ചെത്തി...

“ഇല്ല അഞ്ജലി...എനിക്ക് മനസിലാകും നിന്നെ ...ഞാൻ മനസിലാക്കിയില്ലെങ്കിൽ ഈ ജന്മം അഞ്ജലിയെ ആര്‍മനസിലാക്കാൻ അല്ലെ.....അളവറ്റ സ്നേഹമാണ് നിന്നോട്...പക്ഷെ....ഹാ..സാരമില്ല...എന്നെ നിന്നിൽ അകറ്റി നിർത്തുന്നത് പ്രകൃതിയോ വിധിയോ നിയോഗങ്ങളോ അല്ലങ്കിൽ ദൈവ നിശ്ചയമോ എന്ത് തന്നെ ആയാലും എനിക്കതിനോടൊക്കെ ദേഷ്യമാണ്.”.

അഞ്ജലിയുടെ മുഖത്ത് നോക്കി അത് പറയുമ്പോൾ അഞ്ജലിയുടെയും ഹരിയുടെയും മനസുകൾ പരസ്പരം സംസാരിക്കുന്നതു പ്രകൃതി മാത്രം നോക്കി കണ്ടു...

“..ഞാൻ കാത്തിരിക്കാം അഞ്ജലി അടുത്ത ജന്മം വരെ...പക്ഷെ അപ്പോളും എന്നെ വേണ്ടാന്നു മാത്രം പറയാതിരിക്കു”

അത്രയും പറഞ്ഞുകൊണ്ട് നിറ കണ്ണുകളോടെ ഹരി അവിടെ നിന്നും നടന്നകന്നു...ഹരിയെ നോക്കി പോട്ടികരയാൻ വിതുമ്പി അഞ്ജലി നിന്നു....

“ഇനിയൊരു ജന്മമുണ്ടെങ്കിൽ നമുക്കാ സരയു തീരത്ത് കാണാം പിന്നെയും ജന്മമുണ്ടെങ്കിൽ നമുക്ക് അർദ്ദ് നാരീശ്വരനാകാം”

എവിടെ നിന്നോ ഒഴുകിയെത്തിയ ആ വരികൾ അഞ്ജലിയിൽ അലയടിച്ചു

രാവിലെ അഞ്ജലി അടുക്കള അടിച്ചു വാരി വൃത്തിയാക്കുകയായിരുന്നു.....ഓടി നടന്നു ജോലികൾ ചെയ്യുകയാണവൾ...ടീച്ചർ ആയി ജോലികയറ്റം ഹരി നൽകിയെങ്കിലും ആ വീട്ടിലെ ജോലിക്കാരി എന്ന പദവി ആരും തന്നെ അവളിൽ നിന്നും എടുതുമാറ്റിയില്ല...

അടിച്ചുവാരി ചൂൽ യഥാ സ്ഥാനത്തേക്ക് വക്കുമ്പോൾ ശിൽപ്പയും ശാരദയും സുമലതയും അങ്ങോട്ടെത്തി...

“ടി അഞ്ജലി എന്റെ മുറി എന്താ അടിച്ചു വാരഞ്ഞത്”

ശിൽപ്പയുടെ ദേഷ്യം കലർന്ന ചോദ്യമെത്തി....മറ്റുള്ളവരുടെ മുഖവും പ്രേസന്നമല്ല ...പക്ഷെ അഞ്ജലി മറുപടി പറയാതെ പുറത്തേക്കു നടക്കാൻ ഭാവിച്ചപ്പോൾ ശാരദ അവളുടെ മുന്നിലേക്കെത്തി ....

“അവള് ചോദിച്ചത് കേട്ടില്ലേ നീ”

ശാരദ അൽപ്പം ശബ്ധതോടെയാണ് അത് ചോദിച്ചത്...

“അവരവരുടെ മുറി അവർ തന്നെ തൂക്കുന്നതാണ് നല്ലത്”

അഞ്ജലി ശിൽപ്പയുടെ മുഖത്ത് നോക്കിയാണ് അത് പറഞ്ഞത്....

ശിൽപ്പയുടെ കോപം ഇരട്ടിച്ചു...അവൾ മുന്നോട്ടു കയറി നിന്നു...

“ഓഹോ നീ വലിയ ടീച്ചർ ആയപ്പോൾ ഈ തറവാട്ടിലെ വലിയ എന്തോ ആളാകാനുള്ള ശ്രമമാണോ....മര്യാദക്ക് എന്റെ റൂം അടിച്ചു വാരിയിട്ടോ”

ദേഷ്യത്താൽ പല്ലുകടിച്ചുകൊണ്ട് ശിൽപ്പ പറഞ്ഞു..

“അല്ലെങ്കിലും ടീച്ചർ ഉദ്യോഗം കിട്ടിയതിൽ പിന്നെ ഇവള്ക്കിച്ചിരി നെഗളിപ്പ കൂടുതലാ”

സുമലതയുടെ വകയായിരുന്നു അത്.. അഞ്ജലി സുമലതയെ തറപ്പിച്ചൊന്നു നോക്കി...

“ഓ പിന്നെ ഒരു വലിയ ടീച്ചർ വന്നേക്കുന്നു....അവളുടെ മുറി അടിച്ചുവാരിയ ടീച്ചറുടെ കൈയിലെ വള ഊരി പോകുമായിരിക്കും”

പുച്ഛത്തോടെ അത് പറഞ്ഞത് ശാരധയാണ് ...

“ആ ചിലപ്പോൾ ഊരിപോയെന്നെരിക്കും”

അഞ്ജലിയുടെ ആ മറുപടി പക്ഷെ അവരാരും പ്രതീക്ഷിച്ചില്ല....

ശിൽപ്പ കലികൊണ്ട് തുള്ളി..

“എന്ത് പറഞ്ഞെടി”

അത്രയും പറഞ്ഞുകൊണ്ട് ശിൽപ്പ അഞ്ജലിയുടെ മുഖത്തിന് നേരെ കൈയോങ്ങി....അഞ്ജലി വലതു കൈകൊണ്ടു ശിൽപ്പയുടെ കൈ തടഞ്ഞു പിടിച്ചു...ശാരദയും സുമലത്യം ശിൽപ്പയും അത് കണ്ടു നടുങ്ങി...അഞ്ജലിയുടെ ഈ മാറ്റം അംഗീകരിക്കാൻ അവർക്കെല്ലാം ഭയങ്കര ബുദ്ധിമുട്ടായിരുന്നു...

“വന്നതിനേക്കാൾ വേഗത്തിൽ ഈ കൈ നിന്റെ മുഖത്ത് പതിപ്പിക്കാനും എനിക്കറിയാഞ്ഞിട്ടല്ല...പക്ഷെ എന്റെ സംസാകാരം അതല്ല....മര്യാധക്കണെങ്കിൽ ഞാനും മര്യാദക്ക...അല്ലങ്കിൽ.....ഇതുവരെ ഞാൻ സഹിച്ചു ക്ഷെമിച്ചു....ഇനി അവനവന്റെ ജോലികൾ അവനവൻ തന്നെ ചെയ്താൽ മതി...എന്റെ മെക്കിട്ടു കയറാൻ വന്നാൽ...”

അഞ്ജലിയുടെ മുഖത്ത് ആദ്യമായി അവർ ദേഷ്യം കണ്ടു...അവർ മൂവരും സ്ഥബ്തരായി.....

“ഇവരുടെ വാക്കുകൾ കേൾക്കാതെ ഒരു വീട്ടിലെ ജോലികൾ എന്തൊക്കെയ എന്നൊക്കെ പഠിക്കാൻ നോക്ക്...ഇല്ലെങ്കിൽ നാളെ ഒരു വീട്ടിൽ കയറി ചെല്ലുമ്പോൾ അമ്മായിയമ്മ നിന്നെ ചൂല് കൊണ്ടാടിക്കും...ഇവിടെ പലർക്കും അത് കിട്ടാത്തതിന്റെ കുറവ് നല്ലപ്പോലെ ഉണ്ട്”

അത് പറഞ്ഞുകൊണ്ട് അഞ്ജലി സുമലതയുടെ മുഖത്തേക്ക് നോക്കി....ശിൽപ്പയുടെ കൈയിൽ നിന്നും അവൾ പിടിവിട്ടു....മൂവരും എന്ത് പറയണമെന്നറിയാതെ നിന്നു....ശിൽപ്പ കോപം കൊണ്ട് വിറച്ചു...

“ഇനി മേലാൽ നിന്റെ കൈ എന്റെ നേർക്ക് പൊങ്ങിയാൽ......മാറി നിക്കെടി”

ശിൽപ്പയെ കൈകൊണ്ടു തള്ളിമാറ്റി അഞ്ജലി അടുക്കളയിൽ നിന്നും നടന്നകന്നു...ശരധയും സുമലതയും മുഖത്തോട് മുഖം നോക്കി.....ശിൽപ്പ ചുമരിൽ ആഞ്ഞടിച്ചു....

